Reg. M. No. 2293

ഒരാപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 29 | 1955 സെപ്റ്റംബർ 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ചിങ്ങം 29 | ലക്കം 6

## നാലു സുവിശേഷങ്ങൾ


(ഫാദർ തോമസ് മണ്ണഞ്ചേരി)

ലോകൈകരക്ഷകനായ ക്രിസ്തുനാഥന്റെ ജീവചരിത്രത്തെ പരാമർശിച്ചു് രണ്ടു അപ്പസ്തോലന്മാരാലും രണ്ടു അപ്പസ്തോലശിഷ്യന്മാരാലും എഴുതപ്പെട്ട “സുവിശേഷങ്ങൾ” കത്തോലിക്കാസഭയുടെ വിലയേറിയ പ്രമാണഗ്രന്ഥങ്ങളായി കരുതി ബഹുമാനിക്കപ്പെട്ടുപോരുന്നു. കത്തോലിക്കാസഭ, ഈ നാലു സുവിശേഷങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ എഴുതപ്പെട്ട ദിവ്യഗ്രന്ഥങ്ങളായി വിശ്വസിച്ചുകൊണ്ടിരിക്കുന്നു. ചരിത്രപരമായി ഈ സുവിശേഷങ്ങൾക്കുള്ള പ്രാധാന്യം ഒരിക്കലും നിഷേധിക്കപ്പെടാൻ പാടുള്ളതല്ല. ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന സംഗതികൾ കെട്ടുകഥകളല്ലെന്നും യഥാർത്ഥ ചരിത്രമാണെന്നും പണ്ഡിതലോകം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സുവിശേഷങ്ങൾ, ദിവ്യഗ്രന്ഥങ്ങളാണെന്നു സ്ഥാപിക്കപ്പെടുന്നതു് കത്തോലിക്കാസഭയുടെ അധികാരത്തെ അടിസ്ഥാനമാക്കി മാത്രമാകുന്നു.

ഈ സുവിശേഷങ്ങൾ എഴുതപ്പെട്ട നാൾമുതൽ കത്തോലിക്കാസഭ, ഈ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ഏതെങ്കിലും ഒരു ഭാഗം ദിവ്യപൂജയിൽ വായിക്കുകയും ഇങ്ങനെ വായിക്കുന്ന സുവിശേഷഭാഗങ്ങളെ അടിസ്ഥാനമാക്കി ഞായറാഴ്ചതോറും ജനങ്ങളോടു പ്രസംഗിക്കുകയും ചെയ്യുക പതിവായിരുന്നു. സുവിശേഷം വായിക്കുമ്പോൾ വൈദികൻ സുവിശേഷപുസ്തകത്തിന്മേലും തന്റെ മേലും കുരിശിന്റെ അടയാളം വരയ്ക്കുകയും ജനങ്ങളെല്ലാവരും ഭക്തിപൂർവ്വം എഴുന്നേററുനില്ക്കുകയും ചെയ്യുന്നു. പാട്ടുകുർബാനയിൽ സുവിശേഷഗ്രന്ഥം ധൂപിക്കയും സുവിശേഷം വായിച്ചുകഴിയുമ്പോൾ എല്ലാ കുർബാനയിലും വൈദികൻ സുവിശേഷം മുത്തുകയും ചെയ്യുന്നു. സുവിശേഷഗ്രന്ഥത്തോടുള്ള ബഹുമാനവും അതിൽ അടങ്ങിയിരിക്കുന്ന ദൈവവചനങ്ങളോടുള്ള ഭക്തിയും പരസ്യമായി വെളിപ്പെടുത്താൻ വേണ്ടിയിട്ടാണു് ഈവിധമെല്ലാം പ്രവർത്തിക്കാൻ കത്തോലിക്കാസഭ നിർദ്ദേശം നൽകിയിരിക്കുന്നതു്. കത്തോലിക്കർ മാത്രമല്ല, അകത്തോലിക്കർപോലും സുവിശേഷങ്ങൾക്കു് വലിയ പ്രാധാന്യം കല്പിക്കുകയും അവ അനർഘനിക്ഷേപങ്ങളാണെന്നു സമ്മതിക്കുകയും ചെയ്യുന്നുണ്ടു്.

“സുവിശേഷങ്ങൾ” എന്ന വാക്കിന്റെ അർത്ഥം “സദ്‌വൃത്താന്തങ്ങൾ” എന്നാണു്. ലോകപരിത്രാണനാർത്ഥം ഒരു രക്ഷകൻ അവതാരംചെയ്തുവെന്നുള്ള ചരിത്രസംഭവത്തെയാണു് ഈ ദിവ്യഗ്രന്ഥങ്ങൾ എല്ലാക്കാലങ്ങളിലും വിജ്ഞാപനം ചെയ്തുകൊണ്ടിരിക്കുന്നതു്. ലോകൈകഗുരുവും പരിത്രാതാവുമായ ക്രിസ്തുവിന്റെ മഹനീയമായ തത്വോപദേശങ്ങളും സാന്മാർഗ്ഗികപ്രബോധനങ്ങളും ഈ ദിവ്യഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നു. സർവ്വോപരി, നരകുലപരിത്രാണനാർത്ഥം, ദിവ്യരക്ഷകൻ കാൽവരിമലയിൽവെച്ചു് സ്വജീവനെ ബലിയർപ്പിച്ചു ചരിത്രപ്രധാനമായ സംഭവവും ഈ സുവിശേഷങ്ങളിലെ മുഖ്യമായ പ്രതിപാദ്യവിഷയമാണു്. ക്രിസ്തുവിന്റെ പാപപരിഹാരമരണവും മരണത്തിനുശേഷം നടന്ന പുനരുത്ഥാനവും ക്രിസ്തുവിന്റെ രക്ഷണീയവേലയെ തുടന്നു് ലോകാവസാനത്തോളം നടത്തിക്കൊണ്ടിരിക്കാൻവേണ്ടി അവിടുന്നു തിരുസ്സഭയെ സ്ഥാപിച്ചു കാര്യവും മററും ഈ സുവിശേഷഗ്രന്ഥങ്ങളിൽ ഹൃദ്യമായും ലളിതമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഈ ദിവ്യഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന സംഗതികൾ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അത്യന്തം പ്രയോജനകരമായ “സദ്‌വൃത്താന്തങ്ങളാ”ണെന്നുള്ളതിനു സംശയമില്ലല്ലോ.

ഒന്നാമത്തെ സുവിശേഷകൻ അപ്പസ്തോലനായ വി. മത്തായിയായിരുന്നു. മത്തായി അപ്പസ്തോലനാകുന്നതിനുമുമ്പു് “ചുങ്കം പിരിവുകാര”നായിരുന്നു. മത്തായി ചുങ്കം പിരിച്ചുകൊണ്ടിരുന്ന സ്ഥലത്തുകൂടി ക്രിസ്തു ഒരിക്കൽ കടന്നുപോയപ്പോൾ മത്തായിയെ കണ്ടുകൊണ്ടു് “മത്തായി, നീ എന്റെ പിന്നാലെ വരിക” എന്നാജ്ഞാപിച്ചു. ഉടൻതന്നെ മത്തായി തന്റെ ജോലി ഉപേക്ഷിച്ചുംവച്ചു് ക്രിസ്തുവിന്റെ പിന്നാലെ പോയി. ക്രിസ്തു മത്തായിയെ തന്റെ പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ കൂട്ടത്തിൽ ഒരുവനായി തിരഞ്ഞെടുത്തു. ഇപ്രകാരം ചുങ്കക്കാരനായിരിക്കവേ, ക്രിസ്തുവിനാൽ അപ്പസ്തോലഗണത്തിലേക്കു വിളിക്കപ്പെട്ടവനായ മത്തായിയാണു് ക്രിസ്തുവിന്റെ ഒന്നാമത്തെ സുവിശേഷം എഴുതിയതു്. അദ്ദേഹം സുവിശേഷം എഴുതിയതു് മുഖ്യമായി യഹൂദന്മാരെ ഉദ്ദേശിച്ചായിരുന്നു. നമ്മുടെ കർത്താവു് സാക്ഷാൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനും മിശിഹായും ആകുന്നുവെന്നു് തന്നിൽ പൂർത്തിയാക്കപ്പെട്ട ദീർഘദർശനങ്ങളെ എടുത്തുകാണിച്ചുകൊണ്ടു് വി. മത്തായി തെളിയിക്കുകയാണു ചെയ്തിട്ടുള്ളതു്. വി. മത്തായിയുടെ സുവിശേഷം “സഭയുടെ സുവിശേഷം” എന്നുകൂടെയും അപരനാമത്തിൽ അറിയപ്പെടുന്നുണ്ടു്. ഈ സുവിശേഷം സഭാസ്ഥാപനത്തെപ്പററിയും വി. പത്രോസിനു വാഗ്ദാനം ചെയ്യപ്പെട്ട പരമാധികാരത്തെപ്പററിയും വ്യക്തമായി പ്രസ്താവിക്കുന്നു. ഈ സുവിശേഷം അവസാനിക്കുന്നതു് ക്രിസ്തു സഭയ്ക്കു നൽകിയ അധികാരത്തേയും ലോകമെല്ലായിടത്തും സുവിശേഷം പ്രസംഗിക്കാൻ ചുമതലപ്പെടുത്തിക്കൊണ്ടു് നൽകിയ കല്പനയേയും പററി പ്രസ്താവിച്ചുകൊണ്ടാണു്. “സ്വർഗ്ഗത്തിലും ഭൂമിയിലും എനിക്കു സമസ്താധികാരവും സിദ്ധിച്ചിരിക്കുന്നു. പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും പ്രബോധിപ്പിക്കുവിൻ...... കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കുന്നു.”



വാഴക്കുളം സെന്റ ജോർജ്ജ്സ് ആശുപത്രി

ആഗസ്റ്റ് 28-ാംതീയതി മന്ത്രി മി. റഹിം ഉൽഘാടനം ചെയ്തു.

രണ്ടാമത്തെ സുവിശേഷകനായ വി. മർക്കോസ് വി. പത്രോസിന്റെ ശിഷ്യനും സിക്രട്ടറിയുമായിരുന്നു. വി. പത്രോസിന്റെ പ്രസംഗത്തിൽനിന്നും കേട്ട സംഗതികളെ അടിസ്ഥാനമാക്കിയാണു് മർക്കോസ് സുവിശേഷം എഴുതിയതു്. റോമയിലെ ക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരമാണു് മർക്കോസ് സുവിശേഷം എഴുതുന്നതിനു് പ്രേരിതനായിത്തീർന്നതു്. ഈ സുവിശേഷത്തിൽ ക്രിസ്തുവിന്റെ അനേകം അത്ഭുതങ്ങളെപ്പററി പ്രസ്താവിച്ചുകൊണ്ടു് ദൈവപുത്രനായ ക്രിസ്തുവിന്റെ ശക്തിയേയും മഹത്വത്തേയും സുവിശേഷകൻ വിശേഷവിധിയായി വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്. സകലമാനജനങ്ങളും സുവിശേഷം വിശ്വസിച്ചു് ജ്ഞാനസ്നാനം സ്വീകരിക്കേണ്ടതു് ആവശ്യമാണെന്നും വിശ്വസിക്കാത്തവർ ശിക്ഷായോഗ്യരായിത്തീരുമെന്നും ഈ സുവിശേഷം ഗൗരവമായി മുന്നറിയിപ്പു നൽകിയിരിക്കുന്നു.

മൂന്നാമത്തെ സുവിശേഷകൻ വി. ലൂക്കാ ആയിരുന്നു. അദ്ദേഹം വി. പൗലോസിന്റെ ശിഷ്യനും സഹപ്രവർത്തകനും ആയിരുന്നു. വി. പൗലോസിന്റെ സുവിശേഷപ്രസംഗത്തെ അടിസ്ഥാനമാക്കിയാണു് വി. ലൂക്കാ സുവിശേഷം എഴുതിയതു്. വി. ലൂക്കായുടെ സുവിശേഷം “കാരുണ്യത്തിന്റെ സുവിശേഷം” എന്നുകൂടെയും വിളിക്കപ്പെടാറുണ്ടു്. എന്തെന്നാൽ ഈ സുവിശേഷത്തിൽ ക്രിസ്തുവിന്റെ അന്യാദൃശമായ കരുണയേയും സ്നേഹത്തേയും വെളിപ്പെടുത്തുന്ന അനേകം അന്യാപദേശങ്ങളും കഥകളും സംഭവങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. ശേഷം മൂന്നു സുവിശേഷകന്മാരും ഈ ഭാഗം വിട്ടുകളകയാണു് ചെയ്തിട്ടുള്ളതു്. ധൂർത്തനായ പുത്രന്റെ കഥ, നല്ല ഇടയന്റെ ദൃഷ്ടാന്തം, നല്ല ശമ്രായക്കാരന്റെ കഥ, കുരിശിൽ തൂങ്ങിയ നല്ല കള്ളനു ലഭിച്ച അനുഗ്രഹം എന്നിങ്ങനെ ഹൃദയസ്പൃക്കായ അനേകം സംഗതികൾ ഈ സുവിശേഷത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മററു സുവിശേഷകന്മാർ ആരും രേഖപ്പെടുത്തിയിട്ടില്ലാത്ത വേറെയും ചില പ്രധാന സംഗതികൾ ക്രിസ്തുവിനെ സംബന്ധിച്ചു് വി. ലൂക്കായുടെ സുവിശേഷത്തിൽ പ്രതിപാദിച്ചിട്ടുള്ളതായി കാണാൻ കഴിയും. ക്രിസ്തുവിന്റെ മനുഷ്യാവതാരവും ജനനവും സംബന്ധിച്ച വിശദവിവരങ്ങൾ ഈ സുവിശേഷത്തിൽ മാത്രമാണു് പ്രസ്താവിച്ചുകാണുന്നതു്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യഭാഗം “മറിയത്തിന്റെ സുവിശേഷം” എന്നുകൂടെയും വിളിക്കപ്പെടുന്നുണ്ടു്. എന്തെന്നാൽ, ഈ സുവിശേഷകനു് ക്രിസ്തുവിന്റെ മനുഷ്യാവതാരം, ജനനം മുതലായ കാര്യങ്ങളെപ്പററിയുള്ള വിശദവിവരങ്ങൾ പ. കന്യകയിൽനിന്നും നേരിട്ടു സിദ്ധിച്ചുവെന്നാണു് വിശ്വസിക്കേണ്ടിയിരിക്കുന്നതു്.

നാലാമത്തെ സുവിശേഷകനായ വി. യോഹന്നാൻ ക്രിസ്തുവിന്റെ വാത്സല്യശിഷ്യനായിരുന്നു. എഫേസൂസിലെ ക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരമാണു് വി. യോഹന്നാൻ സുവിശേഷം എഴുതിയതു് എന്നാണു് ഐതിഹ്യം. വി. യോഹന്നാൻ സുവിശേഷം എഴുതിയതു് എന്തിനുവേണ്ടിയാണെന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. “ഈശോമിശിഹാ ദൈവപുത്രനാകുന്നുവെന്നു് നിങ്ങൾ വിശ്വസിക്കുന്നതിനും ഇതു വിശ്വസിക്കുന്നതുമൂലം തന്റെ നാമത്തിൽ നിങ്ങൾക്കു നിത്യരക്ഷ സിദ്ധിക്കുന്നതിനുംവേ

ണ്ടിയാകുന്നു ഈ സുവിശേഷം എഴുതപ്പെട്ടതു്" എന്നത്രെ തൽകർത്താവു് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു്. ഈ സുവിശേഷം മനുഷ്യനായി അവതരിച്ച "ദൈവവചനം"വഴിയായി നമുക്കു് നൽകപ്പെട്ടിരിക്കുന്ന "ദൈവികജീവന്റെ സുവിശേഷം" എന്ന പേരിലാണു് അറിയപ്പെടുന്നതു് ഈ സുവിശേഷത്തിൽ മുഖ്യമായി മനുഷ്യനായി അവതരിച്ച "ദൈവവചനം" ആയ ക്രിസ്തുവിനെ നമ്മുടെ പഠനത്തിനും ധ്യാനത്തിനും അനുകരണത്തിനും ഉള്ള വിഷയമായി സുവിശേഷകൻ കാണിച്ചുതരുന്നു.

ഈ നാലു സുവിശേഷങ്ങൾ ക്രിസ്തു ലോകരക്ഷകനും ദൈവവും ആകുന്നുവെന്നു് അസന്നിഗ്ധമായി തെളിയിക്കുന്നു. ക്രിസ്തു തന്നെപ്പറ്റി പ്രസ്താവിച്ചിട്ടുള്ള വാക്കുകൾ ഇതിലേക്കു് മുഖ്യമായ തെളിവുകളായി സ്വീകരിക്കാവുന്നതാണു്. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ലാ." "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ വഴിയായിട്ടല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു പോകുന്നില്ല. അബ്രാഹം സൃഷ്ടിക്കപ്പെടുന്നതിനു മുൻപു ഞാൻ ആകുന്നു." "ഞാനും പിതാവും ഒന്നാകുന്നു." "നിങ്ങൾക്കു ജീവൻ ഉണ്ടാകാൻ വേണ്ടിയും അതു ധാരാളമായി നിങ്ങൾക്കു് സിദ്ധിക്കാൻവേണ്ടിയും ഞാൻ വന്നു." ഈ വാക്കുകൾ ദൈവത്തിനല്ലാതെ വേറെ ആർക്കും തന്നെപ്പറ്റി ഉപയോഗിക്കാൻ പാടില്ലെന്നു് സ്വയം സ്പഷ്ടമാണല്ലോ. ക്രിസ്തു ദൈവമാണെന്നുള്ള വാദത്തെ ബഹുജനസമക്ഷം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടു് തെളിയിച്ചു. തളർവാതം പിടിപെട്ടു കൈകാലുകൾ അനക്കാൻ വയ്യാതെ കട്ടിലിൽ വഹിച്ചുകൊണ്ടുവരപ്പെട്ട മനുഷ്യനോടു് "നീ, എഴുന്നേറ്റു നിന്റെ കട്ടിലും എടുത്തുകൊണ്ടു് വീട്ടിലേക്കു പൊയ്ക്കൊൾക" എന്നു് അവിടുന്നു കല്പിച്ചു. ഉടൻ തളർവാതക്കാരൻ എഴുന്നേറ്റു് അവന്റെ കട്ടിലും എടുത്തുകൊണ്ടുപോയി. ഒരു വിധവയുടെ പുത്രൻ മരിച്ചുപോയതിനാൽ അവനെ സംസ്കരിക്കാൻ മൃതശരീരം ശവമഞ്ചത്തിൽ വഹിച്ചുകൊണ്ടുപോയപ്പോൾ ക്രിസ്തു ശവമഞ്ചത്തെ സമീപിച്ചുകൊണ്ടു് "യുവാവെ, നീ എഴുന്നേററുവരിക" എന്നു പറഞ്ഞു. ഉടൻ മരിച്ചുപോയ ആൾ എഴുന്നേററു് സംസാരിക്കാൻ തുടങ്ങി. അവനെ അവന്റെ അമ്മയ്ക്കു അവിടുന്നു ഏല്പിച്ചുകൊടുത്തു. പിശാചു ബാധിതരിൽനിന്നും പിശാചുക്കൾ വിട്ടുപോകണമെന്നു് അവിടുന്നു് ആജ്ഞാപിച്ചു. ഉടൻ പിശാചുക്കൾ ഭയത്തോടുകൂടി അവരിൽനിന്നു് അകന്നുപോയി. ഇങ്ങനെ ക്രിസ്തുനാഥൻ പ്രവർത്തിച്ച അസംഖ്യം അത്ഭുതങ്ങൾ അവയുടെ സാഹചര്യങ്ങളോടുകൂടി സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ അത്ഭുതങ്ങളിൽ മിക്കവയും മനുഷ്യരുടെ ദുരിതങ്ങളിൽ അവരെ ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി ക്രിസ്തു തന്റെ കാരുണ്യാധിക്യം നിമിത്തം പ്രവർത്തിച്ചിട്ടുള്ളവയാകുന്നു.

ഈ അത്ഭുതങ്ങൾ അവിടുന്നു് പ്രകൃതിയുടെ നാഥനാകുന്നുവെന്നും ആയുസ്സിന്റെയും മരണത്തിന്റെയും കർത്താവാകുന്നുവെന്നും സർവ്വസൃഷ്ടികളും തനിക്കു് കീഴ്പ്പെട്ടിരിക്കുന്നുവെന്നും നിസ്സംശയമായി തെളിയിച്ചു. മനുഷ്യരോടു് അവിടുന്നു് വളരെ കരുണയും സഹതാപവും ഉള്ളവനാണെന്നു് സുവിശേഷഗ്രന്ഥങ്ങൾ വിളിച്ചു




അദ്ധ്യായം 9 (തുടർച്ച)

## 'നിങ്ങളുടെ പിതാവു കൃപാലുവാകുന്നതു പോലെ നിങ്ങളും കൃപാലുക്കളാകുവിൻ'

(വി.സി. ജോർജ് ബി. എ. എൽ.ററി.)

ബഥാനിയായിൽ ലാസറസും സഹോദരിമാരും ഉന്മേഷചിത്തരായി വസിച്ചു. വസന്തകാലമാകുമ്പോൾ ഗുരു യെറുശലേമിൽ എത്തുമെന്നു് കേട്ടതിനാൽ അദ്ദേഹത്തെ കാണുവാൻ അവർ തത്രപ്പെട്ടു.

"അവിടുന്നു നമ്മളോടുകൂടി കുറെക്കാലം താമസിക്കുമായിരിക്കും." ഗുരുവിനെ ഏതുവിധം സ്വീകരിച്ചു സല്ക്കരിക്കണമെന്നുള്ള ആലോചനയിൽ മർത്താ പ്രസ്താവിച്ചു.

"അവിടുന്നു ദേവാലയത്തിൽ മതോപദേശം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടു്. പുരോഹിതന്മാരെ വിവാദത്തിനു ക്ഷണിക്കുവാനും ഇടയുണ്ടു്. അവിടുത്തെ എതിർവദിക്കുവാൻ അവർക്കു സാധിക്കുകയില്ലാ" ലാസാറസ് പറഞ്ഞു.

"അവിടുന്നു് ദീനരേയും ദരിദ്രരേയും സമാശ്വസിപ്പിക്കും;" അന്തഃപ്രകാശംകൊണ്ടു് ജ്വലിച്ച നീലനയനങ്ങൾ തിളങ്ങുകയിൽ മറിയ അഭിപ്രായപ്പെട്ടു.

"പുരോഹിതന്മാരെ സ്വാഭിപ്രായത്തിലെത്തിക്കുവാൻ അവിടുത്തേക്കു് സാധിക്കുമെന്നു തോന്നുന്നില്ലാ. കാര്യം ഗ്രഹിക്കണമെന്നാഗ്രഹമില്ലാത്ത കൂട്ടരാണല്ലോ അവർ. അവരോടു് വിവാദത്തിലേർപ്പെടുന്നതും നന്നായിരിക്കുകയില്ല. തങ്ങൾക്കു കഴിവുള്ള വിധത്തിലെല്ലാം ഗുരുവിനെ ഉപദ്രവിക്കുവാൻ അവർ ഉദ്യമിക്കുന്നുണ്ടെന്നാണെനിക്കു തോന്നുന്നതു്" ജോസഫ് പ്രതിപാദിച്ചു.

"നിങ്ങൾക്കു പുരോഹിതന്മാരോടു പക്ഷമില്ലേ? ഏതായാലും ഗുരുവിനെ നിരോധിക്കുവാൻ ആർക്കാണു് സാധിക്കുക?" ലാസറസ് ചോദിച്ചു.

"സ്നേഹിതാ, നിങ്ങൾ വിചാരിക്കുന്നപടി സംഗതികൾ നടക്കട്ടെ എന്നു് ഞാൻ ആശംസിക്കുന്നു." ജോസഫ് അനാസ്ഥാപൂർവ്വം സമാധാനം നൽകി.

"സ്നേഹിതനെന്തുപററി? ഇന്നു ഏതാണ്ടു് കുഴഞ്ഞുമറിഞ്ഞ രീതിയിലാണല്ലോ ഭാവം. ഈ അനാസ്ഥയ്ക്കും നൈരാശ്യത്തിനും കാരണമെന്തായിരിക്കാം?" ലാസാറസ് അന്വേഷിച്ചു.

അരിമത്ത്യൻ പ്രഭാതത്തിലെ അനുഭവങ്ങൾ വിസ്തരിച്ചുപറഞ്ഞു. ശ്രോതാക്കൾ മൂവരും ചകിതരായി. ഹിംസയും അക്രമവും അവർക്കു പരിചിതമായിരുന്നില്ല. പക്ഷെ, ദരിദ്രനും നിസ്സഹായനും നിർല്ലോഷിയുമായ ഒരു ബാലൻ ഒരു ഭടന്റെ ഹസ്തപ്രാപ്യനായി എന്നതുകൊണ്ടുമാത്രം അരിഞ്ഞു താഴെ വീഴുക, ഭീകരമായി അവർക്കു തോന്നി.

"സനാതനൻ സ്വജനത്തെ നിത്യം പരിത്യജിച്ചുവെന്നു വരികയില്ലാ." ആശ്വാസത്തിനായി ലാസറസ് അഭിപ്രായപ്പെട്ടു. എന്നാൽ ലാസറസിന്റെ വാക്കുകൾ ജോസഫിന്റെ ഹൃദയത്തിൽ ഏശിയില്ലാ. സഹോദരനെ ഏതെങ്കിലും വിധത്തിൽ പിൻതാങ്ങുവാൻ മർത്തായാകട്ടെ മറിയയാകട്ടെ ശ്രമിച്ചുമില്ലാ. ആരും ഒന്നും പറയാതെ എല്ലാവരും ഉന്മേഷരഹിതരായി കഴിഞ്ഞു. അപ്പോൾ വാതിൽ പെട്ടെന്നു് തുറക്കുകയും ശാലയിലേക്കു ബലിഷ്ഠനായ ഒരാൾ പ്രവേശിക്കുകയും ചെയ്തു. കതകു തുറന്നപ്പോൾ മുറിയിൽ പ്രവേശിച്ച ശീതവായു കൽക്കരിച്ചട്ടികളിൽനിന്നു പുറപ്പെട്ട ചൂടു് കുറച്ചു. ആഗതൻ "സമാധാനം" ഉച്ചരിച്ചു. മുഖാവരണം പിമ്പോട്ടു മറിച്ചിട്ടപ്പോൾ അയാളുടെ ശ്മശ്രുലമുഖം ദൃശ്യമായി. ആൾ ബറാബാസ് ആയിരുന്നു. ലാസറസും ജോസഫും പെട്ടെന്നെണീററു് ആഗതനെ വിസ്മയപൂർവ്വം ഉററുനോക്കി. അവർ മാഗ്ദാലായിൽ വച്ചൊരിക്കൽ ബറാബാസിനെ കണ്ടിട്ടുണ്ടായിരുന്നുവല്ലോ.

"പട്ടണത്തിനിത്രയടുത്തു സഞ്ചരിക്കുന്ന താൻ ധീരൻതന്നെ ബറാബാസ്" ലാസറസ് പറഞ്ഞു.

ആഗതൻ അവജ്ഞാദ്യോതകമായി ആംഗ്യം കാണിച്ചു;

"എനിക്കാപത്തൊന്നും വരാനില്ലാ. പട്ടണത്തിലേക്കുള്ള വഴികളിലെല്ലാം എന്റെ ആളുകൾ കാവലുണ്ടു്. ഞാൻ എവിടെയാണെന്നവർക്കറിയുകയും ചെയ്യാം."

"പിന്നെ ഇവിടെ വന്നതു്?" ലാസറസ് ചോദിച്ചു.

"ഞാനാരാണെന്നു നിങ്ങൾക്കു് മനസ്സിലായല്ലോ. എന്റെ

ഒന്നെയും പിടിക്കാത്തവർക്കു്.
നീരിറക്കം.
എണ്ടൽ.
താരൻ.
മൊരിച്ചുണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കു.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.

രക്ഷയ്ക്കുവേണ്ടി നിങ്ങൾക്കുള്ള ശ്രദ്ധയിൽനിന്നു ഞാനതു ഗ്രഹിച്ചു. ഞാൻ അപേക്ഷയുമായി നടക്കാറില്ലെന്നും ആവശ്യമുള്ളതു ചോദിച്ചുവാങ്ങുകയോ കരസ്ഥമാക്കുകയോ ആണു് എന്റെ പതിവെന്നും നിങ്ങൾക്കറിയാം. എങ്കിലും ഞാൻ ഒരപേക്ഷയുംകൊണ്ടാണു് നിങ്ങളെ സമീപിക്കുന്നതു്. എന്റെ ആളുകളിൽ ഒരുവൻ — ഞാൻ പ്രത്യേകം സ്നേഹിക്കുന്നൊരാൾ — കട്ടിയായി പരുക്കേററിരിക്കുന്നു. റോമൻഭടന്മാരുമായുണ്ടായ ഒരേററുമുട്ടലിൽ അപകടം പററി വളരെയധികം വേദനയനുഭവിക്കുകയാണു്. അടുത്തെങ്ങും അയാളെ കിടത്തി ശുശ്രൂഷിക്കത്തക്കവണ്ണം ഞങ്ങൾക്കു പാളയമില്ലാ. സുരക്ഷിതമായ സ്ഥലത്തെത്തുവാൻ ഒട്ടുവളരെ ദൂരം സഞ്ചരിക്കണം. അതിനിടയിൽ ജീവാപായം നേരിട്ടെന്നും വരാം. അതുകൊണ്ടത്രെ, ലാസറസ്, നിങ്ങളുടെ സ്ഥലത്തെവിടെയെങ്കിലും കിടത്തി അയാളെ ശുശ്രൂഷിക്കാൻ സൗകര്യം തരേണമെന്നപേക്ഷിച്ചു് ഞാൻ വന്നിരിക്കുന്നതു്. അധികമൊന്നും ഞാൻ ആവശ്യപ്പെടുന്നില്ലാ. ഈ തണുപ്പുകാലത്തു് ഏതെങ്കിലും ചൂടുള്ള ഒരിടംമാത്രം. അല്ലെങ്കിൽ അയാളുടെ ആയുസ്സു് നഷ്ടപ്പെട്ടേക്കാം. വല്ല കുതിരലായവും—"

ബറാബാസിന്റെ സംസാരം നിറുത്തുവാൻ ആംഗ്യം കാണിച്ചിട്ടു് ലാസറസ് പറഞ്ഞു: "ആ സാധുവിനു് സ്വാഗതം. അകത്തേക്കുതന്നെ കൊണ്ടുവരട്ടെ. കുതിരലായത്തിൽ കിടത്തിയല്ലാ അയാളെ ശുശ്രൂഷിക്കേണ്ടതു്. വീട്ടിൽതന്നെ അയാൾക്കു സ്ഥലമുണ്ടു്."

"ലാസറസ്, വളരെ നന്ദി. ഇത്രയും ഞാൻ ആശിച്ചിരുന്നില്ലാ. അയാളുടെ ശുശ്രൂഷയ്ക്കായി ഒരാളെ ഇവിടെ ആക്കിയേക്കാം."

"അതിനാവശ്യമില്ലാ. ഞങ്ങൾ ഇവിടെയുള്ള വർ തന്നെ ആ ജോലി സസന്തോഷം നിർവഹിച്ചുകൊള്ളാം. യാതൊന്നിന്റെയും കുറവുണ്ടാകുകയില്ലാ അയാൾക്കു്."

"നന്ദി, വളരെ നന്ദി, വല്ലപ്പോഴുമൊക്കെ വന്നു് അയാളുടെ സ്ഥിതിയെപ്പററി അന്വേഷിക്കാമോ?"

"അതിനൊരു വിരോധവുമില്ല. പക്ഷെ, നിങ്ങളുടെയും ഞങ്ങളുടെയും രക്ഷയ്ക്കു് ആ കാര്യം രാത്രിയിൽ ആയാൽ കൊള്ളാം. മർത്താപെങ്ങൾ അയാൾക്കുള്ള സമുചിതസ്ഥലം നിശ്ചയിച്ചുതരും."

മർത്താ ഇത്രയും പറയുന്നതിനു മുമ്പുതന്നെ സ്ഥലം വിട്ടിരുന്നു. ബറാബാസ് മടങ്ങിപ്പോകുവാൻ തിരിഞ്ഞു. ഒരു നിമിഷം അനിശ്ചിതാവസ്ഥയിൽ കഴിച്ചിട്ടു ലാസറസിനോടായി പറഞ്ഞു: "ലാസറസ്, ഒരു കാര്യംകൂടി പറയണമെന്നു തോന്നി; നിങ്ങൾ ഞങ്ങളുടെ പ്രസ്ഥാനത്തിനനുകൂലിയല്ലാ, പക്ഷെ, പ്രതികൂലി എന്ന നിലയിൽ നിങ്ങളുടെ ഔദാര്യം പ്രത്യേകം അഭിനന്ദനാർഹമാണു്."

"അപകടത്തിൽപെട്ട ഒരു സാധുവിനെ സഹായിക്കുന്ന കാര്യവും പ്രസ്ഥാനവുമായി എന്തു ബന്ധം? നാം നമ്മുടെ ശത്രുക്കളെയും സഹായിക്കേണ്ടതാണു്."

"ഈശോറാബി അപ്രകാരമാണുപദേശിക്കുന്നതെന്നെ നീ കറിയാം."

"അതെ നമ്മുടെ പിതാവു് കൃപാലുവായിരിക്കുന്നതുപോലെ നമ്മളും കൃപാലുക്കളായിരിക്കണമെന്നും ഗുരു ഉപദേശിക്കുന്നു."

"അതെ, ഈ നസ്രായൻ ഈശോയെപ്പററി പറയുവാനാണു് ഞാൻ നിന്നതു്. നിങ്ങളുടെ ഉപകാരത്തിനു ഒരുപ്രത്യുപകാരം. നിങ്ങൾക്കു അദ്ദേഹത്തെ വളരെ ബഹുമാനമാണെന്നെനിക്കറിയാം. അദ്ദേഹത്തിനൊരു മുന്നറിയിപ്പു കൊടുക്കണം. അദ്ദേഹത്തിന്റെ തലയ്ക്കു വില കൊടുക്കുവാൻ പുരോഹിതർ തയ്യാറാണു്. ധനം കൊതിച്ചു് അദ്ദേഹത്തെ പിടിക്കുവാൻ പലരും ഒരുമ്പെടാവുന്നതുമത്രെ. അദ്ദേഹമെവിടെയാണെന്നെനിക്കു നിശ്ചയമില്ല. നിങ്ങൾക്കറിയാമായിരിക്കും. അപകടമുണ്ടെന്നൊരറിയിപ്പു കൊടുത്തേക്കുക. മരണത്തോളം വരാവുന്ന കാര്യമാണു്. ദൈവാലയത്തിനു വളരെ നീണ്ട കൈയാണുള്ളതു്."

"ബറാബാസ്", വളരെ ഉപകാരം. നിങ്ങളുടെ ആളുകളിൽനിന്നു ഗുരുവിനെന്തെങ്കിലും ആപത്തു് ശങ്കിക്കേണ്ടതുണ്ടോ?"

ബറാബാസ് അല്പനേരം ആലോചിച്ചു. അനന്തരം പറഞ്ഞു: "ഇല്ല, ഞങ്ങളിൽ നിന്നൊന്നു




# ചെറുകഥ

## തകന്ന പ്രതീക്ഷകൾ

[തൃക്കൊടിത്താനം ചാക്കോ]

"മായുകില്ല നീ, മായുകില്ല നീ മാമകാശയിലെന്നുമേ....."

സുഖമധുരമായ ഈ ഈരടികൾ എന്റെ ചെവികളിൽ അലതല്ലി. ആ ഗ്രാമത്തിന്റെ ഏതോ ഒരു കോണിൽനിന്നും, നിശയുടെ തന്ത്രികളെ ചലിപ്പിച്ചുകൊണ്ട് മുരളിയിൽക്കൂടി ആ ഗാനം ഒഴുകിവരികയാണ്. ആ ഗാനമാധുരിയിൽ അല്പസമയം ഞാൻ മതിമയങ്ങി ഇരുന്നുപോയി. ആ ഗ്രാമവാസികളെ എല്ലാംതന്നെ സുഖനിദ്രയിൽ ആറാടിക്കുവാൻ എന്നോണം ദിവസവും ഈ ഗാനവീചി മുരളിയിൽക്കൂടി കേൾക്കാം. ഈ ശോകഗാനം ഒഴുകിവരുന്ന ഉറവിടം കണ്ടുപിടിക്കുകതന്നെ എന്നു ഞാൻ തീരുമാനിച്ചു. ഞാൻ കതകുതുറന്നു പുറത്തേക്കു നോക്കി.

ഹാ! എന്തൊരു പൂനിലാവ്! പൂർണ്ണത പ്രാപിച്ച ചന്ദ്രൻ ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നു. ഗ്രാമത്തിൽ തലയെടുത്തു നില്ക്കുന്ന വൃക്ഷങ്ങളും, കുലംകുത്തിപ്പായുന്ന അരുവികളും, പച്ചിലകളോടു കുശലം പറയുന്ന കാട്ടുകുസുമങ്ങളും, ഇടതിങ്ങിവളരുന്ന കുറ്റിച്ചെടികളും, എന്നുവേണ്ട ആ ഗ്രാമം മുഴുവനും ചന്ദ്രപ്രഭയേറ്റു പ്രശോഭിച്ചു.

ഗ്രാമവാസികളെല്ലാവരുംതന്നെ ഉറങ്ങിക്കഴിഞ്ഞു.

പക്ഷേ! അപ്പോഴും ആ ശോകഗാനം നിലച്ചിട്ടില്ല. ആ മുരളീനാദത്തെ ലക്ഷ്യമാക്കി ഞാൻ മുന്നോട്ടുനീങ്ങി.

ഞാൻ നടന്നടുക്കുന്തോറും ആ ഗാനം സ്പഷ്ടമായി കേട്ടുതുടങ്ങി. ആ പുഴയരികിൽതന്നെ എന്നു ഞാൻ ഉറച്ചു. എന്റെ ഉദ്ദേശ്യം തെറ്റിയില്ല. അതേ! ... മണൽപ്പരപ്പിൽ ഒരു യുവാവാണ് ഇരിക്കുന്നതെന്ന് എനിക്കൊരു തോന്നൽ ... ഞാൻ എന്റെ വേഗത വർദ്ധിപ്പിച്ചു. എന്തൊരു കോമളത്വം! ഉദ്ദേശം മുപ്പതു വയസ്സു പ്രായം വരും. ആ തുടുത്ത കവിൾത്തടത്തെ ഏതോ ഒരു ദുഃഖത്തിന്റെ പ്രതിച്ഛായ മൂടിയിരിക്കുന്നു......ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നു നിന്നു. ആ ശോകരസംനിറഞ്ഞ ഗാനത്തിന്റെ അവസാന ഈരടികളും തീർന്നു. അദ്ദേഹം അല്പസമയം ധ്യാനനിരതനായി കഴിഞ്ഞശേഷം എന്റെ അടുക്കൽ ഇടറിയസ്വരത്തിൽ പറഞ്ഞു:

"ഇരിക്കൂ സഹോദരാ."

ഞാൻ അദ്ദേഹത്തിന്റെ സമീപത്തിരുന്നു. അദ്ദേഹം എന്നോടു ചോദിച്ചു:

"എവിടെനിന്നു വരുന്നു?"

ഞാൻ എന്റെ ഗ്രാമത്തിന്റെ പേരു പറഞ്ഞു.

"പേര്............?"

അതിനും ഞാൻ ഉത്തരം നൽകി.

"ഈ പാതിരാക്കു ഇങ്ങോട്ടു വന്നത് ..?"

"ഈ ഗാനമാധുരി ആസ്വദിക്കുവാൻ."

ഞങ്ങൾ സ്വല്പസമയത്തേക്കു മൂകത അവലംബിച്ചു...

ആ മൂകതയെ ഭേദിച്ചുകൊണ്ട് ഞാൻ ചോദിച്ചു: "പേര്...?"

"രാജൻ..."

"ജോലി...?"

"ഡോക്ടർ...," എന്നദ്ദേഹം മറുപടി നൽകി.

"എവിടെയാണ് അങ്ങയുടെ ജോലി?

"ഈ പട്ടണത്തിൽതന്നെ."

"ദിവസവും ഈ പുഴയരികിലിരുന്ന്, ഈ മുരളിയിൽക്കൂടി ശോകരസം കലർന്ന ഈ ഗാനം തന്നെ ആലപിക്കുന്നതിനു പ്രത്യേകകാരണം വല്ലതുമുണ്ടോ?"

**For favours received**



Mrs. Mary Sebastian
Trichur

"ഓ ഒന്നുമില്ല. വെറും മനഃസുഖത്തിനു്."

"എന്ത്, മനഃസുഖത്തിനോ?"

"അതേ, മനഃസുഖത്തിനുതന്നെ."

"താങ്കൾക്കു മനഃസുഖം ഇല്ലാത്തതിന്റെ കാരണം...? അങ്ങു വിവാഹിതനല്ലയോ...?"

എന്റെ ഈ ചോദ്യത്തിനുത്തരമായി ഒരു ദീർഘനിശ്വാസം മാത്രം.

എന്റെ ജിജ്ഞാസ വർദ്ധിച്ചു. ഞാൻ വീണ്ടും ചോദ്യം ആവർത്തിച്ചു.

"അങ്ങു വിവാഹിതനല്ലയോ?

"അതേ."

ചുരുങ്ങിയ രണ്ടക്ഷരംകൊണ്ടു അദ്ദേഹം അതു പൂർത്തീകരിച്ചു.

"പിന്നെ ആ യുവതിയെ വീട്ടിലിരുത്തിയിട്ട് അങ്ങുമാത്രം മനഃസുഖത്തിനുവേണ്ടി ഈ പുഴയരികിൽ വന്നിരിക്കുന്നതു ശരിയാണോ?"

"ശരിയല്ലഎന്നെനിക്കറിയാം, പക്ഷേ........"

"എന്താ പക്ഷേ...പൂർത്തിയാക്കൂ ഡോക്ടർ." ഞാൻ ആകാംക്ഷയോടുകൂടി പറഞ്ഞു.

"അതാ, അവൾ അവിടെ ഉണ്ട്" അദ്ദേഹം ചൂണ്ടിക്കാണിച്ചു.

"അയ്യോ! അതൊരു ശ്മശാനമാണല്ലോ."

"അതേ, ആ ശ്മശാനത്തിൽ കാണുന്ന ആ ശവക്കല്ലറയിൽ എന്റെ "സൂസി" അന്ത്യവിശ്രമം കൊള്ളുകയാണ്."

മാർബിൾക്കല്ലുകളാൽ പരിഷ്കൃതമായി പണികഴിപ്പിച്ചിട്ടുള്ള ആ ശവകുടീരം ചന്ദ്രപ്രഭയേറ്റ് മിന്നിത്തിളങ്ങുന്നതു എനിക്കു കാണാമായിരുന്നു.

അദ്ദേഹം തുടർന്നു: "ആ എന്റെ പ്രേമഭാജനത്തോടു എനിക്കുള്ള കടപ്പാടു പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതിലേക്ക്—അതേ, ശേഷിച്ച എന്റെ ജീവിതം മുഴുവൻ അവൾക്കുവേണ്ടി ഞാൻ ജീവിക്കുകയാണ്."

ഞാൻ ജിജ്ഞാസാഭരിതനായി. "ഡോക്ടർ ആ വേദനനിറഞ്ഞ കഥ എന്നോടു പറയുവാൻ ദയവുണ്ടാകുമോ?"

ആ ശോകസമ്പൂർണ്ണമായ കഥ പറയുമ്പോൾ അദ്ദേഹത്തിന്റെ ഭാവവ്യത്യാസങ്ങൾ കാണുവാൻ ശക്തിയില്ല എന്നു തോന്നുമാറ് ചന്ദ്രബിംബം കാർമേഘപടലങ്ങളാൽ മൂടപ്പെട്ടു. ഒരു നേരിയ ഇരുട്ട് അന്തരീക്ഷത്തിൽ വ്യാപിച്ചുകഴിഞ്ഞു.

അദ്ദേഹം പറഞ്ഞു: "സഹോദരാ, അതൊരു ശോകകഥയാണ്. കണ്ണുനീരിൽക്കൂടി മാത്രമേ എനിക്കതു പറയുവാനും താങ്കൾക്ക് അതു കേൾക്കുവാനും സാധിക്കൂ. എന്നെ ഇഞ്ചിഞ്ചായി കാർന്നുതിന്നുകൊണ്ടിരിക്കുന്ന ആ സംഭവം താങ്കൾ അറിയേണ്ടാ, അതറിയാതിരിക്കുകയാണു ഭേദം."

ഞാൻ വീണ്ടും നിർബന്ധിച്ചു. ഒടുവിൽ അദ്ദേഹം അതു പറയുവാൻ ആരംഭിച്ചു.

"ഞാൻ മദ്രാസ് മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ "സൂസി"യെ കാണുന്നതിനിടയായി. അവളുടെ സൗന്ദര്യം—അതു മാദകത്വം നിറഞ്ഞതല്ലായിരുന്നു. ഒരു സ്വർഗ്ഗീയാനുഭൂതി അതിൽ ദൃശ്യമായിരുന്നു. കാലത്തിന്റെ വഴിത്തിരിവിൽ ഞങ്ങൾ പരസ്പരം സ്നേഹബദ്ധരായി—വെറും പരിശുദ്ധമായ സ്നേഹം—ആ സ്നേഹത്തെ കളങ്കപ്പെടുത്തുവാൻ ഞങ്ങൾ അന്നു മുതിർന്നില്ല. അവൾ ഒരു പ്രഫസറുടെ മകളായിരുന്നു. അദ്ദേഹത്തിന്റെ ഏകമകൾ. വൻപിച്ച സ്വത്തിന്റെ ഏക അവകാശി. എന്റെ അഭിലാഷം ഞാൻ എന്റെ പിതാവിനെ അറിയിച്ചു. എന്റെ മാതാപിതാക്കന്മാർ ആദ്യമൊക്കെ അതു് എതിർത്തെങ്കിലും ഒടുവിൽ സമ്മതിച്ചു. അങ്ങനെ നമ്മുടെ സമുദായവിധിപ്രകാരം ഞങ്ങളുടെ വിവാഹം നടന്നു.

"എന്റെ മെഡിക്കൽകോഴ്സു തീർന്നു. ഞങ്ങൾ എന്റെ മാതാപിതാക്കന്മാരോടുകൂടി ഈ ഗ്രാമത്തിലുള്ള എന്റെ ബംഗ്ലാവിൽ താമസമുറപ്പിച്ചു. എന്റെ മാതാപിതാക്കന്മാർ തികഞ്ഞ ഈശ്വരഭക്തരായിരുന്നു. സൂസിയുടെ പെരുമാറ്റം അവരെ വളരെയധികം സന്തോഷിപ്പിച്ചു. ചിലപ്പോൾ എന്റെ അമ്മ പറയും: "എന്റെ മോനു് ചേരുന്നതായ ഒരു കന്യകയെ കർത്താവു സ്വർഗ്ഗത്തിൽനിന്നയച്ചതാണ് സൂസി."

"അങ്ങനെ ചന്ദ്രികയുള്ളരാത്രിയിൽ ഈ പുഴയരികിലുള്ള ഈ മണൽത്തിട്ടയിൽ വന്നിരുന്നു ഞങ്ങൾ ആഹ്ളാദിക്കാറുണ്ടായിരുന്നു. ഈ മുരളിയിൽക്കൂടി പുറത്തുവന്ന ഗാനം സൂസിക്കു് വളരെ ഇഷ്ടമുള്ളതായിരുന്നു. മിക്കപ്പോഴും അവൾ പറയും "ആ ശ്മശാനത്തിൽ ഉറങ്ങിക്കിടക്കുന്ന എല്ലാ ആത്മാക്കളും ഉണർന്ന് ഈ ഗാനം കേൾക്കട്ടെ. അവർക്കുവേണ്ടി ദിവസത്തിന്റെ ഒരു ഭാഗം പ്രാർത്ഥനയിലും ഗാനത്തിലും ചിലവഴിക്കാം. നാമും ഒരുകാലത്തു് ആ പുണ്യഭൂമിയിൽ കഴിഞ്ഞുകൂടേണ്ടവരാണ്. നാം അവരെ സ്മരിച്ചെങ്കിലേ നമ്മേയും ആരെങ്കിലും സ്മരിക്കുകയുള്ളൂ" എന്നും മറ്റും അവൾ പറയാറുണ്ടായിരുന്നു.

"അങ്ങനെയിരിക്കെ എനിക്കൊരു ജോലികിട്ടി. ആ ജോലി എന്നെ ഒരു ദുരാഗ്രഹിയാക്കിത്തീർത്തു. പണം സമ്പാദിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്നെ മനുഷ്യത്വത്തിൽനിന്നകറ്റി. മനുഷ്യത്വത്തിനു പണത്തിനടിയിൽ സ്ഥാനംകൊടുത്തു. എന്റെ പണത്തിന്റെ ആർത്തി സൂസിക്കു അശേഷം ഇഷ്ടമില്ലായിരുന്നു. അവൾ എന്നെ നീതിയുടെ പാതയിൽക്കൂടി ചലിപ്പിക്കുവാൻ ആവുന്നത്ര ശ്രമിച്ചു. പക്ഷെ അവൾ എത്രത്തോളം ഉപദേശിച്ചുവോ അത്രകണ്ടു ഞാൻ ദുരാഗ്രഹിയായിത്തീർന്നു. ചിലപ്പോൾ അവൾ ഹൃദയംപൊട്ടി പറയും: "അങ്ങയുടെ മഹത്തായ കഴിവ് ലോകത്തിനു ഉപകാരപ്രദമായ രൂപത്തിൽ ഉപയോഗിക്കൂ. പണത്തിനു മുൻഗണന കൊടുക്കാതെ. സേവനത്തിനു വിലകല്പിക്കുക. പണം ഈശ്വരൻ തരും........" പക്ഷെ അവളുടെ ആ അഭിപ്രായങ്ങളൊന്നും എനിക്കന്നു അംഗീകരിക്കുവാൻ തോന്നിയില്ല. അങ്ങനെ കഴിയുന്ന അവസരത്തിൽ ഒരു ദിവസം.............."

"പൂർത്തിയാക്കൂ ഡോക്ടർ" ഞാൻ സസ്നേഹം പറഞ്ഞു.

"സുഹൃത്തേ! അതേ! അന്നാണ് ഒരു മനുഷ്യഹൃദയത്തെ ഞെക്കിപ്പിഴിഞ്ഞു് പണം വാങ്ങിയ ദിവസം... ...ആ രംഗം ഇന്നു് എന്റെ സ്മൃതിമണ്ഡലത്തിൽ നിന്നും കുതിച്ചുപൊങ്ങുന്നു."

ഡോക്ടർ ഇടയ്ക്കിടയ്ക്കു കണ്ണുകൾ തുടയ്ക്കുന്നുണ്ടായിരുന്നു.

അദ്ദേഹം തുടർന്നു: "ഒരുദിവസം അർദ്ധരാത്രി കഴിഞ്ഞുകാണും. ഒരാൾ എന്നെ വന്നു വിളിക്കുന്നതു കേട്ടു ഞാൻ കതകു തുറന്നപ്പോൾ കണ്ടതു് നനഞ്ഞൊലിച്ചു വന്ന ഒരു മനുഷ്യക്കോലത്തെയാണ്...അയാൾ വിങ്ങിവിങ്ങി പറഞ്ഞു: "ഡോക്ടർ, എന്റെ ഭാര്യ പ്രസവവേദനയിൽക്കിടന്നു ഞെരിപിരികൊള്ളുന്നു. അത്രടം ഒന്നു വരണേ.

"ആ കൂരിരുട്ടിൽ എനിക്കു വരുന്നതിനു കാർ കൊണ്ടുവരണമെന്നു ഞാനാവശ്യപ്പെട്ടു. പാവം! എന്തിനു ഞാൻ പറയുന്നു? പ്രസവവേദനയാൽ കിടന്നു ഞെരിപിരികൊണ്ട ആ സ്ത്രീ മരിച്ചുക

(തുടരും)

പുതുതായി വളരെഅധികം വന്നെത്തിയിരിക്കുന്നു
തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, തമ്പകം, മരുത്, വെന്തേക്ക്, വേങ്ങാ
മുതലായവയും പുതിയ നല്ലതരം തേക്കിൻകഴകളും മിതമായ
വിലയ്ക്കു മൊത്തമായും ചില്ലറയായും വിററുവരുന്നു.
1000-കണക്കിന് കഴ ഒന്നായി എടുക്കുന്നവർക്കു പ്രത്യേകവിലയ്ക്കു
കൊടുക്കുന്നതാണ്.
കണിയാമ്പുറം ബ്രദേഴ്സ്
തടിഡിപ്പോ, H. O. പൊഞ്ഞിക്കര
BRANCHES :
സെവൻറിഫീററ് റോഡിൽ വടക്കെ അറ്റം, എറണാകുളം
സെവൻറിഫീററ് റോഡിൽ പത്മാതിയേററിൻ സമീപം, എറണാകുളം

ഴിഞ്ഞപ്പോഴാണ് ഞാൻ കാറിൽ അയാളുടെ വീട്ടിൽ ചെന്നതു്. എനിക്കൊന്നും ചെയ്യുവാൻ സാധിച്ചില്ല. എന്റെ ഉപേക്ഷയാണ കാരണം. പക്ഷെ ആ സത്യം ഞാൻ മറച്ചു. ഒടുവിൽ അത്രടം ചെന്നതിനുള്ള എന്റെ "ഫീസ്" ഞാനാവശ്യപ്പെട്ടു. ആ തൊഴിലാളി വളരെ സങ്കടങ്ങൾ എന്നോടു പറഞ്ഞു. പക്ഷെ എനിക്കവയൊന്നും കേൾക്കുവാനുള്ള ഹൃദയം അന്നുണ്ടായില്ല. ഒടുവിൽ എവിടന്നോ ആ പാവം എനിക്കു പതിനഞ്ചുരൂപാ കൊണ്ടുവന്നുതന്നു. ഞാൻ അതുവാങ്ങി കീശയിലാക്കി തിരികെ വീട്ടിലേക്കു മടങ്ങി.

"ആ സാധുസ്ത്രീയെക്കുറിച്ചുള്ള സൂസിയുടെ ചോദ്യത്തിൽ ഈ സംഭവമെല്ലാം ഞാൻ പറഞ്ഞു. അവൾ ഹൃദയംപൊട്ടിക്കരഞ്ഞു പറഞ്ഞു: "ആ സഹോദരിയുടെ നിലയിൽ ഞാൻ എത്തിയാലുള്ള കഥ അങ്ങൊന്നാലോചിക്കൂ. കഷ്ടം! ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന പണം! അതനുഭവിക്കുവാൻ എനിക്കിട........." ഡോക്ടർക്കു അതു മുഴമിപ്പിക്കുവാൻ കഴിഞ്ഞില്ല. അയാളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നതു ഞാൻ കണ്ടു. ഞാനും എന്റെ കണ്ണുകൾതുടച്ചു.

ഡോക്ടർ ശേഷം ഭാഗങ്ങളിലേക്കു കടന്നു: "കാലചക്രം അതിവേഗം പാഞ്ഞുപോയി. സൂസിക്കു പ്രസവത്തിനുള്ള സമയമായി. അവളും പ്രസവവേദനയാൽ പൊട്ടിക്കരയുകയാണു്. എന്തിനു്, എന്റെ കഴിവുകളെല്ലാം അവിടെ നിഷ്ഫലമായി. കുട്ടിയെമാത്രം രക്ഷപെടുത്തുന്നതിനു എനിക്കു സാധിച്ചു.....എന്റെ സൂസി എന്നന്നേക്കുമായി യാത്രപറഞ്ഞു.

"ഒരു ഭാര്യയുടെ വേർപാടിന്റെ ദുഃഖം, അതേ ഒരു മനുഷ്യജീവനു് എത്രകണ്ടു വിലയുണ്ടെന്നു എനിക്കു ബോദ്ധ്യപ്പെട്ടു. എന്റെ കഴിഞ്ഞകാലജീവിതത്തെക്കുറിച്ചു ഞാൻ ഇന്നു പശ്ചാത്തപിക്കുന്നു. അല്ല, ഹൃദയംപൊട്ടി കരയുന്നു. ആ ഓമനക്കുഞ്ഞിനെ ഞാൻ വളർത്തുന്നുണ്ടു്. ആ കുഞ്ഞിനു് ഒരു വയസ്സു തികഞ്ഞു. അവളെ ഉറക്കി എന്റെ അമ്മയുടെ അടുക്കൽ കിടത്തിയിട്ടാണു് ദിവസവും ഈ പുഴയരികിൽ വന്നിരിക്കുന്നതു്. ആ ശ്മശാനത്തിൽ വിശ്രമംകൊള്ളുന്ന എന്റെ ഉത്തമഭാര്യ, അവൾ ലോകത്തെ മനസ്സിലാക്കിയിരുന്നിടത്തോളം ഞാൻ മനസ്സിലാക്കിയില്ല. അതാണു് എന്റെ പരാജയം. അവളുടെ, അതേ അവളെക്കുറിച്ചുള്ള ഗാനമാണു് ഈ ഏകാന്തതയിൽ ഗ്രാമവാസികൾ കേൾക്കുന്നതു്. ആ ശവക്കല്ലറ എന്നെനോക്കി മന്ദസ്മിതം പൊഴിക്കുന്നുണ്ടു്. ആ പരിശുദ്ധമായ സ്ഥലത്തേക്കെത്തുന്നതിനുള്ള എന്റെ യാത്ര ഇന്നുവരെ തീർന്നിട്ടില്ല. അവളുടെ പൂർത്തിയാകാത്ത അഭിലാഷത്തിനനുസരണമായി ജീവിതം നയിക്കുവാൻ ഞാൻ ആരംഭിച്ചിരിക്കുകയാണു്.

"ഇന്നു ഞാൻ പഴയ ദുരാഗ്രഹിയായ ഡോക്ടറല്ല. എന്റെ സേവനം—അതേ കഷ്ടപ്പെടുന്ന ജനതയ്ക്കു എന്നാൽ കഴിയുന്നതു്—അതുമാത്രം. അതിനു പ്രതിഫലം ആവശ്യമില്ല. പണത്തിനുവേണ്ടി മനുഷ്യത്വത്തെ പങ്കിടുന്ന കശാപ്പുശാലയിലെ എന്റെ മനുഷ്യത്വമില്ലാത്ത പെരുമാറ്റം എന്നന്നേക്കുമായി ഞാൻ അവസാനിപ്പിച്ചു. മഹത്തായ ശാസ്ത്രത്തെ ലോകരാശിക്കു പ്രതിഫലം വാങ്ങാതെ പ്രയോജനപ്പെടുത്തുന്ന വഴിത്തിരിവിൽ ഞാൻ എത്തിയിരിക്കുകയാണു്. ആ യാത്രയിൽ എനിക്കു കാറുവേണ്ടാ. പച്ചനോട്ടുകളും വേണ്ടാ. ദുർഘടമായ ഏതു ഊടുവഴിയും കടന്നുപോകുന്നതിനുള്ള ശക്തിയും മനഃപരിവർത്തനവും എനിക്കു സിദ്ധിച്ചുകഴിഞ്ഞു.

"സഹോദരാ, ഈ ക്രൂരനായ മനുഷ്യനോടു ക്ഷമിക്കൂ. എനിക്കു മാപ്പുതരൂ! ഇന്നെനിക്കു പണം പുല്ലാണു്. അങ്ങനെ എന്റെ സൂസിക്കുവേണ്ടി ജീവിതകാലം മുഴുവൻ ജീവിക്കുക. അതേ! മൺമറഞ്ഞ എന്റെ ഭാര്യക്കും ജീവിക്കുന്ന എന്റെ ഓമനക്കുഞ്ഞിനും വേണ്ടി ഈ ലോകത്തിൽ സത്യത്തിന്റെയും നീതിയുടേയും പാതയിൽക്കൂടി ജീവിക്കുക. ഈ ജീവിതത്തിൽ എനിക്കു ഇനിയും ഒരു വിവാഹം ആവശ്യമില്ല. സഹോദരാ, ഈ ദുഷ്ടനു മാപ്പുതന്നാലും!!"

അദ്ദേഹത്തിന്റെ ശോകസമ്പൂർണ്ണമായ കഥ ഞാൻ കണ്ണുനീരിൽക്കൂടി ശ്രവിച്ചു. ഒടുവിൽ ഞാൻ പറഞ്ഞു: "സഹോദരാ, സഹിക്കൂ. ആ വേർപാടിൽ താങ്കൾ ചഞ്ചലപ്പെടാതെ, മഹത്തായ ജീവിതത്തെ ശോഭനമാക്കാൻ ശ്രമിക്കുക. "ദൈവം തന്നു, ദൈവം എടുത്തു." നാം പശ്ചാത്തപിച്ചിട്ടാവശ്യമില്ല. വിസ്തൃതമായ ഈ ലോകത്തിലെ ഒരു പുൽക്കൊടിപോലും ആ സത്യസ്വരൂപനറിയാതെ ചലിക്കുന്നില്ല. താങ്കളുടെ മഹത്തായ "പരീക്ഷ" രോഗാധിക്യത്താൽ നെടുവീർപ്പിടുന്ന ജനതയ്ക്കു സഹായം അർപ്പിക്കൂ. അതിനു പ്രതിഫലം ആ സർവ്വശക്തൻ തരാതിരിക്കില്ല." തുടിക്കുന്ന ഹൃദയത്തോടും പതറുന്ന ശബ്ദത്തോടുംകൂടി ഒരുവിധത്തിൽ ഇത്രയും വാക്കുകൾ ആ വേദനിക്കുന്ന സുഹൃത്തിന്റെ മുന്നിൽ വച്ചു.

അദ്ദേഹം മൗനമായി ഇതു ശ്രവിച്ചിരിക്കുകയാണു്. പുഴയരികിനു് അകലെയല്ലാതെ നിൽക്കുന്ന ആ ബംഗ്ലാവിൽനിന്നും ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു

ഡോക്ടർ ഒന്നു ഞെട്ടി. അദ്ദേഹം പറഞ്ഞു: "സ്നേഹിതാ, ഞാൻ പോകട്ടെ. ഞങ്ങളുടെ കുഞ്ഞു്, അതെ "സലീം" ഉണർന്നു കരയുന്നു. ഞാൻ ചെല്ലണം കരച്ചിൽ നില്ക്കണമെങ്കിൽ. ഞാൻ ഈ പുഴയരികിൽവന്നു മുരളിവായിക്കുന്നതിന്റെ രഹസ്യം ഈ ലോകത്തിൽ താങ്കൾക്കുമാത്രമറിയാം. വെളിപ്പെടുത്താതിരിക്കുവാൻ സൂക്ഷിക്കണം. നമുക്കു വീണ്ടും കണ്ടുമുട്ടാം. നിങ്ങൾക്കെന്റെ കൂപ്പുകൈ!"


രാജൻ ബംഗ്ലാവിൽ കയറുന്നതുവരെ ഞാൻ നോക്കിനിന്നു. നേരം വെളുത്തു എന്ന ദിവ്യസന്ദേശം ആ ഗ്രാമീണരെ അറിയിക്കുവാനെന്നോണം പുരാതനമായ ആ ദേവാലയത്തിൽനിന്നും മണിനാദമുയർന്നു. ഞാൻ പ്രാർത്ഥിച്ചു. ആ യുവകോമളന്റെ ജീവിതവഴിത്താരയെ ശോഭനമാക്കുവാൻ.

ഞാൻ എന്റെ വീട്ടിലേക്കു യാത്രയായി.

നിശയുടെ നിശ്ശബ്ദതയെ ഭേദിക്കുമാറു്, അതേ ജീവിക്കുവാൻ വഹിയാത്ത ആ നീറുന്ന പരിതസ്ഥിതിയിലും ജീവിക്കുന്ന ഡോക്ടർ രാജന്റെ കണ്ണുനീരിൽ പകർത്തിയ ആ നീറുന്ന കഥകൾ, അതേ അദ്ദേഹം ആ ഈരടികൾ, ആ മുരളിയിൽക്കൂടി ആലപിക്കുന്നതു ഇന്നും ഞാൻ കേട്ടുകൊണ്ടു കിടക്കുന്നു.

—:—

# തൃശ്ശൂർ മെത്രാൻ തിരുമേനി കപ്പൂച്ചിൻ സഭാംഗമാകുന്നു



റൈററു് റവ. ഡോക്ടർ ജോർജ് ആലപ്പാട്ട തിരുമേനിക്കു് വി. ഫ്രാൻസീസ് അസ്സീസിയോടുള്ള പ്രത്യേകഭക്തിയേയും കപ്പൂച്ചിൻസഭയ്ക്കുവേണ്ടി നാനാതരത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളേയും പരിഗണിച്ചു് കപ്പൂച്ചിൻസഭയുടെ മിനിസ്റ്റർ ജനറൽ പ്രസ്തുതസഭയുടെ എല്ലാവിധ അവകാശാനുകൂല്യങ്ങളും സിദ്ധിക്കത്തക്കവണ്ണം അദ്ദേഹത്തെ സഭയുടെ അംഗമായി അംഗീകരിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു് ടി. ഒ. എസ്. എഫ്. കമ്മിസ്സറിയായ റവ. ഫാ. ലിയോ ഒ. എഫ്. എം. (Cap) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രസ്താവനയിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:-

റൈററു് റവ. ഡോക്ടർ ജോർജ് ആലപ്പാട്ട തിരുമേനി വി. ഫ്രാൻസ്സീസ് അസ്സീസിയോടു് വളരെ ഭക്തിയുള്ള ആളാണു്. അദ്ദേഹം റോമിൽ, പ്രൊപ്പഗാന്താ കോളേജിൽ പഠിച്ചിരുന്ന കാലത്തു് ഫ്രാൻസ്സീസ്കൻ മൂന്നാംസഭയിൽ ചേർന്നു് ഫ്രാൻസ്സീസ്കൻ ചൈതന്യം വശമാക്കുവാൻ പരിശ്രമിച്ചിരുന്നു. "വി. ഫ്രാൻസ്സീസിന്റെ ആ ചൈതന്യവിശേഷം ലോകത്തിൽ വീണ്ടും നടപ്പാക്കാമെങ്കിൽ കത്തോലിക്കാസഭയിൽ മഹത്തായതെല്ലാം കൈവന്നുകൊള്ളും" എന്നു ഭാഗ്യസ്മരണാർഹനായ 13-ാം ലെയോ മാർപ്പാപ്പാ "അവുസ്പിക്കാത്തോ" എന്ന വിശ്വലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് നമ്മുടെ തിരുമേനിയുടെ ശ്രദ്ധയിൽ ഗാഢമായി പതിഞ്ഞിരുന്നുവെന്നു് അദ്ദേഹത്തിന്റെ വിവിധപ്രവർത്തനങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം. അദ്ദേഹം വൈദികനായിരിക്കുമ്പോൾ ക്ലാരക്കന്യാസ്ത്രീകളുടെ കപ്ലോനായി നിയമിക്കപ്പെടുകയും, വിശ്വവിഖ്യാതയായ അൽഫോൻസാമ്മ ഉൾപ്പെടുന്ന ആ സന്യാസിനീസമൂഹം അന്നു ഫ്രാൻസ്സീസ്കൻ ഒന്നാംസഭയുമായി ബന്ധപ്പെടാതിരുന്നതിനാൽ അനേകം ദണ്ഡവിമോചനങ്ങൾ അവക്കു നഷ്ടപ്പെട്ടുപോകുന്നുവെന്നു മനസ്സിലാക്കിയ കപ്ലോനച്ചൻ, മെത്രാൻപദത്തിലേക്കു ഉയർത്തപ്പെട്ട ഉടനെ ആ ന്യൂനതയെ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കുകയുംചെയ്തു. തൃശ്ശൂർരൂപതയിൽ ഫ്രാൻസ്സീസ്കൻ ചൈതന്യം വർദ്ധമാനമാകുന്നതിനു് "മലബാർ മിഷനറി യൂണിയൻ" എന്ന പേരിൽ ഫ്രാൻസ്സീസ്കൻ മൂന്നാംസഭാംഗങ്ങളുടെ ഒരു സന്യാസസഭ അദ്ദേഹം പുതിയതായി സ്ഥാപിക്കുകയും, സഭാംഗങ്ങളെ സന്യാസമുറ പരിശീലിപ്പിക്കുന്നതിനു് ഒരു കപ്പൂച്ചിൻ വൈദികനെ നിയമിക്കുകയുംചെയ്തു.

ഫ്രാൻസീസ്കൻ മൂന്നാംസഭയുടെ പ്രചാരത്തിൽ തിരുമേനി പ്രകാശിപ്പിച്ചിട്ടുള്ള ഉത്സാഹം പരിഗണിച്ചു് അദ്ദേഹം കേരളത്തിലെ ഫ്രാൻസ്സീസ്കൻ മൂന്നാംസഭയുടെ ഉപരക്ഷാധികാരിയായും, സത്യാരാധനസഖ്യത്തിന്റെ രക്ഷാധികാരിയായും തിരഞ്ഞെടുക്കപ്പെട്ടു.

വി. ക്ലാരയുടെ ഏഴാംശതാബ്ദജൂബിലിസ്മാരകമായി "അൽവേർണ്ണിയ" എന്ന പേരിൽ ഫ്രാൻസ്സീസ്കൻ പുണ്യപൂർണ്ണതയെ പരാമർശിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥം നമ്മുടെ തിരുമേനിയുടെ ഉത്സാഹത്തിൽ പരിഭാഷചെയ്യപ്പെട്ടു. ഇവകൊണ്ടൊന്നും പോരാ എന്ന മട്ടിൽ ഈ അടുത്തകാലത്തു് ഫ്രാൻസ്സീസ്കൻ ഒന്നാംസഭയുടെ ഒരു വിഭാഗമായ കപ്പൂച്ചിൻസഭയുടെ ഒരു ആശ്രമം തൃശ്ശൂർ പട്ടണത്തിൽ സമാരംഭിച്ചിരിക്കുന്നു.

ഏവംവിധങ്ങളായ അനേകം ഫ്രാൻസ്സീസ്കൻ പ്രവർത്തനങ്ങളുടെ സമാഹാരത്തിൽ സന്തുഷ്ടചിത്തനായ കപ്പൂച്ചിൻസഭയുടെ പൊതുശ്രേഷ്ഠൻ മോസ്റ്റ് റവ. ഫാ. ബനിഞ്ഞൂസ് അവിടുത്തെ സ്നേഹാതിരേകത്തിന്റെ ഒരു പ്രകടനമെന്നവണ്ണം റൈററു് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു് തിരുമേനിക്കു് ഫ്രാൻസ്സീസ്കൻ ഒന്നാംസഭയുടെ സകലവിധ ആനുകൂല്യാവകാശങ്ങളും സ്നേഹപുരസ്സരം പ്രദാനംചെയ്യുന്നു. വി. ഫ്രാൻസ്സീസ് അസ്സീസിക്കു പഞ്ചക്ഷതങ്ങൾ നൽകപ്പെട്ട തിരുനാൾദിനമായ സെപ്തമ്പർ 17-ാം തീയതി ഉച്ചകഴിഞ്ഞു് 4 മണിക്കു്, തൃശ്ശൂർ, (പൂത്തോൾ) കാൽവരി കപ്പൂച്ചിൻ ആശ്രമത്തിൽവച്ചു്, ഇൻഡ്യയിലെ കപ്പൂച്ചിൻ സഭയുടെ പൊതുശ്രേഷ്ഠനായ വെരി റവ. ഫാ. സിറിൽ വഴി പ്രസ്തുത ആനുകൂല്യാവകാശങ്ങൾ പരസ്യമായി നൽകപ്പെടുന്നതാണു്. അന്നു് അഭിവന്ദ്യ തിരുമേനി കപ്പൂച്ചിൻവസ്ത്രം ധരിക്കുന്നതായിരിക്കും. കപ്പൂച്ചിൻ സഭാംഗങ്ങളുടെ കുർബാന, പ്രാർത്ഥന, ധ്യാനം, മൗനം, ഉപവാസം, പ്രസംഗങ്ങൾ, മിഷൻധ്യാനങ്ങൾ, പരിഹാരപ്രദക്ഷിണങ്ങൾ, ഉപവിപ്രവൃത്തികൾ മുതലായ സകല സൽക്രിയകളിലും തിരുമേനിക്കു പങ്കുണ്ടായിരിക്കുന്നതാണു്. തിരുമേനി കപ്പൂച്ചിൻ സഭാംഗമാകുകയാണു്.

എന്നാൽ ഇതു സൗജന്യമായി നൽകപ്പെടുന്ന ഒരു സമ്മാനമാകയാൽ (Privilege) തിരുമേനിയുടെ യുക്തംപോലെ ഈ സഭാവസ്ത്രം ധരിക്കാവുന്നതാണു്. സന്യാസസഭാസംബന്ധമായ യാതൊരു നിബന്ധനകളും അദ്ദേഹത്തെ ബാധിക്കുന്നില്ല. രൂപതാഭരണം തുടർന്നുകൊണ്ടു പോകുന്നതിനു് ഇതൊരു തടസ്സമായിരിക്കുകയില്ലെന്നു മാത്രമല്ല, സഹായകവുമായിരിക്കും."

—ഠ—


## തയ്യാറായിരിക്കുന്നു

1. സമുന്നതവേദശാസ്ത്രപണ്ഡിതൻ ഫാദർ നോയിടബർ രചിച്ച "My Ideal-Jesus Son of Mary" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ ഭാഷാവിവർത്തനം.

"എന്റെ ആദർശം

അഥവാ

മറിയമകനീശോ"

വില 14 അണ.

2. കല കമ്മ്യൂണിസ്റ്റു് റഷ്യയിൽ. വില 7 അണ.
3. മറിയാനുകരണം. 10 അണ.
4. സുകൃതസരണി 1 രൂ. 14 ണ.

N. B. 10-ൽ കൂടുതൽ പുസ്തകം എടുക്കുന്നവക്കു് 30% കമ്മീഷൻ.

Manager,
St. Joseph's Press, Trivandrum-1





# വിവിധവൃത്താന്തങ്ങൾ

## അണുയുഗത്തെ സംബന്ധിച്ച് മാർപ്പാപ്പായുടെ ഉൽബോധനം

അണുയുഗത്തിൽ ഏതെങ്കിലും വിധത്തിലുള്ള വിപത്തുകൾ ഒഴിവാക്കാൻ മതപരവും ധാമ്മികവുമായ ശക്തികളെ ഉപയോഗപ്പെടുത്തണമെന്നു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സെപ്റ്റംബർ 8-ാംനു- ലോകത്തിൻെറ നാനാഭാഗത്തുനിന്നും വത്തിക്കാനിൽ സമ്മേളിച്ച 1000-ൽപരം ചരിത്രകാരന്മാരെ ഉൽബോധിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടുകളിൽ പാശ്ചാത്യരാജ്യങ്ങളുടെ ശാസ്ത്രീയവും സാങ്കേതികവുമായ കണ്ടുപിടുത്തങ്ങൾ മനുഷ്യചരിത്രത്തിൽ ഗണ്യമായ തകിടംമറിച്ചിലുകൾക്കു കാരണമാക്കിയിട്ടുണ്ടെന്നു് തിരുമേനി തുടർന്നു പ്രസ്താവിച്ചു. റോമിൽ നടക്കുന്ന 10-ാം അന്താരാഷ്ട്രീയ ചരിത്രസമ്മേളനത്തിൽ സംബന്ധിക്കുവാൻവന്ന ചരിത്ര കാരന്മാരോടായിട്ടാണു് പരിശുദ്ധപിതാവു് മേൽക്കാണുംവിധം ഉൽബോധിപ്പിച്ചതു്. സോവ്യററു യൂണിയനിൽനിന്നും, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുമുള്ള 54 ചരിത്രകാരന്മാർ സന്ദശ്നത്തിൽ പങ്കെടുത്തില്ല.

## സ്കൗട്ടുകൾക്കു് മാർപ്പാപ്പായുടെ സന്ദേശം

കാനഡായിൽ നയാഗ്രാ ഓൺ ദി ലേക്കു് എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട ആലോക കത്തോലിക്കാ സ്കൗട്ടു് ജംബോറിയിൽ സംബന്ധിച്ച സ്കൗട്ടുകാരെ അഭിസംബോധനചെയ്തു പരിശുദ്ധമാർപ്പാപ്പാ ഒരു സന്ദേശമയച്ചുകൊടുത്തു. വിവിധരാജ്യങ്ങളിൽനിന്നായി 3000ത്തിൽപരം സ്കൗട്ടുകാർ അതിൽ പങ്കെടുത്തു. ക്യൂബെക്കിലെ മെത്രാപ്പോലീത്താ റോയു് തിരുമനസ്സുകൊണ്ടു പരിശുദ്ധകുർബാനയുടെ വാഴ്വിനുശേഷം പേപ്പൽസന്ദേശം വായിച്ചു. അവർ "സമാധാനത്തിൻെറ ശില്പി"കളായിരിക്കണമെന്നും "പരസ്പരധാരണയോടും സൗഹൃദത്തോടും കൂടി അവരുടെ സേവനം എല്ലാവരിലേക്കും വ്യാപിപ്പിക്കണ"മെന്നും തിരുമേനി പ്രസ്തുത സന്ദേശത്തിൽ ഉൽബോധിപ്പിച്ചിരുന്നു. "ഒരു ഭവനത്തിലെ വിളക്കു വീടിനെ പ്രകാശമാനമാക്കുകയും അകന്നിരിക്കുന്ന കുടുംബാംഗങ്ങളെ ഒന്നിപ്പിക്കുകയും ചെയ്യുന്നതുപോലെ, നമ്മുടെ വാത്സല്യഭാജനങ്ങളായ കത്തോലിക്കാ സ്കൗട്ടുകാരുടെ ചൈതന്യമുള്ള വിശ്വാസം അവരുടെ സഹോദരരുടെ ഇടയിൽ പ്രകാശിക്കുമാറാകട്ടെ. സ്വാത്ഥം കൈവെടിഞ്ഞും പരിത്യാഗം കൈവരിച്ചും വീരോചിതമായ വിശുദ്ധിയുടേയും ദീപ്തിമത്തായ ആനന്ദത്തിൻേറയും മാതൃകകളായി തീരുന്നതിനു അവർ അനുസ്മരിക്കട്ടെ. സുഖലോലുപമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള പ്രലോഭനങ്ങളെ ചവുട്ടിമെതിച്ചു് ത്യാഗത്തിൻേറയും ലളിതജീവിതത്തിൻേറയും സുവിശേഷമാഗ്ഗത്തിൽ അവർ മാഗ്ഗദീപങ്ങളായി തീരട്ടെ!" എന്നാണു് പരിശുദ്ധപിതാവു് ആശംസിച്ചതു്.

## ഇററാലിയൻ കർഷകരുടെ തിരുമുൽക്കാഴ്ചകൾ

കാസ്റ്റൽ ഗണ്ടോൾഫോയിൽ താമസിക്കുന്ന പരിശുദ്ധമാർപ്പാപ്പായ്ക്കു അവിടത്തെ കർഷകർ മുൻപതിവനുസരിച്ചു അവരുടെ കാർഷികവിഭവങ്ങൾ സമ്മാനിക്കുന്ന തിരുനാൾ ആചരിച്ചിരിക്കുന്നു. ആ ഡിസ്ട്രിക്ടിലുള്ള എല്ലാ കർഷകരുംകൂടി ഒരു കുട്ടനിറയെ പീച്ചസു് (ഒരുതരം പഴങ്ങൾ) തിരുമേനിക്കു സമപ്പിക്കും. കുട്ട വളരെ മനോഹരമായി അലങ്കരിച്ചതായിരിക്കും. പരിശുദ്ധമാർപ്പാപ്പാ അവരെയെല്ലാം പൈതൃകമായ സ്നേഹവാത്സല്യങ്ങളോടെ സ്വീകരിക്കും. ആനന്ദപ്രദമായ ഈ ദിവസത്തെ അത്യാകാംക്ഷയോടെയാണു് ആ കർഷകജനത ഓരോ കൊല്ലവും പ്രതീക്ഷിക്കുക. വ്യക്തികൾ പ്രത്യേകമായും പരിശുദ്ധപിതാവിനു കാഴ്ചകൾ ഈ അവസരത്തിൽ അപ്പിക്കും. കുട്ടികളുടെ സമ്മാനങ്ങൾ സ്വീകരിക്കുന്ന രംഗം വികാരവിപ്ലവത്തെ ഉളവാക്കുന്നതാണു്. സ്നേഹപിതാവും പാവപ്പെട്ട മക്കളും തമ്മിലുള്ള വികാരതരളിതമായ ഒരു ഒത്തുചേരലാണു് ഈ സുദിനം.

## ജർമ്മനിക്കുവേണ്ടി പ്രാത്ഥനയും ഭജനവും

പശ്ചിമജമ്മനിയുടെ ചാൻസലർ ഡോക്ടർ അഡെനോവർ സെപ്റ്റംബർ 9-ാംനു- മുതൽ ജമ്മനിയുടെ ഭാവിയെ സംബന്ധിച്ച അതിപ്രധാനമായ കായ്യങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതിനു റഷ്യയിൽ ക്ഷണിക്കപ്പെട്ടിരിക്കുകയാണല്ലോ. ഈ പയ്യാലോചനകളുടെ വിജയത്തിനുവേണ്ടി സ്വിററ്സർലണ്ടിലുള്ള ഫ്റീബെഗ്ഗ് രൂപതയിൽ ജനങ്ങൾ പകലും രാത്രിയും ഭജനമിരുന്നു പ്രാത്ഥന നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. അവരുടെ സ്നേഹത്തേയും ത്യാഗത്തേയും അഭിനന്ദിച്ചും അവക്കു ഹൃദയപൂവ്വം കൃതജ്ഞത രേഖപ്പെടുത്തിയും ചാൻസലർ അവക്കു ഒരു കത്തയച്ചിട്ടുണ്ടു്. 15 ാംനൂററാണ്ടിലുണ്ടായ സിവിൽവാർ അവസാനിക്കുന്നതിനു ഫ്ളുവിലെ വിശുദ്ധ നിക്കൊളാസു് പ്രാത്ഥനായജ്ഞം നടത്തിയ ചരിത്രപ്രസിദ്ധമായ സാഛ്ചയിനടുത്തുള്ള കപ്പേളതന്നെയാണു് ഈ ഭജനപ്രാത്ഥനയ്ക്കു തിരഞ്ഞെടുത്തിട്ടുള്ളതു്. അവർ കൂടിയാലോചനകളുടെ വിജയത്തിനും, റഷ്യയുടെ മാനസാന്തരത്തിനും, എല്ലാ ജനതകളുടേയും യോജിപ്പിനുംവേണ്ടിയാണു് പ്രാത്ഥനായജ്ഞം നടത്തുന്നതു്.

## കർദ്ദി: മിൻസെന്തിയെ സംബന്ധിക്കുന്ന ചലച്ചിത്രം

ഹംഗറിയിലെ അത്യുന്നത കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ അവിടത്തെ കമ്മ്യൂണിസ്റ്റുഗവമ്മെണ്ടു അറസ്റ്റുചെയ്തു ദീർഘകാലം തടവിൽ പാപ്പിക്കുകയും, വിവിധ മദ്ദനമുറകൾക്കു് തിരുമേനിയെ വിധേയനാക്കുകയും ചെയ്ത രംഗങ്ങൾ "പ്രിസണർ" എന്ന പുതിയ ഇംഗ്ലീഷ് ചിത്രത്തിൽ പ്രദശിപ്പിച്ചിരിക്കുന്നു. പ്രസിദ്ധ ആഖ്യായികാകാരിയായ മിസ്സ് ബ്രൂഡററു് ബോളണ്ടാണു് ഈ ചിത്രത്തിനുള്ള കഥ രചിച്ചിരിക്കുന്നതു്. പീററർ ഗ്ലെൻ വില്ലി ഡയറക്ടു് ചെയ്തിട്ടുള്ളതും ഇംഗ്ലണ്ടിൽ നിമ്മിക്കപ്പെട്ടിട്ടുള്ളതുമായ ഈ ചിത്രം അടുത്ത കാലത്തു് പുറത്തുവന്നിട്ടുള്ള ബ്രിട്ടനിലെ ഏററവും മഹത്തായ ചിത്രങ്ങളിലൊന്നായി കണക്കാക്കപ്പെട്ടിരിക്കുന്നു. കർദ്ദിനാൾ തിരുമേനിയുടെ ഭാഗം അഭിനയിച്ചിരിക്കുന്നതു് അലക്ഗിന്നീസ്സാണു്.

---

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകായ്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. & Mr. V. I. Mathew
Ramapuram

## നിര്യാതനായി

വടയാററുപള്ളി ഇടവക പാറേമ്മാക്കൻ ബ. യൗസേപ്പച്ചൻ തൻെറ 63-ാമത്തെ വയസ്സിൽ ഹൃദ്രോഗംമൂലം എറണാകുളം ധമ്മഗിരി സിസ്റ്റേഴ്സിൻെറ മേൽനോട്ടത്തിലുള്ള നഴ്സിംഗ് ഹോമിൽവച്ചു് സെപ്റ്റംബർ 11-ാംനു- കാലത്തു $10\frac{1}{2}$ മണിക്കു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം വടയാററുപള്ളിയിൽ എറണാകുളം അതിരൂപതാ സഹായമെത്രാൻ തിരുമനസ്സിലെ പ്രധാനകാമ്മികത്വത്തിലും നിരവധി വൈദികരുടേയും വലിയൊരു ജനക്കൂട്ടത്തിൻെറയും സഹകരണത്തിലും നടത്തപ്പെട്ടു.

R. I. P.

## ചരമവാത്തകൾ

**വട്ടതല:** സ്ഥലത്തെ വേലിക്കകത്തു് പറമ്പിൽ അന്ത അഗസ്റ്റിൻ 46-ാമത്തെ വയസ്സിൽ സെപ്റ്റംബർ 8-ാംനു- നിയ്യാതനായി. ശവസംസ്കാരം അന്നു വൈകുന്നേരം റവ. ഫാ. ജോസഫ് സിദേമന്തി അവർകളുടെ കാമ്മികത്വത്തിലും ഒട്ടേറെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും പള്ളിസിമിത്തേരിയിൽ നടത്തപ്പെട്ടു.

**അന്തീനാടു്:** രോഗശയ്യയെ അവലംബിച്ചിരുന്ന കാവുകാട്ടു ചുമ്മാരു ജോസഫ് സെപ്റ്റംബർ 3-ാംനു- ശനിയാഴ്ച 9-15നു് സ്വസഹോദരൻ മൊററു് റവ. ഡോക്ടർ മാത്യു കാവുകാട്ടു തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം 3 മണിക്കു, ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സിലെ പ്രധാനകാമ്മികത്വത്തിലും, പാലാമെത്രാനച്ചൻ മൊററു് റവ. ഡോക്ടർ സെബാസ്റ്റ്യൻ തിരുമനസ്സിലെയും ഒട്ടേറെ വൈദികരുടെയും വമ്പിച്ച ജനസമൂഹത്തിൻെറയും സാന്നിദ്ധ്യത്തിലും യഥാവിധി നടത്തപ്പെട്ടു. ഇതു പ്രമാണിച്ച അനവധി സാധുക്കൾക്കു് അന്നദാനം നടത്തുകയുണ്ടായി.

**പരിയാരം:** ഈ പള്ളി ഇടവക വടാശ്ശേരി ഉതുപ്പു പൈലോ തൻെറ 98-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം ആഗസ്റ്റു് മാസം 30-ാംനു- കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറ ദിവസം പരേതൻെറ സഹോദരപുത്രൻ റവ. ഫാദർ ഏബ്രാഹം വടാശ്ശേരി എം. ഏ. എം. സി. യുടെ പ്രധാന കാമ്മികത്വത്തിലും മററു ഒട്ടനവധി വൈദികരുടെ സാന്നിദ്ധ്യത്തിലും പരിയാരം പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**പഴുവിൽ:** സ്ഥലത്തെ മാള്യേക്കൽ വാറപ്പൻ, ഔസേഫ് എന്നിവരുടെ മാതാവു് വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം നിയ്യാതയാവുകയും ശവസംസ്കാരം 5-9-55ൽ നടത്തുകയുമുണ്ടായി. ഇതു പ്രമാണിച്ചു് സാധുക്കൾക്കു അരിവിതരണം ഉണ്ടായിരുന്നു.

**ചിറക്കടവു്:** തമ്പലക്കാടു പള്ളി ഇടവക റവ. ഫാദർ ജേക്കബ് കാഞ്ഞിരത്തിനാൽ അവർകളുടെ മാതാവു് തൻെറ 90-ാമത്തെ വയസ്സിൽ സുബോധത്തോടെ അന്ത്യകൂദാശകൾ എല്ലാം കൈക്കൊണ്ടു സെപ്റ്റംബർ 10-ാംനു- രാവിലെ 6-30നു് സ്വവൈദികപുത്രൻെറയും മററു പുത്രീപുത്രന്മാരുടെയും ബന്ധുമിത്രാദികളുടെയും പ്രാത്ഥനാമദ്ധ്യേ ഈലോകവാസം വെടിഞ്ഞു.

R. I. P.


ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം


പാലാ

30-6-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,000 രൂപാ |
| കരുതൽ ധനം ... | 14,00,000 രൂപാ |
| ആകെ ഡിപ്പോസിററു് ... | 6,09,79,000 രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | 1,23,98,000 രൂപാ |
| ഗവമ്മെണ്ടു കടപ്പത്ര ങ്ങളിലുള്ള നിക്ഷേപം ... | 1,60,49,000 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC.2096

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, SEPTEMBER 14 || No. 6


## "ഐ. എൻ. ടി. യു. സി."

### ഇന്ത്യയിലെ ഏററവും വലിയ തൊഴിലാളിപ്രസ്ഥാനം

കൊല്ലം തൃക്കടവൂർ കോൺഗ്രസ് മണ്ഡലം കൺവെൻഷനോടനുബന്ധിച്ച നടന്ന തൊഴിലാളിസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് ശ്രീ കെ. പി. എം. ഷെരീഫ് ഐ. എൻ. ടി. യു. സി. യെപ്പററി ചെയ്ത പ്രസ്താവന എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒന്നാണ്:-

ഈ യോഗത്തിൽ വിഭിന്ന രാഷ്ട്രീയ ചിന്താഗതിക്കാരായ വളരെപ്പേരുണ്ടെന്ന് ഇവിടെ അദ്ധ്യക്ഷൻ സൂചിപ്പിക്കുകയുണ്ടായി. കുറെനേരത്തെ ഇവിടെയുണ്ടായ അപശബ്ദങ്ങൾ ഒരു നല്ല ലക്ഷണമായാണ് ഞങ്ങൾ കാണുന്നതു്. അതു് ഞാൻ എന്റെ അനുഭവത്തിൽനിന്നു പറയുകയാണ്. ഇത്തരം സംഭവങ്ങൾ ഞങ്ങൾക്കെതിരായി പലേടത്തും പലപ്പോഴും ഉണ്ടായിട്ടുണ്ട്. എല്ലാത്തരം രാഷ്ട്രീയചിന്താഗതിക്കാരുമുള്ള ഇത്തരം ഒരു യോഗത്തിൽ പ്രസംഗിക്കുക വാസ്തവത്തിൽ സന്തോഷാവഹമാണ്. പൊതുവിൽ അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതും ഞങ്ങൾ ആത്മാർത്ഥമായി അംഗീകരിക്കുന്നതുമായ വസ്തുതകൾ മററു ചിന്താഗതിക്കാരുടെകൂടി ശ്രദ്ധയിൽ പെടുത്തുവാൻ തരപ്പെടുന്ന ഈ സന്ദർഭം വിലപ്പെട്ടതാണെന്നു ഞാൻ മനസ്സിലാക്കുന്നു.

### ഐ. എൻ. ടി യു സി. യുടെ ചരിത്രം

ഐ. എൻ. ടി. യു. സി. യുടെ പ്രവർത്തനത്തെപ്പററി ചരിത്രപരമായി ചിലതു ഞാനിവിടെ പറയാം. ഇണ്ടക്കു് എന്നു ആക്ഷേപകരമായി സംസാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. കോൺഗ്രസ് തൊഴിലാളിരംഗത്തു പ്രവർത്തിക്കുവാൻ തുടങ്ങിയ ആദ്യകാലഘട്ടങ്ങളിലാണ് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നതു്. ഇന്നു ആ സ്ഥിതി നിശ്ശേഷം മാറിയിട്ടുണ്ട്. അഥവാ മാററിയിട്ടുണ്ട്. ഇന്ത്യയിലെ മുഴുവൻ തൊഴിലാളികളുടേയും പരിചിന്തനത്തിനും ഒട്ടേറെ വിഭാഗങ്ങളുടെ ആനുകൂല്യത്തിനും പാത്രമാകാൻ തക്കവണ്ണം ഇന്നു് അതു വളർന്നുകഴിഞ്ഞിരിക്കുന്നു. ഇണ്ടക്കിന്റെ വളർച്ചയെപ്പററി സ്മരിക്കുമ്പോൾ ഇന്നു ഞങ്ങളുടെ ഹൃദയത്തിൽ ആനന്ദത്തിന്റെ വേലിയേററമുണ്ടാകുകയാണ്. ഇന്ത്യയിലെ എല്ലാ കോണുംകോണുകളിലും വ്യാപകമായി —ശക്തമായി— പ്രവർത്തിക്കുന്ന ഒരു മഹാപ്രസ്ഥാനമായിഇന്നതുവളർന്നുകഴിഞ്ഞിരിക്കുന്നു. അവസാനത്തെ കണക്കനുസരിച്ചാണെങ്കിൽ 1954-ൽ ഇണ്ടക്കിനു 1686000 അംഗങ്ങളുണ്ട്. കമ്മ്യൂണിസ്റ്റുകളുടെ കരാളഹസ്തങ്ങളുടെ നിയന്ത്രണത്തിലുള്ള എ. ഐ. ടി. യു. സി. ക്കു് 648000-ം പി. എസ്. പി. യുടെ നേതൃത്വത്തിലുള്ള കിസാൻ മസ്ദൂർ സഭക്കു് 286000-ം അംഗങ്ങളാണ് ഇന്നിവിടെയുള്ളതു്. ഇന്ത്യയെ സംബന്ധിച്ചുനോക്കുമ്പോൾ ആർ. എസ്. പി. എന്നതു് ഒരു സംഘടനയല്ല. ആർ. എസ്. പി. ക്കു് എവിടെ സംഘടനയുണ്ടെന്നു് ഇവിടത്തെ ആർ. എസ്. പി. ക്കാർക്കു് ആർക്കെങ്കിലും അറിയാമോ എന്നെനിക്കു നിശ്ചയമില്ല. പൂനയിൽ അവർക്കൊരു സംഘടനയുണ്ട്. അവർക്കാകെ ഇന്ത്യയിലുണ്ടെന്നു പറയുന്നതു് ഒരുലക്ഷം തൊഴിലാളികളുടെമാത്രം നേതൃത്വമാണ്. ഞാനീപ്പറഞ്ഞ കണക്കുകൾ അഖിലലോക തൊഴിലാളിസംഘടന എക്കണോമിക്സ് റവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കുകളാണ്. ഈ കണക്കുകൾവച്ചു നോക്കുമ്പോൾ ഇന്നു ഇന്ത്യയിലെ ഏററവും വലിയ തൊഴിലാളിസംഘടന ഐ. എൻ. ടി. യു. സി. യാണെന്നു കാണാവുന്നതാണ്. മഹത്തായ ഈ നിലയിൽനിന്നും ഐ. എൻ. ടി. യു. സി. വീണ്ടും ഇന്നു വളർന്നുകൊണ്ടിരിക്കുകയാണ്. അതിനു തെളിവാണ് ഇവിടെ നടക്കുന്ന ഈ മഹാ സമ്മേളനം. ഏതായാലും ഇണ്ടക്കു് എന്തുകൊണ്ടാണ് ഈ ചെറിയ കാലത്തിനിടയിൽ ഇത്രയും വളർന്നതെന്നു് നമുക്കു ചിന്തിക്കാം. മുപ്പത്തിനാലു വർഷംമുമ്പാണ് ഇന്ത്യയിൽ ഐ. എൻ. ടി. യു. സി. ഉണ്ടായതു്. അന്നു ദേശീയബോധവും, ദേശാഭിമാനവുമുള്ള നമ്മുടെ നേതാക്കൾ സൃഷ്ടിച്ചതായിരുന്നു എ. ഐ. ടി. യു. സി. ഹരിനാഥശാസ്ത്രി, ഗുൽസാരിലാൽനന്ദ തുടങ്ങിയവരായിരുന്നു ആ ദേശീയനേതാക്കൾ. പിന്നെ എങ്ങനെ അതു കമ്മ്യൂണിസ്റ്റുകാരുടെ കൈയിലായി? ആലോചിക്കേണ്ട കാര്യമാണ്. 1942-ൽ "ക്വിററ് ഇന്ത്യാ" എന്നു പറഞ്ഞുകൊണ്ട് മഹാത്മഗാന്ധി ഇവിടത്തെ ദേശീയരംഗത്തു് മറെറന്നത്തേക്കാളുമധികം ഉജ്ജ്വലനായി പ്രത്യക്ഷപ്പെട്ടു. അന്നു ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ രാജ്യത്തിനെതിരായി ഒരു പ്രവർത്തനം നടത്തുകയായിരുന്നു. ഇവിടത്തെ ദേശീയനേതാക്കന്മാരായ ഗാന്ധിയും, പണ്ഡിററുജിയും, പട്ടേലുമെല്ലാം ജയിലിലിലയക്കപ്പെട്ടു. ഈ സന്ദർഭത്തിൽ—ദേശീയനേതാക്കന്മാർ അറസ്റ്റുചെയ്യപ്പെട്ട പുറത്തില്ലാതായ ഈ സന്ദർഭത്തിൽ—ഈ സമരത്തിൽ പങ്കെടുക്കാതെ സമരത്തിനെതിരായി തുരപ്പൻപണി നടത്തിയിരുന്ന കമ്മ്യൂണിസ്റ്റുകാർ എ. ഐ. ടി. യു. സി. യെ പിടിച്ചു പററുകയായിരുന്നു. ഞാൻ കമ്മ്യൂണിസ്റ്റുകാരെമാത്രം ഉദ്ദേശിച്ചല്ല ഇതു പറയുന്നതു്. ആർ. എസ്. പി. ക്കാരേയും ഉദ്ദേശിച്ചാണ്. ഇവർ ഇരുകൂട്ടരും മാർക്സിസത്തിൽ വിശ്വസിക്കുന്നവരാണ്. പരസ്പരം തല്ലുകയും, തെറിപ്പാട്ടു പാടുകയും ചെയ്യുന്നുണ്ടെങ്കിലും ഇവർ രണ്ടുകൂട്ടരും മാർക്സിസ്റ്റുകളാണെന്നാണല്ലോ അവകാശപ്പെടുന്നതു്. എന്താണ് മാർക്സിസം ശക്തമായി അനുശാസിക്കുന്നതു്? തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുവാനാണ്. അദ്ധ്വാനിക്കുന്നവരായ സർവ്വരാജ്യതൊഴിലാളികളേ. സംഘടിക്കുവിൻ എന്നാണ് ചിന്തകനായ മാർക്സ് അദ്ദേഹത്തിന്റെ മാനിഫെസ്റ്റോയിൽ അവസാനമായി പറയുന്നതു്. സംഘടിച്ചിട്ട് പിന്നെന്തുവേണമെന്നാണു പറയുന്നതു്? സംഘടിച്ചു് ബലപ്രയോഗംനടത്തി ഇന്നു നിലവിലുള്ള സകലതിനേയും തകിടംമറിക്കുകയെന്നാണ് അദ്ദേഹം പറയുന്നതു്. കമ്മ്യൂണിസ്റ്റുകാരുടേയും, ആർ. എസ്. പി ക്കാരുടേയും പ്രവർത്തനത്തിന്റെ അത്താണിക്കല്ലു് ഇതാണ്. ഈ തകിടംമറിപ്പുപ്രവർത്തനം നടത്തുന്നതിൽ ഇവർ രണ്ടുകൂട്ടരും അവരുടെ ഗുരുവിനോടുള്ള കടമ ശരിക്കും നിർവ്വഹിക്കുന്നുമുണ്ട്. എവിടേയും എന്തിനേയും തകർക്കുകയാണ് ഇവരുടെ എന്നുമുള്ള പണിയെന്നു നമുക്കറിയാം. ഈ തകിടംമറിക്കാർ അവരുടെ ഗുരുവചനമനുസരിച്ചു തൊഴിലാളികൾക്കിടയിലും പ്രവർത്തനമാരംഭിച്ചു് എ. ഐ. ടി യു. സി. യെ തകിടംമറിച്ചു. ദേശീയനേതാക്കന്മാർ മുഴുവൻ ലോക്കപ്പിലാക്കപ്പെട്ട് ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി ധീരമായ സമരം പ്രഖ്യാപിക്കപ്പെട്ട 1942 ലായിരുന്നു അതു്. എ. ഐ. ടി. യു. സി. യെ മാത്രമല്ല, അന്നത്തെ ദേശീയസമരത്തേയും ഇവർ തകിടംമറിക്കാൻ ശ്രമിച്ചു. അതിനുശേഷം 1947 വരെയുള്ള 5 വർഷം തൊഴിലാളിരംഗത്തു കോൺഗ്രസിനു പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. പിന്നെ പ്രവർത്തനമാരംഭിക്കുന്നതു് 1947 ആഗസ്റ്റ് 15 നുശേഷമാണ്. അതുതന്നെ ഉത്തരേന്ത്യയിൽ ചില ഭാഗങ്ങളിലായിരുന്നു. ഇവിടെ പ്രവർത്തനമാരംഭിക്കുന്നതു് ഏതാണ്ട് ഒരു വർഷം മുമ്പാണ്. സഹ്യസാനുക്കളിലെ തോട്ടംതൊഴിലാളികൾക്കിടയിലും ഫാക്ടറിയിൽ വിയർത്തൊലിച്ചു പണിയെടുക്കുന്ന ഫാക്ടറിത്തൊഴിലാളികൾക്കിടയിലും പ്രവർത്തനമാരംഭിച്ചു. കഴിഞ്ഞ ഏഴുവർഷത്തിനുമുമ്പുമുതൽ എന്റെ നാടായ ആലപ്പുഴയിലെ കയർത്തൊഴിലാളികൾ കമ്മ്യൂണിസ്റ്റുകാരന്റെ കരാളമായ മുഷ്ടിക്കുള്ളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. ആലപ്പുഴ കയർഫാക്ടറി വർക്കേഴ്സ് യൂണിയനെപ്പോലെ കമ്മ്യൂണിസ്റ്റുകാർക്കു സ്വാധീനവും, പിടിയുമുള്ള ഒരു സംഘടന അന്നു് ഇന്ത്യയിലെങ്ങുംതന്നെ അവർക്കുണ്ടായിരുന്നില്ല. ഇണ്ടക്കു പ്രവർത്തനമാരംഭിച്ച കാലത്തു് തൊഴിലാളിയെന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് എന്നാണു വച്ചിരുന്നതു്. ഇത്തരം ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇണ്ടക്കു് അതിന്റെ പ്രവർത്തനം ഇവിടെ ആരംഭിച്ചതെന്നു നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ഇണ്ടക്കിനു് വളരുവാനുള്ള സാഹചര്യങ്ങൾ വളരെ വിരളമായിരുന്നെന്നു മാത്രമല്ല വളരെ പ്രയാസങ്ങളും അതിനിവിടെ നേരിടേണ്ടതായിട്ടുണ്ടായിരുന്നു. ഉത്തരേന്ത്യയിൽ ഇണ്ടക്കിനു വളരുവാൻ ഇവിടത്തേക്കാൾ കൂടുതൽ സൗകര്യങ്ങളും, സാഹചര്യങ്ങളുമുണ്ടായിരുന്നു. അഹമ്മദാബാദിലേയും ബോംബെയിലേയും ടെക്സ്റ്റയിൽ മില്ലുകളിലും, മററു വ്യവസായങ്ങളിലും ഐ എൻ. ടി. യു. സി. അതിന്റെ സ്നേഹശീതളമായ കരങ്ങൾ വിടർത്തി തൊഴിലാളികളെ സ്നേഹപൂർവ്വം സ്വീകരിക്കുകയും, അണിനിരത്തുകയും ചെയ്തുവന്നു. യാതൊരുവിധമായ പണിമുടക്കുകളും കൂടാതെയാണ് അഹമ്മദാബാദിൽ തൊഴിലാളികൾ അവരുടെ സംഘടനകൾ കെട്ടിപ്പടുത്തതും അവരുടെ അവകാശങ്ങൾ നേടിയതും. കഴിഞ്ഞ വർഷംതന്നെ അവിടത്തെ തൊഴിലാളികൾക്കു ബോണസ് ലഭിച്ചതു് 1 കോടി 5 ലക്ഷം രൂപയാണ്. ബോണസ് നൽകിയതു് ലാഭവിതമെന്ന നിലയിലുമായിരുന്നു. മൊത്തവരുമാനത്തിന്റെ 25 ശതമാനമാണ് ബോണസായിനൽകപ്പെട്ടതു്. 20-30 ദിവസം പണിമുടക്കിയിട്ട്, തൊഴിലാളികൾക്കു അന്നത്തെ കൂലി നഷ്ടപ്പെടുത്തിയിട്ട്, ബോണസ്സിനുവേണ്ടിയും മററും സമരം നടത്തുന്ന രീതിയാണു നാമിവിടെ കാണുന്നതു്. എന്നിട്ട് എന്താണു ഒടുവിൽ നേടുന്നതു്? അഞ്ചോ അരയ്ക്കാൽ ശതമാനം ബോണസുമായിരിക്കും. ആക്ഷേപകരവും, പരാജയപൂർണ്ണവുമായ ഇതേപ്പററി തൊഴിലാളികൾ ആലോചിക്കാൻ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിലെ തൊഴിലാളികൾ പ്രബുദ്ധരാണ്. സ്വന്തം കാര്യങ്ങൾ അവർ ശരിക്കും മനസ്സിലാക്കുന്നുമുണ്ട്. ഞാൻ പൂനയിലെ ആർ. എസ്. പി. ക്കാരുടെ യൂണിയൻകാര്യം പറഞ്ഞല്ലോ. അവിടെ 30000 ഇരുമ്പുരുക്കു തൊഴിലാളികളാണുള്ളതു്. ഇതിൽ ഭൂരിപക്ഷം പേരും ഇണ്ടക്കുകാരാണ്. അവിടെ ഈ വർഷം ബോണസായി കിട്ടിയതു് മൊത്തവരുമാനത്തിന്റെ $33\frac{1}{3}$ ശതമാനമാണ്. ഇങ്ങനെ മഹത്തായ നേട്ടങ്ങളുണ്ടാക്കിക്കൊണ്ട്, 1686000 തൊഴിലാളികളെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു മഹാപ്രസ്ഥാനമാണ് ഇണ്ടക്കു്. ഇണ്ടക്കെന്നു ആക്ഷേപകരമായി സംസാരിക്കുന്നവരോടു് എനിക്കു പറയുവാനുള്ളതു് വിഡ്ഢിത്തമേ, അതു് നിന്റെ പേരാണ് എന്നാണ്.

## പ്രസാധകക്കുറിപ്പുകൾ

### മതതത്വങ്ങളിൽ ഒത്തുതീർപ്പും മതനിഷ്പക്ഷതയും അപകടകരം

മതത്തിന്റെ വിശ്വാസതത്വങ്ങളിൽ വിവിധമതങ്ങൾ തമ്മിൽ ഒത്തുതീർപ്പുമനോഭാവം പ്രചരിപ്പിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സാർവ്വദേശീയപ്രസ്ഥാനമാണ് "മോറൽ റീ ആർമമെന്റു മൂവ്മെന്റു്"—ധാർമ്മിക പുനരായുധീകരണപ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ യുക്തിരാഹിത്യത്തേയും അതുവഴി ജനഹൃദയങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മതനിഷ്പക്ഷതാമനോഭാവത്തേയും കത്തോലിക്കാസഭ പല പ്രാവശ്യം വിശദമാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. എങ്കിലും വിനാശകരമായ അതിന്റെ പ്രചാരം അനേകരെ വിശ്വാസരാഹിത്യത്തിലേക്കു വഴിതെളിക്കുകയും, മററനേകരെ സംശയാലുക്കളാക്കിത്തീർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. തന്മൂലം ഹോളി ഓഫീസ് തിരുസംഘത്തിന്റെ സിക്രട്ടറിയായ കർദ്ദിനാൾ പിസാർഡോ കാനഡായിലെ ഡലഗാദപ്പസ്തോലിക്കായ്ക്കയച്ച ഒരു സന്ദേശത്തിൽ ഈ പ്രസ്ഥാനത്തെ നിശിതമായി എതിർത്തിരിക്കുന്നു. സന്ദേശത്തിനാമുഖമായി കർദ്ദിനാൾ തിരുമേനി പറയുന്നതു് ഇപ്രകാരമാണ്: "മോറൽ റീ ആർമമെന്റു പ്രവർത്തനത്തിനു ലോകം മുഴുവനിലും സിദ്ധിച്ചുകൊണ്ടിരിക്കുന്ന ശ്രദ്ധയെ പരിഗണിച്ചും, ഈ വിഷയത്തെ സംബന്ധിച്ചു വിശദീകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു തിരുസിംഹാസനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളെ ആദരിച്ചും അങ്ങശ്രദ്ധയെ 1951-ൽ അപ്പസ്തോലിക് ഡലഗേഷനു അയച്ചിട്ടുള്ള നിർദ്ദേശങ്ങളിലേക്കു ക്ഷണിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു." സന്ദേശം തുടരുന്നു:- "തത്വപരമായോ, ആദ്ധ്യാത്മികജീവിതം സംബന്ധിച്ചോ, കത്തോലിക്കാസഭയിലുള്ള പ്രകൃത്യതീതമായ ഇഷ്ടപ്രസാദമാർഗ്ഗങ്ങളെ സംബന്ധിച്ചോ യാതൊരു പാരമ്പര്യവുമില്ലാത്ത ഒരു പ്രസ്ഥാനത്തിൽ കത്തോലിക്കർ, ചില വൈദികർപോലും സാമൂഹികമോ ധാർമ്മികമോ ആയ ഏതോ ലക്ഷ്യങ്ങളെ, അവ പ്രശംസാർഹങ്ങളായാൽതന്നെയും, ആരാഞ്ഞുപോകുന്നു എന്നു കാണുന്നതിൽ ഈ തിരുസംഘം ആശ്ചര്യപ്പെടുകയാണ്. പ്രസ്തുത സംഘടന നടപ്പാക്കുന്ന മാർഗ്ഗങ്ങളും പദ്ധതികളുമാണ് കത്തോലിക്കാസഭ നിർദ്ദേശിക്കുന്നവയേക്കാൾ ലക്ഷ്യപ്രാപ്തിക്കു കൂടുതൽ ഫലപ്രദമെന്നു വിശ്വസിച്ചു വ്യാമോഹാത്മകമായ ഉത്സാഹപ്രകർഷത്തോടുകൂടി ചിലർ പ്രവർത്തിക്കുന്നതു കൂടുതൽ അത്ഭുതാവഹമായിരിക്കുന്നു. മതതത്വങ്ങളെ കൂട്ടിക്കലർത്തുന്നതും മതനിഷ്പക്ഷതയെ ഉളവാക്കുന്നതുമായ ഈ പ്രസ്ഥാനത്തിന്റെ വിപത്തിനെപ്പററി നൽകപ്പെട്ടിട്ടുള്ള മുന്നറിയിപ്പുകൾ ഒരിക്കലും അവഗണിക്കപ്പെടാവുന്നവയല്ല." 1951-ലെ നിർദ്ദേശങ്ങളിൽ പ്രധാനമായും പ്രസ്പഷ്ടമായും പ്രസ്താവിച്ചിരുന്നതു്, യാതൊരു വൈദികനോ സന്യാസിയോ, സന്യാസിനിയോ, ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുതെന്നും, ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കാരണങ്ങളുണ്ടായിരുന്നാൽതന്നെയും തിരുസംഘത്തിന്റെ മുൻകൂട്ടിയുള്ള അനുമതി സിദ്ധിക്കാതെ അവയിൽ സംബന്ധിക്കരുതെന്നും, യാതൊരു വിശ്വാസിയും അതിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗങ്ങൾ സ്വീകരിക്കുകയോ, അതിന്റെ ഉപദേശകസമിതിയിൽ സംബന്ധിക്കുകയോ ചെയ്യരുതെന്നുമായിരുന്നു. 1938-ൽ കർദ്ദിനാൾ ഹിൻസിലി തിരുമനസ്സുകൊണ്ട് കത്തോലിക്കർക്ക നൽകിയ നിർദ്ദേശം ഇപ്രകാരമായിരുന്നു:- "യാതൊരു കത്തോലിക്കനും അതിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ അതോടു മനഃപൂർവ്വം സഹകരിക്കുകയോ ചെയ്യരുതാത്തതാണ്. കാരണം, എല്ലാ മതങ്ങളും ഒരുപോലെ നല്ലവയാണ് എന്നുള്ള അബദ്ധസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രസ്ഥാനമാകയാൽ അതു മതനിഷ്പക്ഷതയെയാണ് പരിലാളിക്കുന്നതു്." ഈ മുന്നറിയിപ്പുതന്നെ 1946-ൽ ഇംഗ്ലണ്ടിലേയും വെയ്‌സിലേയും ഹയരാർക്കിയും 1952-ൽ ഇന്ത്യയിലെ ഹയരാർക്കിയും ആവർത്തിക്കുകയുണ്ടായിട്ടുണ്ട്. ഈ പ്രസ്ഥാനം 1909-ൽ അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ന്യൂജെഴ്സിയിൽ ഡോക്ടർ ഫ്രാങ്കു ബുക്കുമാൻ എന്ന ഒരു ലൂതറൻ മിനിസ്റ്റർ സമാരംഭിച്ചതാണ്. അതു് "മോറൽ റീ ആർമമെന്റു് മൂവ്മെന്റു്", "ഓക്സ്ഫോർഡ് ഗ്രൂപ്പ് മൂവ്മെന്റു്", "ബുക്കുമാനിസ്സം" എന്നെല്ലാം ഓരോ സ്ഥലത്തും വിവിധനാമധേയങ്ങളിൽ അറിയപ്പെടുന്നു. എല്ലാ രാജ്യങ്ങളിലും മതാധികാരികൾ അതിന്റെ നാശഫലങ്ങളെ വിശദീകരിച്ചു ജനങ്ങളെ ഉൽബോധിപ്പിച്ചിട്ടുണ്ട്. "റോട്ടറിക്ലബ്" "വൈ. എം. സി. ഏ." മുതലായ സംഘടനകളെ സംബന്ധിച്ചും കത്തോലിക്കർക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ ഈ അടിസ്ഥാനതത്വങ്ങളെ ആധാരമാക്കിയുള്ളതാണ്.

* * *

# മദ്ധ്യപ്രദേശത്തെ ഒരു സാമ്പിൾ കേസ്

ഇന്ത്യയിൽ വിദേശമിഷ്യനറിമാർക്കും ക്രിസ്ത്യാനികൾക്കും എതിരായി അക്രമങ്ങൾ പ്രവർത്തിക്കുന്നതിനു കുപ്രസിദ്ധിനേടിക്കഴിഞ്ഞിരിക്കുന്ന മദ്ധ്യപ്രദേശത്തെ ഭരണാധികാരികളും അക്രമികളും നടത്തിപ്പോരുന്ന അഴിമതികളുടെ ഒരു മാതൃകാസംഭവം കൽക്കട്ട ഹെറാൾഡിന്റെ ഒരു പ്രത്യേകലേഖകൻ സെപ്റ്റംബർ 11-ാംനു-യിലെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. മദ്ധ്യപ്രദേശത്തു കുങ്കുറി എന്ന സ്ഥലത്തു പ്രബലനായ ഒരു "സാധു" പോലീസിന്റേയും അധികാരികളുടേയും പിന്തുണയോടെ സ്വേച്ഛാധിപത്യം നടത്തുകയാണ്. അവിടത്തെ ലയോളാഹൈസ്കൂളിലെ അദ്ധ്യാപകനായ നോർബർട്ട മാസ്റ്ററുടേയും 9 കത്തോലിക്കാ വിദ്യാർത്ഥികളുടേയും പേരിൽ, അവർ വിപ്ലവമുണ്ടാക്കുകയും കയ്യേറ്റംചെയ്യുകയും ചെയ്തു എന്നൊരു കേസുണ്ടാക്കിയിരിക്കുന്നു. അതിന്റെ യഥാർത്ഥ വസ്തുതകൾ വളരെ വിചിത്രമാണ്: മഹാരാജ് റംബാലി എന്നു വിളിക്കപ്പെടുന്ന ഒരാളും ഡ്രൈവർ സ്വാമി സരസ്വതി രാമാനുജ എന്ന "സാധു"വുമാണ് ഇതിലെ സൂത്രധാരന്മാർ. സാധുവും കിങ്കരന്മാരുംകൂടി ഫെബ്രുവരി 22-ാംനു- ലയോള സ്കൂളിൽവന്നു നോർബർട്ടുമാസ്റ്ററെ ആക്രമിച്ചു. സാധു അവരുടെ പുറകിൽനിന്നു "മാരോ, മാരോ, കട്ടാംകാരോ" എന്നട്ടഹസിച്ചുകൊണ്ടു അവരെ പ്രേരിപ്പിച്ചിരുന്നു. സ്കൂൾവിട്ട സമയമായിരുന്നു. തോട്ടത്തിൽ ജോലിചെയ്തുകൊണ്ടിരുന്ന രണ്ടു വേലക്കാർ ഇതുകണ്ടു നിലവിളികൂട്ടി. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കുട്ടികൾ ഓടിയെത്തി. സാധു ഓടിമറഞ്ഞു. മഹാരാജ് ഒരു കഠാരി ഉയർത്തിപ്പിടിച്ചു കുട്ടികളെ ഭയപ്പെടുത്താൻ ശ്രമിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഫാദർ സൈമൺ ടിർക്കിയും മിഷ്യൻ സുപ്പീരിയർ ഫാദർ ജോൺ ബ്രൗക്കൻസും ഓടിയെത്തുകയും ഒരുവിധത്തിൽ നോർബർട്ടുമാസ്റ്ററെ രക്ഷപെടുത്തുകയും അക്രമിയെ കഠാരിയോടുകൂടി പിടിച്ചു ബന്ധിക്കുകയുംചെയ്തു. അവരെല്ലാവരുംകൂടി പ്രതിയെ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി വഴിക്കുവച്ചു സാധുവിന്റെ ജീപ്പു അവരുടെ നേരെ പാഞ്ഞുവന്നു ബന്ധനസ്ഥനായ അക്രമിയെ പിടിച്ചു അതിൽ കയറ്റി അപ്രത്യക്ഷപ്പെട്ടു. മാസ്റ്ററും കൂട്ടരും ചെന്നു പോലീസിൽ വിവരങ്ങളെല്ലാം അറിയിക്കുകയും മാസ്റ്ററെ ഡോക്ടറുടെ പരിശോധനയ്ക്കു വിധേയനാക്കുകയും ചെയ്തു. സാധുവും പാർട്ടിയും പിന്മാറിയില്ല. അയാൾ എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും കമ്പിയടിച്ചു, പോലീസിൽ ഒരു സ്റ്റേറ്റുമെന്റും കൊടുത്തു. ആറു മിഷ്യനറിമാർ കൂടി തോക്കുകളും കഠാരികളുംകൊണ്ടു അവരെ ആക്രമിച്ചു എന്നും സാധുവിന്റെ 750 ക. അവർ തട്ടിയെടുത്തുവെന്നുമായിരുന്നു പരാതി. കക്ഷികൾ വലിയ വെച്ചുകെട്ടലുകളോടുകൂടി ഗ്രാമത്തിൽ ചുററിസഞ്ചരിച്ചുകൊണ്ടിരുന്നു, ജനങ്ങളെ ഇതു ബോദ്ധ്യപ്പെടുത്തുവാൻ. പോലീസ് അന്വേഷണം തുടങ്ങി. നോർബർട്ടുമാസ്റ്ററുടെ വീടു പരിശോധിച്ചു. നാലു മിഷ്യനറിമാരേയും വിദ്യാർത്ഥികളേയും വിളിച്ചുനിർത്തി 5 മണിക്കൂർ തെളിവെടുത്തു. സർക്കിൾ ഇൻസ്പെക്ടരും, ററു പ്രധാനികളും ഇതിൽ സന്നിഹിതരായിരുന്നു. പോലീസിന്റെ ഡിസ്ട്രിക്ട് സൂപ്രണ്ടുതന്നെ സ്കൂളിലെത്തി തെളിവെടുത്തു. ഇതിന്റെ എല്ലാം ഫലം രണ്ടു ദിവസത്തിനുശേഷം, ഫെബ്രുവരി 22-ാംനു- അക്രമം പ്രവർത്തിച്ചു എന്ന കുററംചുമത്തി നോർബർട്ടുമാസ്റ്ററും 9 വിദ്യാർത്ഥികളും അറസ്റ്റുചെയ്യപ്പെട്ടു. ഏപ്രിൽ 29 മുതൽ 7 പ്രാവശ്യം ഈ കേസ് അവധിമാററി. ജൂലൈ 9 ാംനു- കേസ് ഒന്നാംക്ലാസിലേക്കു സ്ഥലം മാററി. ഇനിയും അറിഞ്ഞുകൂടാ എന്നാണ്, എവിടെവച്ചാണ് കേസുവിസ്തരിക്കാൻപോകുന്നതെന്നു്. ഇപ്പോൾ റാഞ്ചി സെന്റു സേവിയേഴ്സ് കോളേജിൽ പഠിക്കുന്ന ഇതിൽ പ്രതികളായ 3 വിദ്യാർത്ഥികൾക്കു ഓരോ തവണയും 100 മൈലിലധികം യാത്രചെയ്യണം കോടതിയിൽ ഹാജരാകുന്നതിനു്. നോക്കണം ഒരു കേസിന്റെ സാമ്പിൾ. ഇങ്ങനെ അഴിച്ചുവിട്ടിരിക്കുന്ന എത്ര അക്രമികളാണ് മദ്ധ്യപ്രദേശത്തു പാവപ്പെട്ട വിദേശമിഷ്യനറിമാരേയും ക്രിസ്ത്യാനികളേയും കണ്ടമാനം കഷ്ടപ്പെടുത്തുന്നതെന്നും കള്ളക്കേസ്സുകളിൽപെടുത്തുന്നതെന്നും മനസ്സിലാക്കുന്നതിനു ഒരു മാതൃകകാണിച്ചു എന്നുമാത്രം.

## കൃതജ്ഞത

ഈശോയുടെ പരി. തിരുഹൃദയത്തിന്റെ അനുഗ്രഹത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു കൃതജ്ഞത.

മിസ്സ് മുണ്ടശ്ശേരി

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

15 വ്യാ: വി. നിക്കോമീദിസ്
16 വെ: വി. കൊർണേലിയസും കുപ്രീയാനോസും
17 ശ: വി. ഫ്രാൻസീസ് അസ്സീസിയുടെ അഞ്ചു മുറിവുകൾ
18 ഞാ: പന്തക്കുസ്താ 16-ാം ഞായർ. ക. മറിയത്തിന്റെ ഏഴു വ്യാകുലങ്ങൾ
19 തി: വി. യാനുവാരിയോസും കൂട്ടരും
20 ചൊ: വി. അഗാപ്പിററസ്
21 ബു: വി. മത്തായി ശ്ലീഹാ

വാരാന്ത്യവീക്ഷണം

# ഉത്തരാഫ്രിക്കയിലെ സ്വാതന്ത്ര്യസമരം

[സി. ഐ. ജോൺ]

കൊളോണിയലിസത്തിന്റെ കെടുതിയിൽപ്പെട്ടു് ഏററവും കൂടുതൽ യാതനയനുഭവിക്കുന്ന ആഫ്രിക്കൻജനത അവരുടെ സ്വാതന്ത്ര്യാഭിലാഷം പൂർത്തിയാക്കുവാൻ തുടങ്ങിയ സമരം അടിച്ചമർത്തുന്നതിനുവേണ്ടി സാമ്രാജ്യശക്തികൾ അവരുടെ സർവ്വകഴിവും ഉപയോഗിക്കുന്ന ഒരു കാലഘട്ടമാണിതെന്നു പറയാം. ദൂരവ്യാപകമായ ഫലങ്ങളൊന്നുംതന്നെ ഇനി തങ്ങൾക്കു നേടുവാൻ സാദ്ധ്യമല്ലെന്നു് സാമ്രാജ്യശക്തികൾ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അറിഞ്ഞിരുന്നുകൊണ്ടുതന്നെയാണ് ഈ അവസാനനിമിഷത്തിൽ സാമ്രാജ്യത്വത്തിന്റെ തനിനിറം തുറന്നുകാണിക്കുന്നതു്.

1056000 ചതുരശ്രമൈൽ വിസ്താരത്തിൽ 220 ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ ഉത്തരാഫ്രിക്കൻ ഭൂവിഭാഗം ഫ്രാൻസിന്റെ അധീനതയിൽ ഇന്നു കഴിഞ്ഞുവരുകയാണ്. ലോകത്തിലെ ഏററവും വലിയ രണ്ടു മരുഭൂമികളും ചരിത്രപ്രധാനമായ മററു പല സ്ഥലങ്ങളും. അനേകം ഖനനസ്ഥലങ്ങളും ഈ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. അതിൽ 850000 ചതുരശ്രമൈൽ വിസ്താരമുള്ള അൾജീറിയാ ഫ്രഞ്ചുഗവമ്മെന്റിന്റെ നേരിട്ടുള്ള ഭരണത്തിലാണ്. മൊറോക്കോയിലും ടുണീഷ്യയിലും ഓരോ ഭരണാധികാരികളുമുണ്ട്. പരിഷ്കൃതരാജ്യങ്ങൾ അപരിഷ്കൃതമേഖലകളെ താവളമാക്കുമ്പോൾ അവിടത്തെ അപരിഷ്കൃതരായ ജനങ്ങളെ ഉയർത്തി അവരുടെ ജീവിതം ശോഭനമാക്കുന്നതിനുവേണ്ടി പരിശ്രമിക്കണമെന്നുള്ള തത്വം ഫ്രാൻസ് അംഗീകരിച്ചിട്ടില്ല. ഫ്രാൻസ് ഉത്തരാഫ്രിക്കയിൽ കോളനിവാഴ്ച ഉറപ്പിച്ചതിനുശേഷം അവിടത്തെ അപരിഷ്കൃതവർഗ്ഗക്കാർക്ക് യാതൊരുയർച്ചയും ഉണ്ടായിട്ടില്ലെന്നുള്ളതു് ആഫ്രിക്കയെപ്പററി ചരിത്രപരമായി പഠിച്ചിട്ടുള്ളവർക്കറിയാം. ഈ പ്രദേശങ്ങളിലുള്ള 80 ശതമാനംപേരും ആദിമവർഗ്ഗക്കാരായ ബർബേറന്മാരാണ്. ഏതാണ്ടു് 128 കൊല്ലങ്ങൾക്കുമുൻപു് ഈ പ്രദേശം ആക്രമിച്ചുകീഴടക്കി തങ്ങളുടെ സ്വന്തമെന്ന ഭാവത്തിൽ കരുതിപ്പോരുന്ന ഫ്രഞ്ചുകാർ വളരെ ന്യൂനപക്ഷമാണവിടെ. എന്നാൽ രാഷ്ട്രീയരംഗത്തും സാമ്പത്തികരംഗത്തും ഏററവും കൂടുതൽ ഉയർച്ച് അവിടെ ഫ്രഞ്ചുകാർക്കാണ്. നാട്ടുകാർക്കു ശാസ്ത്രീയമായി വളരുവാനുള്ള യാതൊരു സാഹചര്യങ്ങളും ഫ്രഞ്ചുഗവമ്മെന്റു് ചെയ്തുകൊടുത്തിട്ടില്ല. പഴയ രീതിയനുസരിച്ചുള്ള കൃഷിസമ്പ്രദായങ്ങളിൽ ആദായകരമല്ലാത്ത കൃഷിമാർഗ്ഗങ്ങൾ സ്വീകരിച്ചു് അവർ വിഷമിക്കുകയാണ്. ഇങ്ങനെ രാഷ്ട്രീയവും സാമ്പത്തികവുമായ പരാധീനതകളുടെ നടുവിൽപ്പെട്ടു് നട്ടംതിരിയുന്ന അവിടത്തെ ജനങ്ങൾ സ്വാതന്ത്ര്യത്തിനും ജീവിതാവകാശത്തിനുംവേണ്ടി സമരപ്രഖ്യാപനം ചെയ്തിരിക്കുകയാണ്.

ഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾ അവരുടെ പരാധീനതാബോധം ശരിക്കു മനസ്സിലാക്കിയതാണ് ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുശേഷം ഈ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള ദേശീയമുന്നേററത്തിനു കാരണം. ഇവയെ ശരിയാംവിധത്തിൽ മനസ്സിലാക്കി ആഫ്രിക്കൻ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യംകൊടുക്കണമെന്നു് അഭിലഷിച്ചിട്ടുള്ള വളരെയേറെയാളുകൾ ഫ്രാൻസിലുണ്ടായിട്ടുണ്ടു്, ഇന്നും ജീവിച്ചിരിപ്പുമുണ്ടു്. കൊളോണിയൽ പ്രവണതകൾക്കെതിരായി പോരാടുകയാണു തങ്ങളുടെ ലക്ഷ്യമെന്നും മററും വീമ്പടിക്കാറുള്ള കമ്മ്യൂണിസ്റ്റുകൾക്കു് (ഫ്രഞ്ചു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു്) ആഫ്രിക്കയിലെ ഫ്രഞ്ചു് കോളനിവാഴ്ചയെപ്പററി യാതൊന്നും പറയുവാനില്ലാതെ പോയതെന്താണ്? ഫ്രാൻസിലെ കമ്മ്യൂണിസ്റ്റു പാർട്ടി അങ്ങേയററം ആഫ്രിക്കൻജനതയെ വഞ്ചനംചെയ്യുന്നതിനു കൂട്ടുനില്ക്കുകയാണ്. "കൊളോണിയലിസം ഒരു സങ്കീർണ്ണമായ പ്രശ്നമാണെന്നും അതിനു പ്രാദേശികസ്വഭാവമില്ലെന്നും" ഫ്രഞ്ചുകമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഔദ്യോഗികപത്രം ഈയിടെ എഴുതുകയുണ്ടായി. കൂടാതെ ആർക്കും ദോഷമില്ലാത്ത തരത്തിൽ കൊളോണിയലിസത്തെപ്പററി പ്രസ്തുത പത്രം എഴുതിയിരുന്നതു മറന്നുകൊണ്ടല്ല ഇതെഴുതുന്നതു്. എങ്കിലും ഫ്രഞ്ചു് കമ്മ്യൂണിസ്റ്റു പാർട്ടി ഉത്തരാഫ്രിക്കൻ പ്രശ്നത്തിൽ അവരുടെ തനിനിറം വ്യക്തമാക്കുകയാണുണ്ടായിട്ടുള്ളതു്.

ഈ സംരക്ഷിതപ്രദേശങ്ങൾക്കു് ആഭ്യന്തരസ്വയംഭരണം നല്കണമെന്നാണ് ഫ്രാൻസിലെ ഇടതുപക്ഷകക്ഷികളുടെ അഭിപ്രായം. എന്നാൽ വലതുപക്ഷകക്ഷികൾ ഈ നിലയിൽ തുടരണമെന്നും അഭിപ്രായമുള്ളവരാണ്. യാതൊരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷമില്ലാത്ത ഫ്രഞ്ചു് പാർലമെന്റിൽ ഒരു പ്രശ്നത്തിനും വ്യക്തമായ സമാധാനം കാണുക അസാദ്ധ്യവുമാണ്. 20 കോടിയിൽപ്പരം ഡോളർ പ്രതിവർഷം സൈനികച്ചെലവുകൾക്കായി ഈ ഒരു പ്രശ്നത്തിന്റെപേരിൽ ഫ്രാൻസ് ചെലവഴിക്കുന്നുണ്ടു്. ഈ ബഡ്ജററ് പാസാക്കിവിടുവാൻ യാതൊരു കക്ഷിക്കും മടിയുമില്ല. 2 ലക്ഷത്തിലധികംവരുന്ന സൈന്യങ്ങളേയാണ് ഉത്തരാഫ്രിക്കൻപ്രദേശത്തെ ദേശീയമുന്നേററത്തെ അമർച്ചചെയ്യുന്നതിനുവേണ്ടി ഫ്രാൻസ് നിയോഗിച്ചിട്ടുള്ളതു്. 19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽനിന്നും ഭരണപരമായി ഉയർന്നിട്ടില്ലാത്ത ഫ്രഞ്ചുഗവമ്മെന്റു് ഉത്തരാഫ്രിക്കയിൽ ആളിക്കത്തുന്ന ദേശീയമുന്നേററത്തെ അമർച്ചചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കുന്ന യാതൊരു തന്ത്രത്തിനും അവരുദ്ദേശിക്കുന്ന ഫലം കിട്ടുകയില്ലെന്നു മാത്രമല്ല അതു് സ്വാതന്ത്ര്യത്തിലേക്കു അനുദിനം നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുമെന്നു് മനസ്സിലാക്കേണ്ടതുണ്ടു്.

ഫ്രഞ്ചുകാർക്കും ഫ്രഞ്ചനുഭാവികളായ അറബികൾക്കുമെതിരായി അൾജീറിയായിൽ പ്രവർത്തിക്കുന്ന നിയമവിരുദ്ധസേന വാസ്തവത്തിൽ ഫ്രഞ്ചു് കൊളോണിയലിസത്തിന്റെ ഒരു "കാല"നായിത്തീർന്നിരിക്കുകയാണ്. ഇൻഡോചൈനാ പ്രശ്നത്തിൽ ഫ്രാൻസെടുത്ത നയവും ആ നയത്തിന്റെ പരാജയഭാവങ്ങളും അതുകൊണ്ടു് അവിടെ കമ്മ്യൂണിസ്റ്റു് നുഴഞ്ഞുകയററത്തിനു കളമൊരുക്കിക്കൊടുത്തതും അതിനാൽ ഇന്നും ഫ്രഞ്ചുകാർക്കു വന്നിട്ടുള്ള അപമാനം തീരാതിരിക്കെ വീണ്ടും അതുപോലുള്ള മർദ്ദനനയങ്ങൾ സ്വീകരിക്കുന്നതിന്റെ രഹസ്യം കമ്മ്യൂണിസ്റ്റു് നുഴഞ്ഞുകയററത്തിനു് സാദ്ധ്യതകൾ കൂട്ടുകയാണോയെന്നു സംശയിക്കേണ്ടതായി വരും. ഫ്രാൻസിന്റെ ഈ കൊളോണിയൽപ്രവണത സ്വമനസ്സാലെ ഉപേക്ഷിക്കുന്നില്ലെങ്കിൽ അന്താരാഷ്ട്രരംഗത്തു് അവർക്കു് തലഉയർത്തുവാൻ സാധിക്കാതെവരും എന്ന സംഗതി ഒരു പരമാർത്ഥം മാത്രമാണ്.

—o—

## പുനരൈക്യരജതജൂബിലി സ്പെഷൽ

പുനരൈക്യരജതജൂബിലി സമാപനമഹാമഹം പ്രമാണിച്ചു സത്യദീപത്തിന്റെ ഒരു സ്പെഷൽ പതിപ്പായിരിക്കും സെപ്റ്റംബർ 21-ാംനു- പുറപ്പെടുക. പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി വിനീതസേവനമനുഷ്ഠിച്ചുപോരുന്ന സത്യദീപത്തിനു ഈ മഹാ സന്തോഷത്തിൽ പങ്കുകൊള്ളുവാൻ അത്യാനന്ദമുണ്ടു്. പുനരൈക്യം വിരാജിക്കട്ടെ!


# മലബന്ധവും മററു രോഗങ്ങളും

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിന്റെ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്ട്രബിൾ-അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ടു് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിന്റേയും വായുവിന്റേയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്കു് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങൾക്ക് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദുഷ്ടാംശങ്ങൾ കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേർന്നിരുന്നു് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞു് പോവുക, രക്തംകലർന്നു് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പുണ്ണാധിക്യം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏങ്ങൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദുഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

# മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജാരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറു്, കടല, മോരു്, മുളകു് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണ്

ദ്രാക്ഷാഘൃതം 5/8 (അരേമുക്കാൽ) റാ കുപ്പി 1ക്കു് 4-0-0

5ക. മുൻകൂർ അയക്കുന്നവർക്കു് റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണ്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററ സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

## കാളൻ, നെല്ലായി.



ചന്ദ്രിക REGD. ഔഷധസോപ്പ്

ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്

S.V.PRODUCTS, IRINJALAKUDA

ആദ്ധ്യാത്മികവീഥി

# ജ്ഞാനവായന

(തുടർച്ച)

ദൈവത്തിന്റെ പ്രിയ മക്കളേ,

കഴിഞ്ഞ കത്തിൽ ജ്ഞാനവായനയുടെ വൈശിഷ്ട്യത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. ഇനി ഏതു പുസ്തകങ്ങളാണ് ഉപയോഗിക്കേണ്ടതെന്നു നോക്കാം.

നമ്മുടെ കർത്താവിന്റെ ജീവചരിത്രവും പഠനങ്ങളും ഉൾക്കൊള്ളുന്ന സുവിശേഷങ്ങളാണ് ജ്ഞാനവായനയ്ക്കു ഏററവും നല്ല പുസ്തകം. സകല വിശുദ്ധിയും പുണ്യപൂർണ്ണതയും നമ്മുടെ കർത്താവീശോമിശിഹായെ അനുകരിക്കുന്നതിലാണല്ലോ അടങ്ങിയിരിക്കുന്നതു്. നാം മനസ്സിരുത്തി സുവിശേഷങ്ങൾ വായിച്ചാൽ അങ്ങയെ നേരിട്ടു കണ്ടു പഠിക്കുന്നതിനും അങ്ങയുടെ ഉപദേശങ്ങൾ ശ്രവിക്കുന്നതിനും നമ്മുടെ ജീവിതത്തെ അങ്ങയുടേതിനോടു നിവൃത്തിയുള്ളിടത്തോളം അനുരൂപപ്പെടുത്തുന്നതിനും എളുപ്പമുണ്ടാകും.

സുവിശേഷങ്ങൾ കഴിഞ്ഞാൽ പിന്നെ ഏററവും വിശേഷമായിട്ടുള്ളതു് നടപടിയും ലേഖനങ്ങളുമാണ്. അവയിൽനിന്നു നമ്മുടെ കർത്താവിനോടു നേരിട്ടു പഠിച്ച ശിഷ്യന്മാർ എങ്ങനെ അങ്ങയെ അനുകരിച്ചെന്നു കാണാം. കൂടാതെ സുവിശേഷപഠനങ്ങളുടെ ശരിയായ വിശദീകരണവും നമുക്കു മനസ്സിലാക്കാം.

അടുത്ത സ്ഥാനം വഹിക്കുന്നതു പഴയ നിയമഗ്രന്ഥങ്ങളാണ്. അവയിൽ ദാവീദിന്റെ സങ്കീർത്തനങ്ങൾ, പ്രസംഗകൻ മുതലായ പുസ്തകങ്ങൾ ആർക്കും എപ്പോഴെങ്കിലും വായിക്കാമെങ്കിലും ചരിത്രപരമായും മററുമുള്ള ചില ഗ്രന്ഥങ്ങൾ എന്തുദ്ദേശത്തോടുകൂടി എന്തു സാഹചര്യങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു എന്നും മററും മുൻകൂട്ടി മനസ്സിലാക്കി ഒരുങ്ങാതെ വായിക്കുന്നതുകൊണ്ടു ചിലപ്പോൾ അപക്വബുദ്ധികൾക്കു ഉപദ്രവംപോലും ഉണ്ടാകാൻ പാടുണ്ടു്.

വിശുദ്ധന്മാർ പുണ്യജീവിതത്തെപ്പററി സ്വാനുഭവങ്ങളിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾക്കു ഒരു പ്രത്യേക വിശേഷതയുണ്ടു്. സുവിശേഷപഠനങ്ങൾ തങ്ങളുടെ പ്രത്യേക സ്ഥലകാലസാഹചര്യങ്ങളിൽ എങ്ങനെയാണു പ്രായോഗികമാക്കേണ്ടതെന്നു അവ നമ്മെ ഗ്രഹിപ്പിക്കുന്നു. സ്വയം അഭ്യസിച്ചിട്ടില്ലാത്തവർ തത്വപരമായി വല്ല സുകൃതങ്ങളെക്കുറിച്ചും എഴുതിയാൽ മററതുപോലെ അത്ര പ്രായോഗികമായിരിക്കയില്ലെന്നു വിശദമാണല്ലോ.

പുണ്യവാന്മാരുടെ ജീവചരിത്രങ്ങളും ജ്ഞാനവായനയ്ക്കു വളരെ ഉപകാരപ്രദങ്ങളാണ്. അവരിൽ ഉണ്ടായിരുന്ന സ്വാഭാവിക ബലഹീനതകളെക്കുറിച്ചു് ഒന്നും മിണ്ടാതെ പുണ്യങ്ങൾമാത്രം എടുത്തു പ്രദർശിപ്പിക്കുന്ന ചരിത്രങ്ങളെക്കാൾ നല്ലതു് എല്ലാവശങ്ങളും എടുത്തുകാണിക്കുന്നവയാണ്. അവരും നമ്മെപ്പോലെ ബലഹീനതകൾക്കു വശംവദരായിരുന്നുവെന്നു കാണുന്നതു് അവരെ അനുകരിച്ചു് പുണ്യത്തിൽ വർദ്ധിക്കാൻ നമുക്കു ധൈര്യപ്രദമാണല്ലോ. പൊതുവെ ഇത്രയും പറഞ്ഞെങ്കിലും നമുക്കുവേണ്ട പുസ്തകങ്ങൾ ആത്മപിതാവിനോടു ചോദിച്ചു തിരഞ്ഞെടുക്കുന്നതു കൂടുതൽ ഉപകാരപ്രദമായിരിക്കും.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

## ഇടവകവാർത്തകൾ

**കുമ്പളം:** കുമ്പളം പള്ളിയങ്കണത്തിൽ ചേതോഹരമായി പണിതീർത്തിട്ടുള്ള പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോ ആശീർവ്വദിക്കുന്നതിനു് എറണാകുളം അതിരൂപതാസഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് സെപ്റ്റംബർ 4-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു് സ്ഥലത്താഗതനായി. ബോട്ടുജെട്ടിയിൽവച്ചു കുമ്പളംപഞ്ചായത്തുപ്രസിഡൻറു് ശ്രീ രാഘവപ്പണിക്കർ മുതലായവർ തിരുമേനിയെ ഹാരമണിയിച്ചു. അനന്തരം തിരുമേനി ദേവാലയത്തിലേക്കാനയിക്കപ്പെടുകയും പല വൈദികരുടേയും നിരവധി ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ ആശീർവ്വാദകർമ്മം നിറവേററുകയുംചെയ്തു. തദവസരത്തിൽ ദൈവമാതൃഭക്തിയെ പുരസ്കരിച്ചു് തിരുമേനി ഒരു ലഘുപ്രസംഗം ചെയ്തു. പള്ളിമേടയിൽവച്ചു നടന്ന കാപ്പിസല്ക്കാരത്തിനുശേഷം തിരുമേനി, ശയ്യാവലംബിയായി കിടക്കുന്നയാളും ഗ്രോട്ടോ പണിക്കുവേണ്ട ധനവ്യയം ചെയ്തയാളുമായ ശ്രീ പി ജെ. മാത്തൻ അവർകളേയും മററു ചില രോഗികളേയും ചെന്നുകണ്ടു് ആശീർവ്വദിക്കുകയും അവർക്കു സദുപദേശങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. ആറരമണിയോടെ തിരുമേനി എറണാകുളത്തേക്കു മടങ്ങി.

**മൂന്നുമുറി:** ഈ പള്ളിയിടവക നാരകാത്തോളി എന്ന സ്ഥലത്തു് പരിയാരം പള്ളിയിടവക കീഴക്കൂടൻ ശ്രീ കുഞ്ഞിപൗലോസ് ദാനമായി കൊടുത്ത സ്ഥലത്തു് വി. അഗ്ഗസ്തീനോസ് പുണ്യവാന്റെ നാമധേയത്തിൽ പണിയിച്ചിട്ടുള്ള കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മവും ആദ്യകുർബാനയർപ്പണവും മൂന്നുമുറി പള്ളിവികാരി റവ. ഫാദർ ജോസഫ് കള്ളിയത്തു് അവർകൾ ആഗസ്റ്റ് 28-ാംനു- നിർവ്വഹിച്ചിരിക്കുന്നു. തലേദിവസം 4 മണിക്കു് മൂന്നുമുറി പള്ളിയിൽനിന്നും പുറപ്പെട്ട പ്രദക്ഷിണം നാരകാത്തോളി കുരിശുപള്ളിയിൽ എത്തുകയും 6 മണിക്കു് ലദീഞ്ഞു നടത്തുകയുംചെയ്തു. നാരകാത്തോളി എന്ന സ്ഥലം ഏതാണ്ടു് 3 കൊല്ലംമുൻപു ഘോരവനമായിരുന്നു. തിരുവിതാംകൂറിൽനിന്നും കുടിയേറിപ്പാർത്തിട്ടുള്ള ജനങ്ങളുടെ പ്രയത്നഫലമായി ഇവിടെ ഒരു കുരിശുപള്ളി പണിതുണ്ടാക്കുവാൻ സാധിച്ചു.

**വൈക്കം:** വൈക്കം കാത്തലിക്ക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 24-ാംനു- ചിത്രപ്രദർശനത്തോടുകൂടിയ ഒരു പ്രസംഗം ഡോ. എം. സി. മാത്യൂസ് എം. ബി. ബി. എസ്. നിർവ്വഹിക്കുകയുണ്ടായി. ക്ലബ്ബിന്റെ വൈസ്പ്രസിഡൻറു് റവ. ഫാദർ ജോൺ റാത്തപ്പിള്ളി സ്വാഗതപ്രസംഗവും സെക്രട്ടറി പി. എം. കുര്യാക്കോസ് ബി. എ ബി. എൽ. കൃതജ്ഞതാപ്രകടനവും നടത്തി. രോഗസംക്രമണരീതികൾ, കൊക്കോപ്പുഴുവിന്റെ ഉത്ഭവം, സംക്രമണം, പ്രതിവിധികൾ എന്നീ വിഷയങ്ങളെ പുരസ്കരിച്ചു് ഡോ. മാത്യൂസ് നടത്തിയ പ്രസംഗവും ചിത്രപ്രദർശനവും അത്യന്തം രസകരവും വിജ്ഞാനപ്രദവുമായിരുന്നു.

വൈക്കം കാത്തലിക്ക് ക്ലബ്ബിന്റെ രക്ഷാധികാരിയായ എറണാകുളം മെത്രാപ്പോലീത്താ മ. വ. ദി. ശ്രീ കണ്ടത്തിൽ മാർ അഗ്ഗസ്തീനോസ് തിരുമേനിയുടെ നാമകാരണനായ വി. അഗ്ഗസ്തീനോസിന്റെ തിരുനാളായ ആഗസ്റ്റ് 28-ാംനു- തിരുമേനിക്കു മംഗളങ്ങൾ ആശംസിക്കുന്നതിനു് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരസാധാരണയോഗം നടന്നു. യോഗത്തിൽ ക്ലബ്ബിന്റെ പ്രസിഡൻറു് വെരി റവ. ഫാദർ ആൻറണി കണ്ടത്തിൽ ആദ്ധ്യക്ഷം വഹിച്ചു. മെ. ജോസഫ് ജെ. പഴേകടവിൽ ബി. ഏ. ബി. എൽ., ജോൺ മാത്തിൽ ബി. ഏ. ബി. എൽ. എന്നിവർ പ്രസംഗിച്ചു.

**തലയോലപ്പറമ്പു:** എ. പെ. ബ. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ ആഗസ്റ്റ് 28-ാംനു- സാഘോഷം കൊണ്ടാടപ്പെട്ടു. രാവിലെ പാട്ടുകുർബാനയും പൊതുദിവ്യകാരുണ്യസ്വീകരണവും തുടർന്നു ഉച്ചക്കുർബാനയ്ക്കുശേഷം ഇടവകയിലെ വിവിധ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ പൊതുയോഗവും നടത്തപ്പെട്ടു. വികാരി റവ. ഫാദർ പോൾ കുഴിക്കാട്ടു് അവർകൾ യോഗത്തിൽ അദ്ധ്യക്ഷതവഹിക്കുകയും മെ. വി. എം. മാത്യൂ വലിയത്തുകാലയിൽ, പൗലോസ് കാണാട്ടു്, ശ്രീമതി ഏലീശാമ്മ കുറിച്ചിയിൽ എന്നിവർ സന്ദർഭോചിതമായി പ്രസംഗിക്കുകയുംചെയ്തു.

**പൊൻകുന്നം:** പുതുമന ശ്രീ ജോസഫ് പോത്തൻ അവർകളുടെ സീമന്തപുത്രനും തിരുവിതാംകൂർ സർവ്വീസിൽ അസി. സർജനുമായിരുന്ന ഡോ. ജോസഫ് പുതുമന അവധിയിൽ ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു.

**കായംകുളം:** ബഥനിസമൂഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിന്റെ രജതജൂബിലി പ്രമാണിച്ചു് ബഥനി മഠങ്ങളിലെല്ലാം ഓരോ ദിവസങ്ങളിലായി പതിമൂന്നുമണി ആരാധന നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നതനുസരിച്ചു് സ്ഥലം ബഥനിമഠത്തിലെ ആരാധന സെൻറു് മേരീസ് ഹൈസ്ക്കൂളിൽവച്ചു സമംഗളം നടത്തിയിരിക്കുന്നു. സ്ഥലം ലത്തീൻപള്ളി ഇടവകക്കാർ ഇതിൽ ആദ്യന്തം ഹാർദ്ദമായി സഹകരിക്കുകയുണ്ടായി.

**കററാനം:** പുനരൈക്യജൂബിലിപ്രമാണിച്ചു് വി. കുർബാനയുടെ 13 മണിക്കൂർ ആരാധന സ്ഥലം സെൻറു് സ്റ്റീഫൻസു് സുറിയാനികത്തോലിക്കാപള്ളിയിൽവച്ചു് വികാരി വെരി റവ. ഫാദർ ജോഷ്വാ ഒ. ഐ. സി. അവർകളുടെ നേതൃത്വത്തിൽ സാഘോഷം നടത്തിയിരിക്കുന്നു. വി. കുർബാനയിലെ ഈശോമിശിഹായുടെ തിരുസാന്നിദ്ധ്യത്തെ വേദപുസ്തകവാക്യങ്ങളിൽനിന്നു തെളിയിച്ചുകൊണ്ടു് പോപ്പു് പയസ് XI ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ പ്രസംഗിച്ചു. റവ. ഫാദർ ജേക്കബ് ഒ. ഐ. സി. കുട്ടികൾക്കായുള്ള ധ്യാനം നടത്തി.

**മരുതാംകര:** സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും പ്രമാണിച്ചു് സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം കൂടി. റവ. ഫാ. എവരിസ്തൂസ് സി ഡി. ആദ്ധ്യക്ഷംവഹിച്ചു. റവ. ലൂക്ക് മനയത്തായും ശ്രീ വർഗ്ഗീസ് ജോസഫും പ്രസംഗിച്ചു. ബാലികാബാലന്മാരുടെ പ്രഭാഷണങ്ങളും, സംഗീതങ്ങളും ഇടയ്ക്കിടയ്ക്കുണ്ടായിരുന്നു. യോഗാനന്തരം മാതാവിന്റെ മംഗലവാർത്തയും സ്വർഗ്ഗാരോപണവും സംബന്ധിച്ചു് "കഥയില്ലാത്ത കഥ" എന്ന ഏകാങ്കവും അഭിനയിക്കപ്പെട്ടു. യോഗത്തിനുമുമ്പു വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ പരേഡും പതാകഉയർത്തലുമുണ്ടായിരുന്നു.



**പുതുക്കാട്:** സൗത്തു് ഇൻഡ്യൻ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ്, കുറുമാലി, പുതുക്കാട്ടു് എന്ന കമ്പനിയിൽ കത്തോലിക്കരായ തൊഴിലാളികളെ ഉദ്ദേശിച്ചു് നടത്തിവരാറുള്ള ഏകാന്തധ്യാനം ഇക്കൊല്ലം സെപ്തംബർ 1, 2, 3 തീയതികളിൽ നടത്തുകയുണ്ടായി. സമീപമുള്ള മററു പല കമ്പനികളിലെ തൊഴിലാളികളും ഇതിൽ സംബന്ധിക്കുകയുണ്ടായി. ധ്യാനഗുരു റവ. ഫാദർ മെല്ലോ സി. ഡി. അവർകളായിരുന്നു. മാനേജുമെൻറും മററും വേണ്ടതായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെങ്കിലും തൊഴിലാളികൾതന്നെ ഇതിനു മുൻകൈയെടുത്തു പ്രവർത്തിക്കുന്നുവെന്നതു് ഒരു പ്രത്യേകതയാണ്.

**കരാഞ്ചിറ:** സ്ഥലം സെൻറു് ജോർജ് ക്ലാരമഠത്തോടനുബന്ധിച്ചു നിർമ്മിച്ചിരിക്കുന്ന വി. പത്താംപീയൂസിന്റെ പള്ളിയിൽ സെപ്തംബർ 4-ാംനു- ഞായറാഴ്ച പുണ്യവാന്റെ തിരുനാൾ ഘോഷിക്കുകയുണ്ടായി. കാലത്തു 7 മണിക്കു തൃശ്ശൂർമെത്രാൻ ഡോ. ജോർജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ആഘോഷമായ വി. കുർബാനയർപ്പിച്ചു. അനന്തരം റവ. ഫാ. ആൻറണി മാളിയേക്കൽ, പുണ്യവാന്റെ ജീവചരിത്രത്തെപ്പററി പ്രതിപാദിച്ചുകൊണ്ടു് ഒരു പ്രസംഗംചെയ്തു. മെത്രാൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടത്തിയ വി. കുർബാനയുടെ വാഴ്വിനുശേഷം പുണ്യവാന്റെ തിരുശേഷിപ്പുകൾ പൊതുജനങ്ങളെമുത്തിക്കുകയുണ്ടായി. 9 മണിക്കു ആഘോഷമായ തിരുനാൾകുർബാനയും മററുചടങ്ങുകളും നടത്തപ്പെട്ടു.

**കരിങ്കുന്നം:** വി. പത്താം പീയൂസിന്റെ തിരുസ്വരൂപം കരിങ്കുന്നം പള്ളിയിൽനിന്നും പ്രാർത്ഥനാഗാനാലാപത്തോടുകൂടി പ്രദക്ഷിണമായി നെല്ലിപ്പാറ പുതുതായി പണികഴിപ്പിച്ച കപ്പേളയിൽ സ്ഥാപിച്ചു. പാട്ടുകുർബാന, വാഴ്വു്, പ്രസംഗം, വി. പത്താംപീയൂസ് പാപ്പായുടെ തിരുശേഷിപ്പുചുംബനം മുതലായ ഇതരചടങ്ങുകളോടുകൂടി പത്തുമണിക്കു് അവസാനിച്ചു.

**മേലൂരം:** മേലൂരം കലാസമിതിയുടെ ആഭിമുഖ്യത്തിൽ സംഗീതവിദഗ്ദ്ധൻ ശ്രീ ജെ. എ. വിതയത്തിൽ അവർകളുടെ നേതൃത്വത്തിൽ പരിശീലനം നടത്തിവരുന്ന ഫ്ളൂട്ട്ബാൻറിന്റെ ഉൽഘാടനം ആഗ: 31-ാം തീയതി സ്ഥലം സെൻറു് ഗൊരേത്തീസ് പ്രൈമറിസ്കൂൾ ഹാളിൽവച്ചു വികാരി റവ. ഫാ. ലെഒനാർദു് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർവ്വഹിക്കപ്പെട്ടു. ഫാ. ജോസഫ് ഇല്ലിക്കലിന്റെ പ്രസംഗം, സുകുമാരകലകളെ ക്രോഡീകരിച്ചു് ടീച്ചർ ഒപ്പാന്നമ്മയുടെ പ്രഭാഷണം, കുട്ടികളുടെ ചെറുപ്രസംഗങ്ങൾ, ബാലികാബാലന്മാരുടെ കലാപ്രകടനങ്ങൾ, ഫ്ളൂട്ട്വായന, തൊഴിലാളിപ്രവർത്തകരായ മെ. പി. സി. ജോർജ്ജ്, കെ. നാരായണൻ ആദിയായവരുടെ പ്രഭാഷണങ്ങൾ മുതലായവയായിരുന്നു ചടങ്ങുകൾ. സുപ്രസിദ്ധനായ സംഗീതവിദഗ്ദ്ധൻ ജെ. എ. വിതയത്തിൽ അവർകൾക്കു് സ്വർണ്ണമെഡലുകളും, പ്രോത്സാഹനാർത്ഥം വിദ്യാർത്ഥികൾക്കു വെള്ളിമെഡലുകളും പ്രസിഡൻറും, മററു ചിലരും നൽകി. ഈ പ്രസ്ഥാനത്തിന്റെ കാര്യനിർവ്വാഹകനായ ശ്രീ എ. ഡി. ഫിലിപ്പു് അനുമോദനമർഹിക്കുന്നു.

—o—

വി. പത്താംപീയൂസിന്റെ മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ അമ്മയുടെ സുഖക്കേടു് ആശ്വാസമായതിനു് കൃതജ്ഞത. മേലിൽ കൂടുതൽ സുഖം കിട്ടുവാൻ അപേക്ഷിക്കുന്നു.

Mary Joseph, Machery, Melloor


പുതുവത്സരം

പുതുവത്സരം പിറവിയെടുത്തുകഴിഞ്ഞു

മേയർ ലെതർ വർക്സ് — പൊന്നിൻചിങ്ങ—

ദേവതയുടെ അണിഞ്ഞൊരുങ്ങലിലേക്കാവശ്യമായ

ഹാൻറ് ബാഗുകളും, പാദരക്ഷകളും

നിർമ്മാണം പൂർത്തിയായിരിക്കുന്നു.

Mayor Leather Works

M. O. ROAD, TRICHUR

E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

സെൻറ് മേരീസ് ബാൻറുസെററ്
മൂക്കന്നൂർ P. O., Via അങ്കമാലി
വിദഗ്ദ്ധാഭ്യാസം ലഭിച്ചിട്ടുള്ള ഞങ്ങളുടെ ബാൻറുസെററ് നവീനോപകരണങ്ങൾ സഹിതം, ആധുനികരീതികളിൽ, എല്ലാ ആവശ്യങ്ങൾക്കും മിതമായ നിരക്കിൽ മേളം നടത്തിക്കൊടുക്കുന്നു. വിശദവിവരങ്ങൾക്കും ബുക്കിംഗിനും മാനേജരോട് ആവശ്യപ്പെടുക.

ചോദ്യോത്തരപംക്തി

I

# ബൈബിൾ വായന

[കെ. ഇ. ജോബ് എം. എ. എൽ. റ്റി.]

ബൈബിളിനെപ്പററി കത്തോലിക്കാസഭയുടെ ബോധനമെന്ത്? മദ്ധ്യയുഗങ്ങളിലെ കത്തോലിക്കർ ബൈബിളിനെ ചങ്ങലയിട്ടു പൂട്ടിയിരുന്നില്ലേ? ഈ ഇരുപതാംനൂററാണ്ടിൽപോലും അവർ ബൈബിൾവായനയെ പ്രോത്സാഹിപ്പിക്കാത്തത് എന്തുകൊണ്ടാണ്?

ബൈബിൾ അഥവാ വിശുദ്ധ വേദപുസ്തകത്തിൻെറ ശരിയായ ഉപയോഗത്തെ കത്തോലിക്കാസഭ വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇക്കാര്യം കത്തോലിക്കർ പ്രസിദ്ധീകരിച്ചിട്ടുള്ള ബൈബിൾ വിവർത്തനങ്ങളുടെ ആമുഖമായി ചേർക്കാറുമുണ്ട്. മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന മലയാളം പഴയനിയമഗ്രന്ഥത്തിൻെറ ആമുഖമായി ചേർത്തിരിക്കുന്നതു് 13-ാം ലെയോൻ പാപ്പാ വേദപുസ്തകപഠനത്തെപ്പററി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു തിരുവെഴുത്താണ്. അതിൽ വേദപുസ്തകപാരായണത്തിൻെറ പ്രാധാന്യത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:-

"തിരുസഭയുടെ ജാഗരൂകമായ ശ്രദ്ധ ഇതിലാണ് സവിശേഷം പ്രകാശിക്കുന്നതു്. പരിശുദ്ധാത്മാവ് മനുഷ്യർക്കു ഇത്ര ഔദാര്യപൂർവ്വം നൽകിയിരിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളാകുന്ന "ഈ സ്വർഗ്ഗീയനിധി" അവഗണിക്കപ്പെടാതിരിക്കുന്നതിനു് ആശ്ചര്യകരമായ നിയമങ്ങൾകൊണ്ടും വ്യവസ്ഥകൾകൊണ്ടും തൻെറ അശ്രാന്തമായ ശ്രദ്ധ തിരുസഭ പലപ്പോഴും പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. തൻെറ വൈദികശുശ്രൂഷികൾ വിശുദ്ധ ഗ്രന്ഥത്തിൽനിന്നു് ഗണ്യമായ ഒരു ഭാഗം കാനോൻജപത്തിൽ പ്രതിദിനം വായിക്കുകയും അതിനെപ്പററി ഭക്തിപൂർവ്വം ചിന്തിക്കുകയും ചെയ്യണമെന്നു സഭ നിശ്ചയം ചെയ്തിരിക്കുന്നു." കത്തോലിക്കരുടെവക ഇംഗ്ലീഷ് വേദപുസ്തകങ്ങളുടെ ആമുഖമായി ചേർത്തു കാണുന്നതു്, 6-ാമത്തെ പീയൂസ് പാപ്പാ 1778 ഏപ്രിൽ മാസത്തിൽ ഫ്ളോറൻസിലെ മെത്രാപ്പോലീത്തായ്ക്കെഴുതിയിട്ടുള്ള ഒരു ലേഖനമാണ്. അതിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. "At a time when a great many books which grossly attack the Catholic religion are being circulated even among the unlearned, to the great destruction of souls, you judge exceedingly well that the faithful should be urged to read the Holy Scriptures." അതായതു്, "കത്തോലിക്കാമതത്തെ പ്രകടമായി എതിർക്കുന്ന അസംഖ്യം ഗ്രന്ഥങ്ങൾ, പാമരന്മാരുടെ ഇടയിൽപോലും പ്രചരിപ്പിച്ച് ആദ്ധ്യാത്മികവിനാശം ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലത്തു്, വിശ്വാസികൾക്കു വിശുദ്ധ ലിഖിതപാരായണത്തിൽ പ്രേരണ നൽകണമെന്നുള്ള നിങ്ങളുടെ തീരുമാനം അത്യന്തം ഉത്തമമായിരിക്കുന്നു" എന്നിങ്ങനെയാണ് 6-ാംപീയൂസ് പാപ്പാ പ്രസ്താവിച്ചുകാണുന്നതു്.

മേൽപ്പറഞ്ഞ അഭിപ്രായത്തെ സ്ഥിരീകരിച്ചുകൊണ്ട് പീയൂസ് 7-ാമൻ എന്ന മാർപ്പാപ്പാ ഇംഗ്ലണ്ടിലെ കത്തോലിക്കാ ശ്രുപതാദ്ധ്യക്ഷന്മാർക്കയച്ചുകൊടുത്തിട്ടുള്ള ലേഖനത്തിൽ ഈ വിഷയം കുറേക്കൂടി പ്രസ്പഷ്ടമാക്കുന്നുണ്ട്. അതും ഇംഗ്ലീഷ്ഭാഷയിൽത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "You must encourage your people to read the Holy Scriptures; for nothing can be more useful, more consoling, and more animating, in as much as they serve to confirm the faith, support the hope, and influence the charity of the true Christians." "വിശുദ്ധലിഖിതങ്ങൾ പാരായണം ചെയ്യുവാൻ നിങ്ങൾ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. അവ യഥാർത്ഥക്രൈസ്തവരുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും പ്രത്യാശയെ പ്രബലീകരിക്കുകയും, ഉപവിയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. ആകയാൽ അവ അത്യന്തം പ്രയോജനകരവും ആശ്വാസപ്രദവും ഉന്മേഷകരവുമാണ്." ഇതിനേക്കാൾ ശ്രേഷ്ഠമായ പ്രശംസാവാക്യങ്ങൾ എന്താണ് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ വിശുദ്ധ ലിഖിതങ്ങളെപ്പററി പറയുവാനുള്ളതു്!



ശങ്കുരിക്കൽ വറിയതു കുരുവിള ഭാര്യ റോസ, ഞാറയ്ക്കൽ
4-9-1955-ൽ 86-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.
R. I. P.
By her beloved grandson
Rev. Fr. Antony Elavumkudi

മേല്പറഞ്ഞ പ്രസ്താവനകളിൽ നിന്നും ബൈബിൾ അഥവാ വിശുദ്ധ ലിഖിതങ്ങളുടെ സദുപയോഗത്തെപ്പററി കത്തോലിക്കാസഭയുടെ ബോധനങ്ങൾ എന്താണെന്നു മനസ്സിലാക്കാവുന്നതാണ്.

എന്നാൽ മനുഷ്യരുടെ ആത്മരക്ഷയ്ക്കുള്ള ഏകമാർഗ്ഗം വേദപുസ്തകപാരായണമാണെന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. അതായിരുന്നു വാസ്തവമെങ്കിൽ അക്ഷരജ്ഞാനമില്ലാത്തവരാരും രക്ഷപെടുകയില്ലെന്നു വന്നുചേരും. അതു് ദൈവനീതിക്കനുയോജ്യമായിരിക്കയില്ലെന്നുള്ളതു സ്പഷ്ടമാണ്. എന്നുതന്നെയുമല്ല, ഏതെല്ലാം ഗ്രന്ഥങ്ങൾ ദൈവനിവേശിതമാണെന്നും, അവയിലെ ദുർഗ്രഹഭാഗങ്ങളുടെ വ്യാഖ്യാനം ഇന്നതാണെന്നും ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ തക്ക അധികാരവും അറിവുമുള്ള അദ്ധ്യാപകന്മാരില്ലാത്ത പക്ഷം, ബൈബിൾമൂലം രക്ഷപ്രാപിക്കുവാൻ ആർക്കു സാധിക്കും? വിദ്യാലയങ്ങളിൽ പഠിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾക്കു പാഠപുസ്തകങ്ങൾ ആവശ്യംതന്നെ. പക്ഷെ അതുകൊണ്ടു മാത്രമായില്ലല്ലോ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ നിർദ്ദേശിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകന്മാരും, അദ്ദേഹം നിശ്ചയിക്കുന്ന പാഠപദ്ധതിയും പാഠപുസ്തകങ്ങളും മററു ബോധനസാമഗ്രികളും പാഠകാലവിവരപ്പട്ടികയും സ്കൂൾഡിസിപ്ലിനും കായികമാനസികവിനോദങ്ങളും മററുംകൂടി സമ്മേളിച്ചെങ്കിൽ മാത്രമേ കുട്ടികൾക്കു വേണ്ടത്ര ശിക്ഷണം ലഭിച്ച് അവർ നല്ല പൗരന്മാരായിത്തീരുകയുള്ളൂ; ആകയാൽ ഒരു വിദ്യാലയത്തിൽ പാഠപുസ്തകത്തിനുള്ള സ്ഥാനമേ ദൈവം സ്ഥാപിച്ചിട്ടുള്ള സഭയിൽ വേദപുസ്തകത്തിനുള്ളൂ. അത്രയും സ്ഥാനം അതിനുണ്ടുതാനും. അതിൻെറ പ്രാധാന്യം അതിൽ കവിഞ്ഞു കൂട്ടിയാലും, അതിൽനിന്നു കുറച്ചാലും അതു് തികച്ചും അബദ്ധമായിപ്പോകും.

മദ്ധ്യയുഗങ്ങളുടെ അവസാനംവരെ (അതായതു് 16-ാം ശതകത്തിൻെറ ആരംഭംവരെ) ക്രൈസ്തവലോകത്തിൽ മൊത്തത്തിൽ ബൈബിളിനെപ്പററി നിലവിലിരുന്ന ആശയമാണ് മേൽക്കൊടുത്തിട്ടുള്ളതു്. ആ കാലഘട്ടത്തിൽ ഇന്നത്തെപ്പോലെ അച്ചടിസമ്പ്രദായവും പൊതുജനവിദ്യാഭ്യാസവും പ്രചാരത്തിലില്ലായിരുന്നു. പുസ്തകങ്ങൾ ചമയ്ക്കപ്പെട്ടിരുന്നതു് ആട്ടിൻകുട്ടികളുടെ മൃദുചർമ്മങ്ങൾ ഉരസ്സിട്ടു പാകപ്പെടുത്തി, തുന്നിത്തെച്ച് ചെറുപരമ്പുകളെപ്പോലെ നിവർത്തിയിട്ട് അതിൽ മാഞ്ഞുപോകാത്ത മഷികൊണ്ട് പകർത്തിയെഴുതിയായിരുന്നു. എഴുത്തും വായനയും പരിചയമുള്ളവർ അക്കാലത്തു വൈദികരും സന്യാസാശ്രമികളും മാത്രമായിരുന്നുതാനും. ആശ്രമങ്ങളിലായിരുന്നു അക്കാലത്തു് ഇങ്ങനെ വേദപുസ്തകങ്ങൾ പകർത്തിയെഴുതിയിരുന്നതു്. ആകയാൽ ബൈബിളിനു് അക്കാലത്തു വളരെ വിലയുണ്ടായിരുന്നു. സാധാരണജനങ്ങളിൽ അധികംപേർക്കും എഴുത്തും വായനയും പരിചയമില്ലായിരുന്നതുകൊണ്ട് അവർക്കു വേദപുസ്തകപാരായണം അസാദ്ധ്യവുമായിരുന്നു. എങ്കിലും അവർക്കെല്ലാം സാമാന്യമായി വേദപുസ്തകത്തിലെ ഉള്ളടക്കം നല്ലവണ്ണം അറിയാമായിരുന്നു, അതു് വൈദികരുടെ ദേവാലയപ്രസംഗങ്ങളിൽനിന്നും, ദേവാലയങ്ങളിൽ സമൃദ്ധിയായി നടത്തിയിരുന്ന ചിത്രമെഴുത്തു്, കൊത്തുപണി ഇവയിൽനിന്നും, പരസ്യാരാധനക്രമങ്ങളിൽനിന്നുമായിരുന്നു.

(തുടരും)

## പുസ്തകാഭിപ്രായം

### "മതം ശാസ്ത്രവേദിയിൽ"

(പ്രസാധകർ, എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 271. വില 1 രൂപ 10ണ.)

ഈടുററ പുസ്തകങ്ങൾ ധാരാളമായി എസ്. എച്ച്. ലീഗിൽനിന്നു് ഇറങ്ങാറുണ്ട്. അവയിൽ പലവിധത്തിലും പ്രാധാന്യമർഹിക്കുന്ന ഒരു ഗ്രന്ഥമാണ "മതം ശാസ്ത്രവേദിയിൽ." ഗഹനമായ പ്രതിപാദ്യം, സരളമായ പ്രതിപാദനരീതി. പിന്നെന്തുവേണം ഒരു പുസ്തകത്തെ ആസ്വാദ്യവും ആകർഷകവുമാക്കാൻ. വേണം—പിന്നെയും വേണം ചിലവ; പ്രത്യേകിച്ചും ഇതുപോലുള്ള ശാസ്ത്രീയഗ്രന്ഥങ്ങൾക്കു്. തെളിവുററ ചിന്ത, തള്ളേണ്ടതു തള്ളി കൊള്ളേണ്ടതു കൊള്ളുന്ന ഔചിത്യബുദ്ധി. അതിൽനിന്നുയിർക്കൊള്ളുന്ന സുന്ദരമായ വസ്തുശില്പം. ഇങ്ങനെ പലതും. അവയെല്ലാം പ്രശംസാർഹമായവിധം ഈപ്പുസ്തകത്തിലുണ്ടെന്നു പറയുവാൻ സന്തോഷമുണ്ട്. ഇവയെല്ലാം തൊട്ടനുഗ്രഹിച്ചുകൊണ്ട് റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ വിജ്ഞാനനിർഭരവും പ്രോത്സാഹജനകവുമായ അവതാരികയും.

കുറേക്കൂടി മെച്ചപ്പെട്ട അടുക്കും ആവിഷ്കരണരീതിയും ആകാമായിരുന്നെന്നു് രചയിതാക്കൾ പ്രസ്താവനയിൽ പറയുന്നുണ്ട്. ഇതുപോലുള്ള ഗ്രന്ഥങ്ങളെ സംബന്ധിച്ചു അതു് എപ്പോഴും ഒരു പരമാർത്ഥമായിരിക്കും. ടാങ്കറേ, വാൻനൂർട്ട്, ലഗ്രാൻജ് തുടങ്ങിയ പ്രഖ്യാതരായ ദൈവശാസ്ത്രജ്ഞന്മാർപോലും, അടുക്കിലും ആവിഷ്കരണത്തിലും ഭിന്നരീതികളാണവലംബിക്കുക. എന്നാൽ, അടിസ്ഥാനപരമായി അവ പൊരുത്തപ്പെട്ടിരിക്കും. അപ്പോൾ ആഗന്തുകങ്ങളിൽ, ദേശത്തിനും കാലത്തിനും അനുയോജ്യമായ ഒരടുക്കും ആവിഷ്കരണരീതിയും സ്വീകരിക്കുക പലപ്പോഴും ആവശ്യകമാണ്. ഇംഗ്ലീഷിലോ ലത്തീനിലോ ഉള്ള ഒരു ഗ്രന്ഥത്തിൻെറ മുറയും രീതിയും ആദ്യന്തം കണ്ണടച്ചങ്ങു സ്വീകരിക്കുക ആശാസ്യമായിരിക്കുകയില്ല. ഈ ഗ്രന്ഥത്തിൽ അവലംബിക്കപ്പെട്ടിട്ടുള്ള രീതി പ്രശംസാർഹംതന്നെ എന്നു പറയണം. ദൈവം, മനുഷ്യൻ, മതം എന്ന അടിസ്ഥാനതത്വങ്ങളെ കാലത്തിൻേറയും ദേശത്തിൻേറയും ചിന്താഗതികളെ നേരിടത്തക്കവണ്ണം ഇതിൽ അടുക്കിനിറുത്തിയിട്ടുണ്ട്. മാററീരിയലിസവുംഫ്റോയിഡിയനിസവും മററും സമഗ്രമായിത്തന്നെ അപഗ്രഥിച്ച് വിമർശിച്ചിരിക്കുന്നതു് സ്തുത്യർഹമാണ്. ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള പ്രകാശനം പുസ്തകത്തെ വളരെ ശബളവും ആകർഷകവുമാക്കിയിരിക്കുന്നു. "പുരമുററത്തെ മണൽവിരിപ്പിൽ കാണുന്ന കുഞ്ഞിക്കാലുകൾ. ആ ഉള്ളുററിയും വിരലുകളഞ്ചും അതേപടി പതിഞ്ഞുകിടപ്പുണ്ട്. അതു് അവിടെ ഉണ്ടാവാൻ കാരണം?" ഈ രീതിയാണ് പുസ്തകത്തിൽ ഉടനീളം സ്വീകരിച്ചിരിക്കുന്നതു്. ഒതുക്കവും ഓജസ്സും പ്രസാദവുമുള്ള ശയ്യ, കൊണ്ടുകൊണ്ടു നിൽക്കുന്ന വാചകങ്ങൾ ഇവ ഇപ്പുസ്തകത്തെ കൂടുതൽ ഈടുള്ളതാക്കിയിട്ടുണ്ട്.

സാങ്കേതികസംജ്ഞകളധികവും തത്സമമായിട്ടാണ സ്വീകരിച്ചിരിക്കുന്നതു്. ഈ സമ്പ്രദായത്തോടു് വിയോജിക്കുന്നവരുണ്ടാകാം. എന്നാൽ അവ വിവർത്തനം ചെയ്തു കൂടുതൽ "ദുർഘട"മാക്കുന്നതിനേക്കാൾ അപ്പാടേ സ്വീകരിച്ച് വിശദീകരിക്കുന്നതായിരിക്കും ആശാസ്യം. "നവലോകം" എന്ന ഗ്രന്ഥത്തിലാണെന്നു തോന്നുന്നു "ഇദ്"‌"ഈഗോ" മുതലായ സംജ്ഞകൾ ശ്രീ എ. ബാലകൃഷ്ണപിള്ള അപ്പാടേ സ്വീകരിച്ചിട്ടുള്ളതായി ഓർമ്മിക്കുന്നു. മലയാളത്തിലെ മുന്തിയ മററു പല എഴുത്തുകാരും ഈ രീതി സ്വീകരിച്ചുകൊണ്ട് റിയലിസം, ഫ്യൂച്ചറിസം, മാർക്സിസം, ഫോർമലിസം എന്നെല്ലാം എഴുതുക ഇന്നു സർവ്വസാധാരണമാണ്. Scepticism ഇപ്പുസ്തകത്തിൽ "അവിശ്വാസം" എന്നും "സന്ദേഹസിദ്ധാന്തം" എന്നും വിവർത്തനംചെയ്യപ്പെട്ടിട്ടുണ്ട്. "സന്ദേഹസിദ്ധാന്തം" ആയിരിക്കും മെച്ചമെന്നു തോന്നുന്നു.

അച്ചടിപ്പിശകുകൾ ചിലയിടത്തു് അർത്ഥവ്യത്യാസം വരുത്തിയിട്ടുള്ളതായി കാണുന്നു. ഇതുപോലുള്ള ശാസ്ത്രീയഗ്രന്ഥങ്ങളിൽ അവ വലിയ അപകടംതന്നെ ഉണ്ടാക്കും. ആത്മാവിൻെറ അമർത്യതയ്ക്കുള്ള d) ന്യായത്തിൽ "അമർത്യമായ ആത്മാവു്" എന്നു വന്നപ്പോൾ കാര്യം ആകെ കുഴഞ്ഞു. അമർത്യത തെളിയിക്കാൻ അമർത്യതയും കൊണ്ടിറങ്ങുക യുക്തിവിരുദ്ധമാണല്ലോ. (P. 220) അമൂർത്തതയായിരിക്കാം ഉദ്ദേശിച്ചതു്. 254-ാം പുറത്തു് "വേണ്ടത്ര പവിത്രീകരിക്കപ്പെട്ട വ്യക്തികൾക്കു്" എന്നു കാണുന്നുണ്ട്. അതു് വലിയ ആശയക്കുഴപ്പംതന്നെ ഉണ്ടാക്കും സാധാരണക്കാരിൽ. "വേണ്ടത്ര പവിത്രീകരിക്കപ്പെട്ടാൽ" എന്നതു് പിഴച്ചതാകാനേ തരമുള്ളൂ.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പല ഗ്രന്ഥങ്ങളും പഠിച്ച് ഇങ്ങനെ ഒരു പുസ്തകം സ്വതന്ത്രമായി എഴുതുക അതിമാത്രം ശ്രമകരമാണ്. റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ "സെമിനാരിജീവിതത്തിൻെറ ബഹുകാര്യവ്യഗ്രതയ്ക്കിടയിൽ സാമാന്യതോതിൽ കവിഞ്ഞ ഏകാഗ്രതയേയും പ്രതിഭാശക്തിയേയും ചിന്താശീലത്തേയും ആവശ്യപ്പെടുന്ന ഇത്തരം ഒരു വിശിഷ്ടകൃതി നിർമ്മിക്കുവാൻ സാധിച്ച വൈദികവിദ്യാർത്ഥികളെ എത്ര അഭിനന്ദിച്ചാലും അതധികമാകയില്ല." ഏവർക്കും ഉപകാരപ്രദവും ഇന്നത്തെ കാലത്തിനു് ആവശ്യകവും ആയ ഈ ഗ്രന്ഥത്തിൻെറ ബാക്കി ഭാഗങ്ങൾകൂടി പുറത്തുവന്നു കാണുവാൻ പ്രബുദ്ധകേരളം കാത്തിരിക്കുകയാണ്.

(ജെ. എസ്. പി.)

—o—

തിരുസഭാചരിത്രം 82

# ഫ്റാങ്കുകളുടെ മാനസാന്തരം

(പ്രഫസർ പി. റ്റി. തോമസ് എം. എ.)

അഞ്ചാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ പശ്ചിമയൂറോപ്പിൽ ആധിപത്യമുറപ്പിച്ചിരുന്ന കിരാതന്മാർ ആരിയൻപാഷണ്ഡികളോ ബഹുദേവമതാനുസാരികളോ (Pagans) ആയിരുന്നു. യൂറോപ്പിന്റെ ഭാവിചരിത്രഗതിയെ സംബന്ധിച്ചിടത്തോളം ഗാളിന്റെ അധിപന്മാരായിത്തീർന്ന ഫ്റാങ്കുവർഗ്ഗക്കാർ ആയിരുന്നു ഈ കിരാതവർഗ്ഗങ്ങളിൽ ഏററവും പ്രമുഖന്മാർ. ഫ്റാങ്കുകൾ ബഹുദേവാരാധകന്മാരായിരുന്നു. അവർ ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കാവിശ്വാസത്തെ ആശ്ലേഷിച്ചതോടുകൂടി കത്തോലിക്കാ മതത്തിലേക്കുള്ള കിരാതന്മാരുടെ സാർവ്വത്രികമായ പരിവർത്തനം സമാരംഭിച്ചു എന്നുപറയാം.


ഫ്റാങ്കുവർഗ്ഗക്കാർ രാഷ്ട്രീയമായും മതപരമായും യൂറോപ്പിന്റെമേൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. മററു ജർമ്മൻ വർഗ്ഗങ്ങളെ അപേക്ഷിച്ചു ശക്തിയിലും പ്രതാപത്തിലും ഫ്റാങ്കുകളാണു മുന്നണിയിലേക്കുവന്നതു്. ഇതിനു രണ്ടു പ്രധാന കാരണങ്ങളുണ്ടു്. ഒന്നാമതായി തങ്ങളുടെ ജന്മഭൂമിയിൽ നിന്നും അധികദൂരത്തിലേക്കു നീങ്ങാതെതന്നെ ഒരു പുതിയ രാജ്യത്തെ കീഴടക്കിയതു് ഫ്റാങ്കുകൾ മാത്രമാണു്. ഫ്റാങ്കുകളുടെ പഴയ ആസ്ഥാനം റൈൻനദിയുടെ കിഴക്കേതീരപ്രദേശമായിരുന്നു. അവിടെനിന്നും പുറപ്പെട്ടു് റൈൻനദി തരണംചെയ്തു് അതിന്റെ പടിഞ്ഞാറെതീരത്തുതന്നെ അവർ കുടിയേറിപ്പാർത്തു. ഇതു ഗാൾപ്രദേശത്തായിരുന്നു. അതുകൊണ്ടു് ഫ്റാങ്കുകളുടെ അധിനിവേശത്തിൽ അവർക്കു് അധികദൂരം സഞ്ചരിച്ചു് അവരുടെ ശക്തിയെ ക്ഷയിപ്പിക്കേണ്ടിവന്നില്ല. ജന്മഭൂമിയോടു തൊട്ടടുത്തുകിടക്കുന്ന പ്രദേശങ്ങളെയാണു് അവർ കീഴടക്കിയതു്.

രണ്ടാമതായി ഫ്റാങ്കുകൾ ബഹുദേവമതത്തിൽനിന്നും നേരിട്ടു് കത്തോലിക്കാ മതത്തിലേക്കു പ്രവേശിക്കുകയാണുണ്ടായതു്. അതുകൊണ്ടു് ഗാൾപ്രദേശത്തെ പൂർവ്വനിവാസികളായ കത്തോലിക്കാ ജനസഞ്ചയവുമായി ഏകീഭാവം സമ്പാദിക്കുന്നതിനു് അവർക്കു് നിഷ്പ്രയാസം സാധിച്ചു. ഗാൾപ്രദേശത്തിന്റെ അധിപന്മാരായിത്തീർന്ന ഫ്റാങ്കുകൾ അവിടത്തെ ജനങ്ങളുടെ മതത്തെ ആശ്ലേഷിച്ചതോടുകൂടി അവർക്കു് രാഷ്ട്രീയവും മതപരവുമായ മണ്ഡലങ്ങളിൽ സുശക്തമായ ഒരു നില കൈവരികയുണ്ടായി. നേരേമറിച്ചു് മററു കിരാതവർഗ്ഗങ്ങൾ അധികപങ്കും ആരിയൻപാഷണ്ഡതയെ ആശ്ലേഷിച്ചിരുന്നവരായിരുന്നു. അതുകൊണ്ടു് അവർ കീഴടക്കിയ പ്രദേശങ്ങളിലെ കത്തോലിക്കരായ റോമൻ പൗരാവലിയോടു ഐക്യത പുലർത്തുവാൻ അവർക്കു സാധിക്കാതെവന്നു. കത്തോലിക്കാമതവും പാഷണ്ഡതയും തമ്മിലുള്ള വൈരുദ്ധ്യം കാരണത്താൽ പാഷണ്ഡികളായ ഭരണകർത്താക്കളും അവരുടെ പ്രജകളും തമ്മിൽ ആന്തരികമായ ഒരു പൊരുത്തക്കേടു് നിലനിന്നുപോന്നു. തദ്ഫലമായി ആരിയന്മാരായ കിരാതന്മാരുടെ രാജ്യങ്ങൾ കാലക്രമേണ ഛിന്നഭിന്നമായിത്തീരുകയാണുണ്ടായതു്. അതേസമയംതന്നെ ഫ്റാങ്കുകളുടെ ശക്തിയും പ്രതാപവും വർദ്ധിച്ചുകൊണ്ടുമിരുന്നു.

ഫ്റാങ്കുരാജ്യത്തിന്റെ സ്ഥാപകനായ ക്ലോവിസിന്റെ (Clovis) മാനസാന്തരം സുപ്രധാനമായ ഒരു ചരിത്രസംഭവമാണു്. രാഷ്ട്രീയമായ പരിഗണനകൾ മൂലമാണു് ക്ലോവിസിനു് കത്തോലിക്കാമതത്തിൽ താല്പര്യം ജനിച്ചതു്. ഗാളിലെ കത്തോലിക്കരായ പൗരാവലിക്കു ബഹുദേവമതക്കാരായ ഫ്റാങ്കുകളോടു് കഠിനമായ വെറുപ്പു തോന്നിയിരുന്നുവെന്നും അവിടത്തെ മെത്രാന്മാർക്കു് ജനങ്ങളുടെമേൽ വലിയ സ്വാധീനമുണ്ടായിരുന്നുവെന്നും ക്ലോവിസ് മനസ്സിലാക്കി. അതുകൊണ്ടു് ജനങ്ങളെ പ്രീണിപ്പിക്കുകയും മെത്രാന്മാരെ സംരക്ഷിക്കുകയുമാണു് ബുദ്ധിപൂർവ്വകമായ മാർഗ്ഗമെന്നും കത്തോലിക്കാമതത്തോടുള്ള അനുരഞ്ജനം രാജ്യത്തിന്റെ ഐക്യത്തിനും ഭരണകൂടത്തിന്റെ ബലിഷ്ഠതയ്ക്കും സഹായകമായിരിക്കുമെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അങ്ങനെ അദ്ദേഹം പ്രജകളുടെ മതത്തിൽ തല്പരനായിത്തീർന്നു. എ. ഡി. 493-ാമാണ്ടു് ക്ലോവിസ് ക്ലോട്ടിൽഡാ (Clotilda) എന്നു പേരായ ഒരു രാജകുമാരിയെ വിവാഹംചെയ്തു. അവർ ഭക്തിനിഷ്ഠയുള്ള ഒരു കത്തോലിക്കാവനിതയായിരുന്നു. ക്ലോട്ടിൽഡായുടെ സദ്പ്രേരണകൾ രാജാവിന്റെ മാനസാന്തരത്തിനു ക്രമേണ വഴി തെളിച്ചു. രാജ്ഞിയുടെ അഭിലാഷമനുസരിച്ചു് അവരുടെ പ്രഥമസന്താനത്തെ കത്തോലിക്കാസഭാമുറപ്രകാരം ജ്ഞാനസ്നാനപ്പെടുത്തി. എന്നാൽ അധികനാൾ കഴിയുംമുൻപു് ആ കുട്ടി മൃതിയടഞ്ഞു. ഗാളിലെ പുരാതനദേവന്മാരുടെ കോപംമൂലമാണു കുട്ടി മരിച്ചതെന്നു് ക്ലോവിസ് വ്യാഖ്യാനിച്ചു. ഏതായാലും രണ്ടാമത്തെ കുട്ടിയേയും—മാതാവിന്റെ സ്വാധീനം കൊണ്ടായിരിക്കാം—കത്തോലിക്കാവിധിപ്രകാരം തന്നെ ജ്ഞാനസ്നാനപ്പെടുത്തി. ഈ കുട്ടി ബാലാരിഷ്ടതകളെ അതിജീവിച്ചു് ആരോഗ്യവാനായി വളർന്നുവരുന്നതു കണ്ടപ്പോൾ ക്ലോട്ടിൽഡായുടെ ദൈവവും തുല്യശക്തനാണെന്നു രാജാവു സമ്മതിച്ചു. ഇങ്ങനെ ക്രമേണ ക്ലോവിസിനു് ക്രിസ്തുമതത്തിലുള്ള താല്പര്യം വർദ്ധിച്ചുവന്നു.

എ. ഡി. 496-ൽ ക്ലോവിസ് ആലിമാനി (Alemanni) എന്ന വർഗ്ഗക്കാരുമായി യുദ്ധത്തിലേർപ്പെട്ടു. സമരം അതിരൂക്ഷമായി നടന്നുകൊണ്ടിരിക്കുമ്പോൾ രാജാവു് ക്രിസ്ത്യാനികളുടെ ദൈവത്തോടു സഹായമപേക്ഷിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "ഈ യുദ്ധത്തിൽ ഞാൻ വിജയിക്കുന്നപക്ഷം അങ്ങിൽ ഞാൻ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയുംചെയ്യും." ക്ലോവിസ് യുദ്ധത്തിൽ ജയിച്ചു. ഉടൻതന്നെ തന്റെ പ്രതിജ്ഞ നിറവേററുന്നതിനായി റീംസിലെ (Rheims) മെത്രാനായ വി. റെമിജിയൂസിന്റെ (St. Remigius) പക്കൽചെന്നു് മതപഠനം ആരംഭിക്കയും 496-ാമാണ്ടു് ക്രിസ്തുമസ്ദിവസം ക്ലോവിസ് തന്റെ സൈന്യത്തിൽപ്പെട്ട 3000 ഭടന്മാരോടുകൂടി വി. റെമിജിയൂസിന്റെ കരങ്ങളിൽനിന്നുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കയുംചെയ്തു. തങ്ങളുടെ പ്രശസ്തനായ നേതാവിന്റെ കാലടികളെ പിന്തുടർന്നുകൊണ്ടു് ഗാളിൽ താമസമുറപ്പിച്ചിരുന്ന ഫ്റാങ്കുകൾ എല്ലാവരും അചിരേണ കത്തോലിക്കാവിശ്വാസം സ്വീകരിക്കുകയുണ്ടായി.

ജ്ഞാനസ്നാനം സ്വീകരിച്ചശേഷം ഫ്റാങ്കുകൾ ഗാൾപ്രദേശത്തെ കത്തോലിക്കാസഭയെ മററു കിരാതവർഗ്ഗങ്ങളിൽനിന്നു വിമോചിപ്പിക്കുന്നതിനായി അനവധി യുദ്ധങ്ങൾചെയ്തു. ഗാളിന്റെ ഇതരഭാഗങ്ങളിൽ ആധിപത്യം സ്ഥാപിച്ചിരുന്ന വിസിഗോത്തുകളെ എ. ഡി. 507 ലും ബർഗണ്ടിയൻമാരെ (Burgundians) എ. ഡി. 534 ലും അവർ കീഴടക്കി. ഗാളിൽ അവശേഷിച്ചിരുന്ന ആരിയൻപാഷണ്ഡതയേയും അവർ നിർമ്മാർജ്ജനം ചെയ്തു. ഈ കാലഘട്ടത്തിനുശേഷം ഫ്റാങ്കുകളുടെ ഭരണത്തിൻ കീഴ് ഗാൾപ്രദേശം മുഴുവനിലും കത്തോലിക്കാവിശ്വാസം സുസ്ഥാപിതമായി. ഫ്റാങ്കുകളുടെ ആധിപത്യം ആധുനികജർമ്മനിയെ ഉൾക്കൊള്ളുന്ന പ്രദേശത്തേക്കു വ്യാപിച്ചതോടുകൂടി അവിടേയും കത്തോലിക്കാവിശ്വാസത്തിനു് പ്രചാരവും പ്രാബല്യവും ലബ്ധമായി. അങ്ങനെ ക്ലോവിസിന്റെ മാനസാന്തരം ഫ്റാങ്കുവർഗ്ഗക്കാരുടെ മാത്രമല്ല ഇതര ജർമ്മൻവർഗ്ഗങ്ങളുടേയും മാനസാന്തരത്തിനും കത്തോലിക്കാവിശ്വാസത്തിന്റെ പ്രചാരത്തിനും വഴിതെളിക്കുകയുണ്ടായി. അക്കാരണത്താൽ തിരുസ്സഭാചരിത്രത്തിലെ ഒരു അതിപ്രധാനസംഭവമായി അതു പരിഗണിക്കപ്പെടുന്നു.




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
താമസിച്ചതിനു ക്ഷമാപണം.
ത്രേസ്യാമ്മ ഡി. മുഞ്ഞനാട്ടു് തുടങ്ങനാട്ടു്.

ആറാംശതാബ്ദത്തിന്റെ മദ്ധ്യഘട്ടമായപ്പോഴേക്കും ഗാൾപ്രദേശം മുഴുവൻ കത്തോലിക്കാവിശ്വാസത്തിനു് അധീനമായിത്തീർന്നതായി മേൽപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗാളിനും പുറമെ ഐർലണ്ടിലും ഇംഗ്ലണ്ടിന്റെ ഒരു ഭാഗത്തും കത്തോലിക്കാവിശ്വാസം അന്യൂനമായി നിലനിന്നിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ യൂറോപ്പിലെ ഇതരപ്രദേശങ്ങളെല്ലാംതന്നെ ഒന്നുകിൽ ആരിയൻ പാഷണ്ഡപക്ഷക്കാരായ ഭരണാധിപന്മാർക്കു കീഴടങ്ങിയിരിക്കയോ അല്ലെങ്കിൽ ബഹുദേവമതമാകുന്ന അന്ധകാരത്തിൽ ആണ്ടുകിടക്കുകയോ ആയിരുന്നു. കാലാന്തരത്തിൽ ഈ പ്രദേശങ്ങളുടെ മാനസാന്തരം സാധിച്ചതു് വി. പാട്രിക്കിന്റെ (St. Patrick) ശിഷ്യന്മാരും, മഹാനും വിശുദ്ധനുമായ ഗ്രിഗരി മാർപ്പാപ്പായും, വി. ബനദിക്തോസിന്റെ സഭയിൽപ്പെട്ട സന്യാസികളുമാണു്. തിരുസ്സഭയുടെ വീരസന്താനങ്ങളായ ഈ പ്രേഷിതവര്യന്മാരുടെ ചരിത്രമാണു് ഇനിയും പഠിക്കേണ്ടിയിരിക്കുന്നതു്.

## പ്രത്യേക അറിയിപ്പ്

ഏജൻറുമാർ പത്രവില എപ്പോഴും ആപ്പീസിൽ മുൻകൂർ അടയ്ക്കണമെന്നാണല്ലോ ഏജൻസിനിയമം. എന്നാൽ ചില പത്രവായനക്കാർ സംഖ്യ അടയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിക്കാത്തതിനാൽ ഏജൻറുമാർക്കു ടി. നിയമം പാലിച്ചുകൊണ്ടുപോകുന്നതിനു് വിഷമമായിരിക്കുന്നുവെന്നും, ആകയാൽ അങ്ങിനെയുള്ള പത്രവായനക്കാരുടെ ശ്രദ്ധയ്ക്കായി വിവരം പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടപ്രകാരം ഇതു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. ഏജൻറുമാരിൽനിന്നും പത്രം വാങ്ങുന്ന ആളുകൾ, തങ്ങൾ കൊടുക്കേണ്ട സംഖ്യ യഥാസമയം അടച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം പത്രം യഥാസമയം വിതരണം ചെയ്യാൻ സാദ്ധ്യമാവുന്നതല്ലെന്നും ഉള്ള വിവരം ടി. വരിക്കാരുടെ അറിവിലേക്കായി ഏജൻറുമാരുടെ പേർക്കു പൊതുവിൽ അറിയിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ളൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1



ആത്മകഥാകഥനം

# ഡോ. ജോസഫ് യങ്ങ്

(പി. വി. ജോസഫ്)

ഞാൻ കത്തോലിക്കനായതോടെ എന്റെ പരിവർത്തനഹേതു ആരാഞ്ഞുകൊണ്ടു് ശതക്കണക്കിനു എഴുത്തുകൾ എനിക്കു ലഭിച്ചു. വർത്തമാനപ്പത്രങ്ങൾ എന്റെ മാനസാന്തരവാർത്ത പരസ്യപ്പെടുത്തിയതുകൊണ്ടാണു് എന്നിൽ ലോകം ഇത്രയധികം താല്പര്യം പ്രദർശിപ്പിച്ചതു്. "കുക്ളുസ് ക്ലാൻ" സംഘടനയുടെ ചാപ്ലിൻ എന്ന നിലയിൽ അമേരിക്കയുടെ ഒട്ടുമിക്ക ഭാഗങ്ങളിലും ഞാൻ സഞ്ചരിക്കുകയും അവിടങ്ങളിലെ ജനങ്ങളുമായി സമ്പർക്കം പുലർത്തുകയും ചെയ്തിരുന്നു. തന്മൂലം എന്റെ മാനസാന്തരം അനേകരുടെ ശ്രദ്ധയെ ആകർഷിച്ചതിൽ വിസ്മയിപ്പാനില്ലല്ലോ.

അമേരിക്കയിലെ ടെക്സാസു് എന്ന സ്ഥലമാണു് എന്റെ ജന്മഭൂമി. എന്റെ ബാല്യകാലം ചെലവഴിച്ചതും അവിടെയായിരുന്നു. ഒരു ബാപ്റ്റിസ്റ്റ് പുരോഹിതനായിരുന്നു എന്റെ പിതാവു്. ടെക്സാസിലും സമീപപ്രദേശങ്ങളിലും ചുററിസഞ്ചരിച്ചു് അദ്ദേഹം മതപ്രസംഗങ്ങൾ നടത്തിയിരുന്നു. എന്റെ പിതാവിനെ അനുകരിച്ചു ഞാനും ഒരു വൈദികനായി. സിറാക്രൂസിലെ "എമ്മാനുവേൽ ബാപ്റ്റിസ്റ്റ്" പള്ളിയിൽവച്ചാണു് ഞാൻ അഭിഷിക്തനായതു്. ഏതാനും മാസങ്ങൾ പ്രസ്തുത പള്ളിയിൽത്തന്നെ സേവനമനുഷ്ഠിച്ചു. അതിനുശേഷം ബോസ്റ്റണിലുള്ള ട്രെമോണ്ടു് പള്ളിയിലെ അസിസ്റ്റൻറായി. പിന്നീടു് ജേർസിയിലെ പല ബാപ്റ്റിസ്റ്റ് പള്ളികളിലും ഞാൻ ജോലിനോക്കിയിട്ടുണ്ടു്.

ഏതാനും സംവത്സരങ്ങൾക്കു മുമ്പു് ന്യൂയോർക്കിലെ ബാപ്റ്റിസ്റ്റ് പുരോഹിതസമാജത്തിൽ ഒരംഗമായിരുന്നു ഞാൻ. ഈ സമാജത്തിന്റെ തിങ്കളാഴ്ചതോറുമുള്ള സമ്മേളനരംഗം മാഡിസൺ അവന്യൂവിലെ ഒരു ദേവാലയമായിരുന്നു. ഈ സമാജത്തിൽ ഫണ്ടമെൻറലിസ്റ്റ്, മോഡേണിസ്റ്റ് എന്നു രണ്ടു വിഭാഗക്കാരുണ്ടായിരുന്നു. ഫണ്ടമെൻറലിസവും മോഡേണിസവുമായിരുന്നു വാദവിഷയങ്ങൾ. ക്രിസ്തു പഠിപ്പിച്ച തത്വങ്ങൾ യാതൊരു മാററവും കൂടാതെ നടപ്പിൽ വരുത്തണമെന്നു് ഫണ്ടമെൻറലിസ്റ്റുകാരും, അതു ഇപ്പോൾ സ്വീകാര്യമല്ലെന്നു മോഡേണിസ്റ്റുകാരും വാദിച്ചു ഇവരുടെ വാദകോലാഹലങ്ങളും മതമാത്സര്യങ്ങളും ബാപ്റ്റിസ്റ്റ്സഭയെ നാൾക്കുനാൾ ക്ഷയിപ്പിച്ചുകൊണ്ടിരുന്നു.

ഒരു ഫണ്ടമെൻറലിസ്റ്റായിരുന്ന എന്നെ ഇതു വളരെ ക്ഷോഭിപ്പിച്ചു. ഞാൻ സത്യാന്വേഷണം ആരംഭിക്കുകയും ഒടുവിൽ ഈ തീരുമാനത്തിൽ എത്തിച്ചേരുകയുംചെയ്തു. തനിക്കുതന്നെ എതിരായി ഭിന്നിക്കുന്ന ഭവനം നിലനിൽക്കുകയില്ല. ഒന്നുകിൽ അവർ (മോഡേണിസ്റ്റുകാർ) ദൈവത്തിൽനിന്നുള്ളവരാണു്. അല്ലെങ്കിൽ അവർ ദൈവത്തിനെതിരാണു്. എന്നാൽ മോഡേണിസത്തിനും യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും തമ്മിൽ പൊരുത്തമില്ല. അതുകൊണ്ടു് അവർ ദൈവത്തിനെതിരാണു്.

ബാപ്റ്റിസ്റ്റ്സഭയുടെ ഈ ഭിന്നിപ്പു് ന്യൂയോർക്കിൽ മാത്രമേയുള്ളോ എന്നു ഞാനന്വേഷിച്ചു ഒടുവിൽ എനിക്കു മനസ്സിലായി ഈ സഭ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം ഭിന്നിപ്പും തർക്കങ്ങളുമുണ്ടെന്നു്. ഇങ്ങനെ കുഴപ്പം പിടിച്ച ബാപ്റ്റിസ്റ്റ്സഭയോടു് "സലാം"പറഞ്ഞു ഞാൻ വീട്ടിലേക്കു പോന്നു. പ്രത്യേകമായി ഒരു സഭയിലും ചേരാതെ മനസ്സാക്ഷിക്കൊത്തവിധം ദിവ്യനാഥനെ ശുശ്രൂഷിച്ചുകൊണ്ടു് ജീവിതശിഷ്ടം ചെലവഴിക്കുവാൻ ഞാൻ തീരുമാനിച്ചു.

എങ്കിലും സത്യാന്വേഷണം ഞാൻ തുടർന്നുവന്നു. പ്രാർത്ഥനയിലും ധ്യാനത്തിലുമാണു് അധികസമയവും ഞാൻ ചെലവഴിച്ചതു്. എല്ലാ പ്രോട്ടസ്റ്റൻറു് സഭകളുടേയും ഭരണക്രമങ്ങളും തത്വസംഹിതകളും ഞാൻ സശ്രദ്ധം പരിശോധിച്ചുനോക്കി. ഒടുവിൽ കത്തോലിക്കാസഭയെപ്പററി പഠിക്കാൻതുടങ്ങി. അപ്പോൾ എനിക്കു മനസ്സിലായി കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളും ആചാരക്രമങ്ങളും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒന്നുതന്നെയാണെന്നു്; അതിൽ യാതൊരു ഭിന്നിപ്പുമില്ല; അതു് ഒരു വിശ്വമഹാകുടുംബമാകുന്നു; അതിലെ കൂദാശകളും ഭരണക്രമങ്ങളും എവിടേയും ഒന്നുതന്നെ; അതിലെ അംഗങ്ങൾ ഒരു ഭവനത്തിലെ സഹോദരീസഹോദരന്മാരെപ്പോലെ ജീവിക്കുന്നു എന്നെല്ലാം. എന്നിരുന്നാലും എന്നിൽ പ്രബലമായ രണ്ടു സംശയങ്ങൾ മുന്നിട്ടുനിന്നു: പുരോഹിതന്റെ പാപമോചനാധികാരം; തിരുസഭയിൽ പ. കന്യകമറിയത്തിനുള്ള സ്ഥാനം.

ദൈവത്തിനു മാത്രമേ പാപമോചനാധികാരമുള്ളുവെന്നാണു് ഞങ്ങൾ പരമ്പരാഗതമായി പഠിച്ചിട്ടുള്ളതു്. കത്തോലിക്കാസഭയുടെ പഠനത്തിനു് അടിസ്ഥാനമായ ഏതെങ്കിലും തെളിവു വേദപുസ്തകത്തിലുണ്ടോ എന്നു് ഞാൻ അന്വേഷിച്ചു. വി. യോഹന്നാന്റെ സുവിശേഷം XX, 22, 23-ൽ ഇപ്രകാരം കണ്ടു: "ഇവ അരുളിച്ചെയ്തിട്ടു് അവൻ അവരുടെമേൽ ഊതി, അവരോടു്: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും; ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടുകയുംചെയ്യും."

പുരോഹിതന്റെ പാപമോചനാധികാരത്തിന്റെ ആധാരം ഇതാണെന്നു എനിക്കു മനസ്സിലായി. അകത്തോലിക്കരായിരുന്ന പല ദൈവശാസ്ത്രപണ്ഡിതന്മാരുമായി ഇതുസംബന്ധിച്ചു ഞാൻ ചർച്ചകൾനടത്തി. അവരുടെ വ്യാഖ്യാനം യുക്തിയുക്തങ്ങളായിരുന്നില്ല. വൈദികരുടെ പാപമോചനാധികാരം യഥാർത്ഥമാണെന്നു വ്യക്തമായി. ക്രിസ്തുനാഥൻ ഈ അധികാരം നിരുത്തൽ ചെയ്തതായി യാതൊരറിവുമില്ല. ഈ അധികാരം പരമ്പരാഗതമായി മെത്രാന്മാർക്കും പുരോഹിതന്മാർക്കും ലഭിക്കുന്നു. ശ്ലീഹന്മാരുടേയും മെത്രാന്മാരുടേയും വൈദികരുടേയും പാപമോചനാധികാരത്തിൽ ഞാൻ വിശ്വസിച്ചു.

എന്നെ അലട്ടിയ രണ്ടാമത്തെ വിഷയം പ. കന്യകമറിയാമിനെപ്പററി കത്തോലിക്കാസഭ നൽകുന്ന പ്രബോധനങ്ങളാണു്. പരിശുദ്ധ കന്യകമറിയം ക്രിസ്തുവിന്റെ യഥാർത്ഥ മാതാവാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. തന്റെ ഇഹലോകജീവിതം അവസാനിക്കാറായപ്പോൾ ക്രിസ്തുനാഥൻ മനുഷ്യവർഗ്ഗത്തിനു മാതാവും മദ്ധ്യസ്ഥയുമായി മറിയത്തെ നൽകി. അതിനാൽ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം സംശയാതീതമാണു്; മനുഷ്യവർഗ്ഗത്തിന്റെ നേർക്കു അവിടുത്തേക്കുള്ള മാതൃസഹജമായസ്നേഹം സർവ്വസമ്മതവുമാണു്. പാപങ്ങളെപ്പററി യഥാർത്ഥമായി മനസ്തപിക്കുക, ഈ അമ്മയുടെ മാദ്ധ്യസ്ഥശക്തിയിൽ വിശ്വസിച്ചു് അപേക്ഷിക്കുക, തീർച്ചയായും അവിടുന്നു ദുഃഖങ്ങളിൽ സാന്ത്വനവും മരണസമയത്തു അഭയവും സഹായവുംനൽകും.

കഴിഞ്ഞ കുറേ വർഷങ്ങളായി വളരെയധികം മാനസികാസ്വസ്ഥതകൾ ഞാനനുഭവിച്ചു. എന്റെ മനശ്ചാഞ്ചല്യത്തിൽ മററുള്ളവർ സംശയാലുക്കളായി. അഭിപ്രായങ്ങൾ വിമർശനങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചു് പല കത്തോലിക്കാ വൈദികരുമായി ഞാൻ സംഭാഷണങ്ങൾ നടത്തി. തത്ഫലമായി എനിക്കു ബോധ്യപ്പെട്ടു കത്തോലിക്കാസഭയിൽ പ്രവേശിക്കുക മാത്രമാണു് രക്ഷാമാർഗ്ഗമെന്നു്. കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന്റെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്നു് ഞാൻ മുൻകൂട്ടിക്കണ്ടു. ഞാൻ പലരാലും തെററിദ്ധരിക്കപ്പെടുമെന്നു എനിക്കു മനസ്സിലായി.

ഞാൻ കത്തോലിക്കാസഭയിൽ ചേരുന്നതിനു മുമ്പു 'ജേർസി' സിററിയിലെ സെൻറു് ഐഡൻ പള്ളി വികാരിയായ റവ. ജോൺ പി. സള്ളിവനുമായി പല പ്രാവശ്യം സംഭാഷണങ്ങൾ നടത്തി. സുദീർഘമായ ആലോചനയ്ക്കുശേഷം കത്തോലിക്കാസഭയിൽ പ്രവേശിക്കണമെന്നു് ഞാൻ ദൃഢനിശ്ചയം ചെയ്തു. പുതിയ വിശ്വാസത്തിൻകീഴു് എന്റെ ചുമതലകൾ ശരിയായി നിർവഹിക്കുവാനാവശ്യമായ അനുഗ്രഹം ഞാൻ ദൈവത്തോടഭ്യർത്ഥിച്ചു. 1948 മേയ് 8-ാംതീയതി ഞാൻ (സംശയത്തിൻകീഴ്) മാമ്മോദീസാസ്വീകരിച്ചു. അന്നുതന്നെ കുമ്പസാരിച്ചു് വി. കുർബാന ഉൾക്കൊണ്ടു. അന്നു ഞാൻ ഒരു രോഗിയായിരുന്നു. രോഗം അപകടകരമായ നിലയിലായിരുന്നതിനാൽ അന്ത്യലേപനവും സ്വീകരിച്ചു. എന്റെ രോഗം ഏതാനും മാസങ്ങൾക്കുള്ളിൽ ഭേദമാകുകയും 1948 ഒക്ടോബർ 17-ാംതീയതി ന്യൂയോർക്കിലെ സഹായമെത്രാനിൽനിന്നു സ്ഥൈര്യലേപനം സ്വീകരിക്കുകയും ചെയ്തു.

ഞാൻ അതിയായി ആഗ്രഹിക്കുന്നു എന്റെ ഈ അനുഭവം സർവ്വരോടുംകൂടെ വിളംബരം ചെയ്യുവാൻ. അൻപതുകൊല്ലത്തെ അന്വേഷണത്തിനുശേഷം അറുപത്താറാമത്തെ വയസ്സിൽ കത്തോലിക്കാസഭയിൽ ഞാൻ ആശ്വാസം കണ്ടെത്തി. യാതൊരു സഭയേയും നശിപ്പിക്കണമെന്നോ അവഹേളിക്കണമെന്നോ എനിക്കുദ്ദേശ്യമില്ല. പക്ഷേ, കത്തോലിക്കാസഭയാണു് സത്യസഭ എന്ന സത്യം മറച്ചുവയ്ക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. തിരുസഭയിൽ ഈശോയെ വാഴ്ത്തിക്കൊണ്ടു് ജീവിതശിഷ്ടം ചെലവഴിക്കുവാൻ ഞാൻ തീർച്ചയാക്കിയിരിക്കുകയാണു്.

സത്യമതം ഏതെന്നു് സംശയിക്കുന്നവരോടു് സുദീർഘമായ അനുഭവത്തിൽനിന്നു ഇതാണു് എനിക്കു പറയുവാനുള്ളതു്: നിങ്ങൾക്കു് ഇഷ്ടമുള്ള ഒരു കത്തോലിക്കാവൈദികനെ സമീപിക്കുക, യാതൊരു മുൻവിധിയും കൂടാതെ ശിശുസഹജമായ നിഷ്കളങ്കതയോടെ അദ്ദേഹത്തിൽനിന്നു മതകാര്യങ്ങൾപഠിക്കുക, ആദ്ധ്യാത്മികപ്രകാശം ലഭിക്കുവാൻ പ്രാർത്ഥിക്കുക, ലഭിക്കുന്ന കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിക്കുക, ബാക്കിഎല്ലാം ദൈവതിരുമനസ്സിനു് വിട്ടുകൊടുക്കുക. "അന്വേഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും." ദൈവം നിങ്ങളെ സ്നേഹിക്കട്ടെ.

—o—

തെക്കാട്ടു് മൂസ്സ് വക.

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

## നീർവീഴ്ച്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശസ്സും) മൂലം ഉദരത്തിലുള്ള വായുവിന്റെ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സു് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, ആതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സു്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതിക്കുകയും ചെയ്യുമ്പോഴാണു് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പു്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പു്, വായ, മൂക്കു്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പു്, കുരു, നീരു്, കുഷ്ഠം മുതലായവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണു്. ഉഷ്ണാധിക്യത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണു് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധിക്യത്തിൽ നിന്നാണു് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലോ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണു് പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണു്.

### നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിന്റെ ദൃഷ്ടാന്തമാണു് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാദ്യതൈലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശസ്സു് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

### നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കാത്ത നിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമോ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പു്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, മുളകു്, പുളി, എരിവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററ അന്നപാനങ്ങളേയും, പ്രവൃത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദ്യതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണു്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2–0–0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4–0–0 |
| ശാരിബാദ്യതൈലം 18 ഔൺസ് കുപ്പി 1ക്ക് | 3–0–0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, കോയമ്പത്തൂർ, പാലക്കാട്ടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.

## വിനോദവീഥി



"നോക്കടാ രാമു, അടിനിരോധനബിൽ പാസ്സായിപ്പോയി. ഇനി ക്ലാസിലും വീട്ടിലും അടികൊള്ളണ്ടാ."

x x x



"ചെറുപ്പത്തിലേ വല്ല സ്കൂളിലും പോയി പഠിച്ചിരുന്നെങ്കിലീ ചുമട്ടു ചുമക്കേണ്ടായിരുന്നോടൊ തനിക്കു്?"

"ഞാൻ എം. എ. പാസായിട്ടേ ഉള്ളു സാർ."

Reg. No. M. 2295

# Sathya Deepam

Vol. 29 Ernakulam, September 14, 1955 No. 6

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്കു് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കഴിഞ്ഞ ദിവസം കുഞ്ഞുഡോമിനി എങ്ങനെ ബാലഗണത്തിൻെറ നേതാവായി എന്നു പറഞ്ഞു. നേതൃത്വം ഏതു തുറയിലായാലും കുറെയൊക്കെ അഭികാമ്യമാണു്. എന്നാൽ കഴിഞ്ഞ രംഗത്തിൽ നാം കണ്ട ചിത്രങ്ങൾ സാധാരണ ബാലികാബാലന്മാർക്കു അത്ര അഭികാമ്യമായ ഒരു ജീവിതവശമല്ല കാണിക്കുന്നതു്. ഡോമിനി കൂട്ടുകാർ സൂക്ഷമില്ലാതെ ചിതറിക്കളഞ്ഞ അപ്പക്കഷണങ്ങൾ പെറുക്കി തിന്നുന്നു. കിടക്കയിൽ കല്ലുകൾ വിരിച്ചു അതിന്മേൽ കിടന്നു തപസ്സു ചെയ്യുന്നു. രോഗക്കിടക്കയിൽകിടന്നു സഹിക്കുന്നു. ഇതുപോലെ നമ്മുടെ ജീവിതവും നല്ലതാകണമെങ്കിൽ ആശാനിഗ്രഹം, തപസ്സു്, സഹനമനോഭാവം മുതലായ പരിപാടികൾ കൂടാതെ സാദ്ധ്യമല്ല.

വല്യേട്ടൻ.




### 38-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

1. സംഖ്യ = 83
2. എൻെറപേർ = കുട

### പ്രശ്നം നമ്പ്ര് 39

(ജോസ് ജോർജ്ജ് മാമ്പിള്ളി, ഞാറയ്ക്കൽ)

ഒരു സമചതുരത്തെ 16 സമചതുരത്തിലുള്ള കളങ്ങളായി തിരിക്കുക. ഓരോ കളത്തിലും 1 മുതൽ 16 വരെ അക്കങ്ങളെഴുതുക. ഒരക്കം ഒരു പ്രാവശ്യമേ എഴുതാവൂ. നെടുകേയോ, കുറുകേയോ, കോണോടുകോണോ കൂട്ടിയാൽ 34 എന്നു കിട്ടണം.

(ഉത്തരം അടുത്തതിൽ)

## നമ്മുടെ ബാലരംഗം

(വല്യേട്ടൻ)

ബാലരംഗം ഒരു സംഘടനയാക്കണമെന്നും അതിൽ അംഗങ്ങളെ ചേർക്കണമെന്നും ഈ രംഗം തുടങ്ങിയ നാൾമുതൽ കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും മുറവിളി കൂട്ടാൻതുടങ്ങി. സാവകാശത്തിൽ വേണ്ട ആലോചനകളെല്ലാം നടത്തി വല്യേട്ടൻ അതിനൊരു പദ്ധതിയും ഉണ്ടാക്കി സമർപ്പിച്ചിരിക്കുകയാണു്. ഇനിയും അതേപ്പററി പല അന്വേഷണക്കത്തുകളും ദൈനംദിനമെന്നവണ്ണം കിട്ടിക്കൊണ്ടിരിക്കുന്നു. ആ സംശയങ്ങളെല്ലാം പരിഹരിക്കാനാണു് ഈ കുറിപ്പു്.

1. ബാലരംഗത്തിൽ ആർക്കെല്ലാം അംഗമായി ചേരാം?—16 വയസ്സു കഴിയുന്നതുവരെ എല്ലാ ബാലികാബാലന്മാർക്കും; ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും—ഇത്രയുമാണു പറഞ്ഞിരുന്നതു്. അതിനു ഒരു വ്യത്യാസം ഇപ്പോൾ വരുത്തുന്നുണ്ടു്, കാരണം ബാലികാബാലന്മാർക്കായുള്ള ഇടവകകളിലെ ഭക്തസംഘടനകളിൽ അംഗങ്ങളായിരിക്കുന്ന പലരും ബാലരംഗത്തിൽ ചേരുന്നതിനപേക്ഷിക്കുന്നു. അവർ മേൽപ്പറഞ്ഞ ഗണങ്ങളിൽ പെടുന്നുമില്ല. അതുകൊണ്ടു് അവരുടെ അപേക്ഷകളേയും ആഗ്രഹത്തേയും പരിഗണിച്ചു്, ഇടവകകളിലെ ബാലികാബാലന്മാർക്കായുള്ള സംഘടനകളിലെ പ്രവർത്തകാംഗങ്ങളെക്കൂടി ബാലരംഗത്തിൽ ചേർക്കുന്നതാണു്.

2. അംഗമാകാനുള്ള വ്യവസ്ഥയെന്തു്?—ബാലരംഗത്തിലെ ഓരോ അംഗവും നമ്മുടെ മദ്ധ്യസ്ഥനായ ഡോമിനിക്കു സാവിയോയെ അനുകരിക്കുന്നതിനു സന്നദ്ധതയുള്ള ആളായിരിക്കണം. അതിനുവേണ്ടിയാണു് അതിനൊരടയാളമെന്നവണ്ണം നമ്മുടെ സത്യദീപപ്രചാരണത്തെ ഒരു വ്യവസ്ഥയാക്കിയിരിക്കുന്നതു്. ഓരോ അംഗവും അംഗമായി സ്വീകരിക്കപ്പെടുന്നതിനു സത്യദീപത്തിനു ഒരു വരിക്കാരനെ ചേർക്കണം. പ്രതിവർഷം ഒരാളുടെ വരിസംഖ്യ കൊടുപ്പിച്ചു് അയാൾ വരിക്കാരനായി തുടരുവാൻ ഇടയാക്കണം. ഈ വ്യവസ്ഥ പലർക്കും ശരിയായി മനസ്സിലായിട്ടില്ല എന്നാണു് പല എഴുത്തുകൾകൊണ്ടും മനസ്സിലാകുന്നതു്. ചില വിശദീകരണങ്ങൾ ആവശ്യവുമാണു്. ഒന്നാമതായി പത്രം ഏജൻസിവഴിക്കാണു് പല സ്ഥലത്തും വിതരണം നടക്കുന്നതു്. അപ്പോൾ എങ്ങനെ അവിടെ വരിക്കാരെ ചേർത്തു പണമയക്കാൻ സാധിക്കും? രണ്ടാമതായി ഒരാണ്ടത്തെ വരിസംഖ്യ വാങ്ങി അയക്കണമെന്നാണല്ലോ വ്യവസ്ഥ; ഒരാണ്ടത്തെ വരിസംഖ്യ ഒന്നിച്ചു തരാൻ സൗകര്യമില്ലാത്ത ഒരാളെ ചേർത്താൽ എന്തു ചെയ്യണം? മൂന്നാമതു്, ചില സ്ഥലങ്ങളിൽ മിക്കവാറും എല്ലാ വീടുകളും പത്രമെടുക്കുന്നുണ്ടു്; അവിടെ പുതിയ വരിക്കാരെ എങ്ങനെ ചേർക്കാൻ സാധിക്കും? ഇങ്ങനെ പോകുന്നു സംശയങ്ങൾ. ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ട ഒരു കാര്യം ഓരോ ബാലരംഗാംഗവും സത്യദീപത്തിൻെറ ഒരു പ്രചാരകനായിരിക്കണമെന്നുള്ളതാണു്. അതുകൊണ്ടു് അംഗമാകുവാൻ ഉദ്ദേശിക്കുന്ന ആൾ ഒരു പത്രം ചിലവാക്കണം. അതു ഏജൻസി വഴി ഏജൻറിനോടു സഹകരിച്ചോ, ആപ്പീസിൽനിന്നു സ്വീകരിച്ചിട്ടുള്ള തവണകളായി—ആണ്ടുവട്ടത്തെ വരിസംഖ്യ ഒന്നിച്ചടച്ചോ, രണ്ടോ നാലോ തവണകളിലായി മുൻകൂറടച്ചോ—വരിസംഖ്യയടച്ചോ നിർവ്വഹിക്കുന്നതിൽ വല്യേട്ടനു യാതൊരു നിർബന്ധവുമില്ല. അംഗത്തിൻെറ വരിക്കാരൻ പത്രം മുടക്കാതെ വാങ്ങിക്കുവാൻ അംഗം ജാഗരൂകനായിരിക്കണം, അത്രേയുള്ളു. മററു കാര്യങ്ങളെല്ലാം എല്ലാവർക്കും വിശദമാണെന്നു കരുതുന്നു. ബാലരംഗത്തിൽ അംഗമായി ചേരുന്നതിനയക്കേണ്ട അപേക്ഷയുടെ ഒരു മാതൃക താഴെ ചേർക്കുന്നു.

### ബാലരംഗത്തിൽ അംഗമായി ചേരുന്നതിനുള്ള അപേക്ഷാഫോറം

1. പേരു്—
   അപ്പൻെറ പേരു്—
   വീട്ടുപേരു്—
   ഇടവക—
2. വയസ്സു്—
   (16 വയസ്സിനു മേലെങ്കിൽ) പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ— or ഏതു ഭക്തസംഘടനയുടെ അംഗം—
3. വരിക്കാരനായി ചേർത്ത ആളുടെ മേൽവിലാസം—

വല്യേട്ടാ,

സത്യദീപത്തിലെ ബാലരംഗത്തിൽ അംഗമായി ചേരുന്നതിനുള്ള വ്യവസ്ഥകൾ ഞാൻ നിറവേററിയിരിക്കുന്നതിനാൽ എന്നെ നിയമപ്രകാരം അംഗമായി സ്വീകരിക്കണമെന്നപേക്ഷ.

ഞാൻ ചേർത്ത വരിക്കാരൻെറ വരിസംഖ്യ സത്യദീപം ആപ്പീസിലേക്കയച്ച മണിഓർഡർ രശീതി—അല്ലെങ്കിൽ—എൻെറ ശ്രമത്താൽ വരിക്കാരനായി ഏജൻറിൽനിന്നു പത്രമെടുക്കുന്നതു സംബന്ധിച്ചു് ഏജൻറിൻെറ കുറിപ്പു ഇതുസഹിതം അയച്ചുകൊള്ളുന്നു.

(ഒപ്പു്)

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1